H 554
F 162/2
78

# മഹൽകൃത്യമഞ്ജരി

ഒന്നാം ഭാഗം

GOVERNMENT OF TRAVANCORE COCHIN STATE ... TEXT BOOK ...

PILO PAUL B. A.

THE KADAVIL PUBLISHING HOUSE,
THYCAUD : : TRIVANDRUM.

[ Price As. 12.

F162/2
78

# മഹൽകൃത്യമഞ്ജരി.

ഒന്നാം ഭാഗം

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL

പൈലൊ പോറം, ബി. എ.

സംഗ്രഹിച്ചെഴുതിയതു്.

9405
558

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

Printed at the V. V. Press, Quilon.

1951

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

SREE KRISHNA VILASOM GRANDHASALA



H.558

Pilo Paul B. A.

# വിഷയവിവരം.


| | |
|---|---|
| അവതാരിക .... .... .... | 1 |
| ഗുരുഭക്തനായ വണ്ടിക്കാരൻ (ഇൻഡ്യ) ... | 5 |
| സ്വാർത്ഥചിന്തയില്ലാത്ത രോഗിണി (ഇംഗ്ലണ്ടു്).... | 15 |
| ധീരയായ ധീവരബാലിക (സ്കോട്ട്ലണ്ടു്) ... | 18 |
| വിശ്വസ്തയായ ധാത്രി (ഇൻഡ്യ) ... | 22 |
| പ്രതികാരേച്ഛുവായ അറബി (അറേബിയ) .... | 29 |
| ദീനദയാലുവായ പുരോഹിതൻ (ഫ്രാൻസ്) .... | 32 |
| സ്വയത്യാഗിയായ സഹോദരൻ (ഇംഗ്ലണ്ടു്) .... | 35 |
| നീതിതല്പരനായ ചക്രവർത്തി (ചൈന) .... | 49 |
| ധീരനായ കൃഷീവലൻ (ഇററലി) .... | 53 |
| നിർഭയയായ മഹാരാജ്ഞി (ഇൻഡ്യ) .... | 57 |
| പരോപകാരതല്പരനായ കൃഷിക്കാരൻ (ദക്ഷിണാഫ്രിക്ക) ... | 71 |
| അപകാരത്തിന്നുപകാരംചെയ്ത യോദ്ധാവു് (ഡെൻമാർക്ക്) .... | 75 |
| സ്വാമിഭക്തനായ ഇടയയുവാവു് (പാലസ്റ്റൈൻ) | 78 |
| കയ്യൊടിഞ്ഞ കന്യക (സ്കോട്ട്ലണ്ടു്) .... | 100 |
| സത്യമായിസ്നേഹിച്ച സഖാക്കൾ (സിസിലി) ... | 103 |



...SON GRANDHASALA ...ORUM ...YINKIL

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# മഹൽകൃത്യമഞ്ജരി.

KRISHNA VILASUM GRANDHASALA
MALAYINKIL

## അവതാരിക.

മഹൽകൃത്യം എന്നാൽ എന്തു്? നാം നമുക്കുതന്നെ എന്തു സംഭവിക്കുമെന്നു് ആലോചിക്കാതെയും നമുക്കുണ്ടാകാവുന്ന നഷ്ടമോ, വേദനയോ നാശമോ ചിന്തിക്കാതെയും അന്യന്റെ ഗുണം മാത്രം മുൻനിറുത്തിക്കൊണ്ടു ചെയ്യുന്ന പ്രവൃത്തിയാകുന്നു മഹൽകൃത്യം. സ്വാർത്ഥം നോക്കുന്ന ആളുകൾക്കു് മഹൽകൃത്യങ്ങൾ ചെയ്വാൻ സാധിക്കയില്ല. മഹൽകൃത്യങ്ങൾ ചെയ്യുന്നവരെ മനുഷ്യർ അഭിനന്ദിക്കയും പ്രശംസിക്കയും ചെയ്യാറുണ്ടു്. ചിലക്കു് ധനവും മാനവും ലഭിക്കാറുണ്ടു് എന്നാൽ യഥാർത്ഥത്തിൽ മഹൽകൃത്യങ്ങൾ ചെയ്വാൻ ഹൃദയപ്രേരണയുള്ളവർ "ഞാൻ ഈ കൃത്യം ചെയ്താൽ മനുഷ്യർ എന്നെ പുകഴ്ത്തുമോ? എനിക്കു കീർത്തിയുണ്ടാകുമോ? ബഹുമതികൾ ലഭിക്കുമോ?" എന്നു് ആലോചിക്കാറില്ല. കീർത്തിയും ലാഭവും ആഗ്രഹിക്കുന്നവർ അന്യക്കുവേണ്ടി ജീവനെ ഉപേക്ഷിക്കാനോ നഷ്ടം സഹിക്കാനോ സാധാരണയായി തയ്യാറായിരിക്കയില്ല. പ്രതിഫലം ഇച്ഛിച്ചു് ചെയ്യുന്ന പ്രവൃത്തികൾ മഹൽകൃത്യങ്ങൾ അല്ല.

യഥാർത്ഥവീരന്മാർ മഹൽകൃത്യങ്ങൾ ചെയ്യുന്നതു് അവർ തങ്ങളുടെ സാധാരണ പ്രവൃത്തികൾ ചെയ്യുന്നതുപോലെ ഹൃദയപ്രേരണമൂലം ആകുന്നു. "ഞങ്ങൾ ചെയ്യേണ്ടതു് ഞങ്ങളുടെ കഴിവുപോലെ ചെയ്തു. പ്രശംസയ്ക്കു ഞങ്ങൾക്കു് അർഹതയില്ല" എന്നാണു് അവരുടെ

അന്തർഗ്ഗതം. അവർ പ്രശംസയാകട്ടെ സ്ഥാനമാനങ്ങളാകട്ടെ പ്രതീക്ഷിക്കുന്നില്ല. യോദ്ധാക്കൾ യുദ്ധംചെയ്യുന്നതും ശാസ്ത്രജ്ഞന്മാർ യന്ത്രങ്ങൾ മുതലായതു കണ്ടുപിടിക്കുന്നതും വൻകാര്യങ്ങൾ തന്നെയാണ്. അവരുടെ പ്രവൃത്തികൾ പലപ്പോഴും ധനമോ, മാനമോ ഉദ്ദേശിച്ച് ചെയ്യുന്നവയായിരിക്കും. അവയ്യൂവരെ പ്രേരിപ്പിക്കുന്നതു് അവരുടെ ബുദ്ധിശക്തിയാകുന്നു. ഈ പുസ്തകത്തിൽ ബുദ്ധിശക്തിയുടെ പ്രേരണയാൽ ചെയ്യപ്പെടുന്ന വൻകാര്യങ്ങളെയല്ല മഹൽകൃത്യങ്ങൾ എന്നു പറയുന്നതു്. ഇതിൽ പ്രതിപാദിച്ചിട്ടുള്ളതു് ഹൃദയത്തിൻെറ പ്രേരണയാൽ ചെയ്തിട്ടുള്ള മഹൽകൃത്യങ്ങൾ ആകുന്നു. ലോകത്തിൻെറ സന്മാർഗ്ഗികോന്നതിയ്ക്കു് അങ്ങനെയുള്ള കൃത്യങ്ങളാണ് ആവശ്യം. കമ്പിയില്ലാ കമ്പിയും, മായാദീപകാഴ്ചകളും, മോട്ടോർ വാഹനങ്ങളും, വിമാനങ്ങളും ലോകത്തിൻെറ ഐശ്വര്യാഭിവൃദ്ധിക്കു സഹായമായിരിക്കാമെങ്കിലും സന്മാർഗ്ഗികോന്നതിക്കു് ആവശ്യമില്ല. ഭക്തി, സ്നേഹം, കരുണ, സഹതാപം, അനുകമ്പ എന്നീ ഗുണങ്ങളുടെ പ്രേരണയാൽ മതത്തിനു വേണ്ടിയോ, രാജ്യത്തിനുവേണ്ടിയോ, മററു മനുഷ്യക്കുവേണ്ടിയോ, ലോകത്തിൻെറ പൊതുവെയുള്ള ഗുണത്തിനുവേണ്ടിയോ ഒരാൾ തന്നത്താൻ മറന്നു് നഷ്ടമോ വേദനയോ രോഗമോ മരണംപോലുമോ അവഗണിച്ചു ചെയ്യുന്ന സൽപ്രവൃത്തികളാകുന്നു മഹൽകൃത്യങ്ങൾ. ഒരു കപ്പൽകാരൻ കപ്പലോടിക്കുന്നതും അഗാധസ്ഥലത്തു നീന്തുന്നതും ആശ്ചര്യകരങ്ങളായ പ്രവൃത്തികളായിരിക്കാം; എന്നാൽ മഹൽകൃത്യങ്ങളല്ല. എങ്കിലും അവൻ കാററും കോളും ഗണ്യമാക്കാതെ, സമുദ്രത്തിൽ വീണുപോയ ഒരു മനുഷ്യനെ രക്ഷിക്കാൻ അവൻെറ പിന്നാലെ സമുദ്രത്തിൽ ചാടുന്നതു് മഹൽകൃത്യമാകുന്നു. ശമ്പളം വാങ്ങുന്ന ഒരു പട്ടാളക്കാരൻ ഭയംകൂടാതെ ശത്രുസൈന്യത്തെ എതൃത്തു് അവ

PRESENTED BY:
SRI M. K. VASUDEVAN NAIR

രിൽ പലരെയും കൊല്ലുന്നതു് ഒരു വീരപ്രവൃത്തി ആയിരിക്കാം, മഹൽ കൃത്യം അല്ല. എന്നാൽ വെടികൊണ്ടു വീണുകിടക്കുന്ന ഒരു സഹഭടനെ ശത്രുക്കളുടെ ഇടയിൽ നിന്നു് അവരുടെ വെട്ടും കുത്തും അവഗണിച്ചുചെന്നു് എടുത്തുകൊണ്ടു പോരുന്നതു് ഒരു മഹൽകൃത്യമാകുന്നു. അഗ്നിബാധിച്ച ഒരു ഭവനത്തിന്നുള്ളിൽ അകപ്പെട്ടുപോയ ഒരു ശിശുവിനെ തനിക്കു സംഭവിക്കാവുന്ന അപത്തു വകവയ്ക്കാതെ ഒരുത്തൻ ആ ഭവനത്തിൽ കയറി കണ്ടുപിടിച്ചു എടുത്തുകൊണ്ടു പോരുന്നതു് ഒരു മഹൽകൃത്യമാകുന്നു. ഒരു സ്ഥലത്തു മഹാമാരി ഉണ്ടായിട്ടു് എല്ലാവരും പ്രാണരക്ഷയ്ക്കായി ഓടിപ്പോകുമ്പോൾ, ആ പകച്ചവ്യാധി ബാധിച്ചവരെ ചെന്നു ശുശ്രൂഷിക്കുന്നതും ആശ്വസിപ്പിക്കുന്നതും മഹൽകൃത്യങ്ങൾ ആകുന്നു. ഇങ്ങനെയുള്ള പ്രവൃത്തികൾ ചെയ്യുന്നവരിൽ സ്വാർത്ഥത്തിനു യാതൊരു സ്ഥാനവുമില്ല.

H-554

ബാലന്മാരുടെ സാന്മാർഗ്ഗികാഭ്യസനത്തിന്നു് ഉപദേശത്തേക്കാൾ ദൃഷ്ടാന്തമാണു് ഉത്തമം. വിശ്വവിശ്രുതമായ ഈസോപ്പിൻെറ നീതികഥകളുടേയും വിഷ്ണുശർമ്മാവിൻെറ ഹിതോപദേശകഥകളുടേയും അനേകശതാബ്ദകാലത്തെ പ്രചാരത്തിന്നു് ഈ തത്വമാകുന്നു കാരണം. ആ കഥകൾ കല്പിതകഥകളും അവയിലെ പാത്രങ്ങൾ പ്രായേണ പക്ഷിമൃഗാദികളും ആകുന്നു. അവയിലെ പക്ഷികളും മൃഗങ്ങളും മനുഷ്യരെപ്പോലെ സംസാരിക്കയും ആലോചിക്കയും പ്രവർത്തിക്കയും ചെയ്യുന്നു. എന്നാൽ സത്യം പറയണമെന്നു പഠിപ്പിക്കുന്നതിന്നു് ഒരു അസത്യദൃഷ്ടാന്തമാണോ ഉചിതം? കഥകൾ അസത്യമാണെന്നുള്ള ബോധം ഉണ്ടാകുമ്പോൾ ആ കഥകൾ പഠിച്ചതിൻെറ ഫലം ഇല്ലാതായ്പോകും. സത്യം പറയണമെന്നു പഠിപ്പിക്കുന്നതിന്നു് സത്യം പറയുന്നതിൻെറ

ഗുണമോ അസത്യം പറയുന്നതിൻെറ ദോഷമോ പ്രത്യക്ഷീകരിക്കുന്ന യഥാൎത്ഥ സംഭവങ്ങൾ തന്നെ ദൃഷ്ടാന്തങ്ങളായിരിക്കണം. നീതി, സ്നേഹം എന്നിത്യാദി ഗുണങ്ങൾ പഠിപ്പിക്കുന്നതിനും ദൃഷ്ടാന്തങ്ങൾ ഇങ്ങനെ യഥാൎത്ഥ സംഭവങ്ങൾ തന്നെ ആയിരിക്കണം.

ഇതുകൂടാതെ യഥാൎത്ഥ സംഭവങ്ങൾ ദൃഷ്ടാന്തങ്ങളായിരുന്നാൽ അങ്ങനെയുള്ള മഹൽകൃത്യങ്ങൾ തങ്ങൾക്കും ചെയ്വാൻ സാധിക്കും എന്നുള്ള ബോധവും വായനക്കാൎക്കുണ്ടാകും. ഈ പുസ്തകത്തിലെ ദൃഷ്ടാന്തങ്ങൾ ഏതു കാലത്തുള്ളവൎക്കും, ഏതു രാജ്യത്തുള്ളവൎക്കും, ഏതു സ്ഥിതിയിലുള്ളവൎക്കും, പുരുഷനും, സ്ത്രീക്കും, വൃദ്ധനും, ബാലനും, ധനവാനും, ദരിദ്രനും മഹൽകൃത്യങ്ങൾ ചെയ്വാൻ സാധിക്കുമെന്നു കാണിക്കുന്ന യഥാൎത്ഥ സംഭവങ്ങളാകുന്നു. അവരുടെ ഹൃദയം, സ്നേഹം, കരുണ, ഭക്തി, ദയ, സഹതാപം എന്നിത്യാദി ഗുണങ്ങൾ ഉള്ളവയായിരിക്കണം എന്നേയുള്ളു. ആവക ഗുണങ്ങൾ ലോകത്തിൽ വൎദ്ധിക്കുമ്പോൾ ലോകം സ്വൎഗ്ഗതുല്യമാകും.

9405

VI..SOM GRANDHA...
...ANDRUM

# ഗുരുഭക്തനായ വണ്ടിക്കാരൻ.

നാനക്ഷാ എന്നൊരാൾ ക്രിസ്ത്വാബ്ദം 1469-ാമാണ്ടു പഞ്ചാബിൽ ലാഹോർ എന്ന നഗരത്തിനു സമീപം ഒരു സ്ഥലത്തു ജനിച്ചു. ബാല്യം മുതലേ അദ്ദേഹം മതകാര്യങ്ങളിൽ താല്പര്യമുള്ളവനായിരുന്നു. എന്നാൽ അക്കാലത്തു് അവിടെ പ്രചാരത്തിലുണ്ടായിരുന്ന ഉപദേശങ്ങളും ആചാരങ്ങളും തനിക്കു് അനാശാസ്യമായി തോന്നുകയാൽ അദ്ദേഹം സത്യം അന്വേഷിച്ചു് ഒരു ഭിക്ഷുവായി ഇൻഡ്യയിൽ പല ദിക്കുകളിലും, പേർഷ്യാ, അറേബ്യാ മുതലായ വിദേശങ്ങളിലും സഞ്ചരിച്ചശേഷം, തന്റെ മുപ്പതാമത്തെ വയസ്സിൽ സ്വദേശത്തു മടങ്ങി എത്തി ഒരു പരിഷ്കൃതമതം പ്രസംഗിക്കാൻ തുടങ്ങി. ഒരു ദൈവമേയുള്ളു, ജാതിവ്യത്യാസം ഈശ്വര കല്പിതമല്ല, വിഗ്രഹാരാധന ദോഷത്വമാണു്, ഒരു ഉപജീവനമാർഗ്ഗമായി സന്യസിക്കുന്നതു് ജുഗുപ്സാവഹമാണു്, ഭക്തിയും വിശ്വാസവും പ്രവൃത്തിയിൽ കാണണം എന്നെല്ലാമായിരുന്നു അദ്ദേഹത്തിന്റെ ഉപദേശങ്ങൾ. ഈ ഉപദേശങ്ങൾ സ്വീകരിച്ചു് അദ്ദേഹത്തിന്റെ അനുചരന്മാരായി തീർന്നവരെ ശിഷ്യന്മാർ അല്ലെങ്കിൽ, ഇപ്പോഴത്തെ പ്രയോഗപ്രകാരം, ശിഖർ എന്നു വിളിച്ചുവരുന്നു.

എന്നാൽ അക്കാലത്തു് പരമതവിദ്വേഷം കഠിനമായിരുന്നതിനാൽ പുതിയമതങ്ങൾ പ്രസംഗിക്കുന്നവരും അനുസരിക്കുന്നവരും രാജാക്കന്മാരിൽ നിന്നുപോലും പീഡകൾ അനുഭവിക്കയും പലപ്പോഴും സ്വയരക്ഷയ്ക്കുതന്നെ യുദ്ധം ചെയ്കയും വേണ്ടിവന്നു. ഇങ്ങനെ മുഗൾ ചക്രവർത്തിയായ ബാബർ നാനക്കിനെ പിടിച്ചു തടവിലാക്കി. അനന്തരം ബാബറും നാനക്ഷായും തമ്മിൽ നടത്തിയ

കൂടിക്കാഴ്ചയിൽ നാനക്കിൻെറ ഉപദേശങ്ങളുടെ വൈശിഷ്ട്യംകണ്ടു് മഹാമനസ്കനായ ബാബർ അദ്ദേഹത്തെ സ്വതന്ത്രനാക്കിവിടുകയും യഥേഷ്ടം സഞ്ചരിച്ചു് തൻെറ ഉപദേശങ്ങൾ പ്രചരിപ്പിച്ചുകൊള്ളുന്നതിനു് അനുവദിക്കയും ചെയ്തു.

നാനക്ഷാ ആയിരുന്നു ശിഖരുടെ ഒന്നാമത്തെ ഗുരു. അഞ്ചാമത്തെ ഗുരുവായിരുന്ന അർജ്ജുനനെ ലാഹോരിലെ മുഗൾനാടുവാഴി ബന്ധനസ്ഥനാക്കി കൊന്നുകളഞ്ഞു. തന്നിമിത്തം അതുവരെ തങ്ങളുടെ മതപ്രചരണവേലയിൽ മാത്രം ബദ്ധശ്രദ്ധരായിരുന്ന ശിഖർ സ്വയരക്ഷയ്ക്കായി യുദ്ധവും പരിശീലിക്കുന്നതിന്നു നിർബന്ധിതരായി തീൎന്നു. അർജ്ജുനൻെറ പുത്രൻ ഹരിഗോവിന്ദൻ മുഗളരുമായുണ്ടായ യുദ്ധങ്ങളിൽ വിജയം പ്രാപിക്കയും അദ്ദേഹത്തിൻെറ കീഴിൽ ശിഖർ വിശ്രുതയോദ്ധാക്കളായി തീരുകയും ചെയ്തു.

ഹരിഗോവിന്ദൻെറ പുത്രൻ തേജ്ബഹദൂർ 1664-ൽ ശിഖരുടെ ഗുരുവും സൈന്യാധിപനും ആയി. 1674-ൽ മഹമ്മദീയർ അദ്ദേഹത്തെ ബന്ധനസ്ഥനാക്കി ഡെൽഹിയിലേക്കു കൊണ്ടുപോയി. അപ്പോഴത്തെ മുഗൾ ചക്രവൎത്തി സ്വമതഭ്രാന്തനായിരുന്ന അറംഗസീബ് ആയിരുന്നു. അറംഗസീബിൻെറ കയ്യിൽ അകപ്പെടുന്നവൎക്കു വിമോചനമുണ്ടാകയില്ലെന്നു മാത്രമല്ല, അവരോടു അറംഗസീബ് അതിക്രൂരമായി വൎത്തിക്കുമെന്നു നിശ്ചയമുണ്ടായിരുന്ന തേജ്ബഹദൂർ ഡെൽഹിയിലേക്കു പുറപ്പെടും മുമ്പേ തൻെറ ബാലനായ പുത്രൻ ഗോവിന്ദനെ വിളിച്ചു് അവനെ ഹരിഗോവിന്ദൻെറ ഖഡ്ഗം ധരിപ്പിച്ചു, കൊണ്ടു് ഇങ്ങനെ പറഞ്ഞു:—"മകനേ, ഈ ഖഡ്ഗം കൊണ്ടു് നിൻെറ പിതാമഹൻ നമ്മുടെ മതം സംരക്ഷി

ച്ചു. ആ സൽപ്രവൃത്തിക്കായി നീയും ഇതിനെ ഉപയോഗിച്ചുകൊള്ളണം. എൻെറ മരണം ആസന്നമായിരിക്കുന്നു. എന്നാൽ അതിനെ സംബന്ധിച്ചു് എനിക്കു ഖേദമോ ഭീതിയോ ഇല്ല. ഞാൻ ഈശ്വരനെയും നമ്മുടെ ഗുരുക്കന്മാരെയും വിശ്വസ്തതയോടെ സേവിക്കയും അവരുടെ ഹിതപ്രകാരം നന്മയ്ക്കായിമാത്രം യുദ്ധം ചെയ്കയും ചെയ്തിരിക്കുന്നു. നീയാകുന്നു ശിഖരുടെ ഇനിയത്തെ ഗുരുവും നായകനും. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു് നിൻെറ മതത്തെയും ജനത്തെയും പാലിച്ചുകൊള്ളണം”

ബാലൻ ഖഡ്ഗത്തിൻെറ പിടി പിടിച്ചുകൊണ്ടു വിനയത്തോടെ തലതാഴ്ത്തി പിതാവിൻെറ ആജ്ഞയെ സ്വീകരിച്ചു.

H.558

തേജ്ബഹദൂർ പിന്നെയും ഇങ്ങനെ പറഞ്ഞു:— ‘ഡെൽഹിയിൽ മുഗൾചക്രവർത്തിയുടെ അടുക്കലേക്കാണു് എന്നെക്കൊണ്ടുപോകുന്നതു്. അറംഗസീബിൻെറ കയ്യിൽനിന്നു എനിക്കു മോചനം ഉണ്ടാകുമെന്നു എനിക്കു പ്രത്യാശയോ വിശ്വാസമോ ഇല്ല. മരണത്തെപ്പററി എനിക്കു ഭീതിയും ഇല്ല. എന്നാൽ എൻെറ ഈ ശരീരത്തെ, നമ്മുടെ ആചാരപ്രകാരം സംസ്കരിക്കാൻ ഇടവന്നില്ലെങ്കിൽ അതെന്നേക്കും നമ്മുടെ കുലത്തിൻെറ യശസ്സിന്നൊരു കളങ്കമായിരിക്കും. അറംഗസീബിൻെറ സ്വഭാവവും മുൻനടപടികളും ആലോചിച്ചാൽ അദ്ദേഹം എന്നെ കൊന്നതുകൊണ്ടു തൃപ്തനാകാതെ വഴിപോക്കർ കണ്ടു നമ്മെ പുച്ഛിക്കുവാനായി നഗരത്തിൻെറ ഏതെങ്കിലുമൊരു ഭാഗത്തു് എൻെറ ശരീരത്തെ, സംസ്കരിക്കാതെ, നായ്ക്കൾ കടിച്ചുകീറാൻ ഇട്ടേക്കാൻ ഇടയുണ്ടു്. ഇങ്ങിനെ സംഭവിച്ചാൽ എനിക്കുവേണ്ടി പ്രതികാരം നടത്തി എൻെറ ശരീരത്തെ അവിടെനിന്നു എടുത്തുകൊണ്ടു

പോയി യഥാവിധി സംസ്കരിക്കേണ്ടതു് നിന്റെ ധർമ്മമാകുന്നു."

തേജ്ബഹാദൂർ ഡെൽഹിയിൽ എത്തിയപ്പോൾ അദ്ദേഹം തന്റെ മതത്തെ ശപഥപൂർവ്വം ഉപേക്ഷിച്ചാൽ വിട്ടയക്കാമെന്നു് അറംഗസീബു കല്പിച്ചു. എന്നാൽ ആ കല്പനയെ തേജ്ബഹദൂർ അവജ്ഞാപൂർവ്വം തിരസ്കരിക്കയും അറംഗസീബ് കുപിതനായി അദ്ദേഹത്തെ കൊന്നു ശരീരം സംസ്കരിക്കാതെ പരസ്യമായ ഒരു സ്ഥലത്തു് ഇട്ടേക്കണമെന്നും ബന്ധുക്കളോ ശിഷ്യന്മാരോ വന്നെടുത്തുകൊണ്ടു പോകാതെ സൂക്ഷിക്കണമെന്നും ആജ്ഞാപിക്കയും ചെയ്തു. അറംഗസീബിന്റെ ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്റെ ആജ്ഞാനുസരണം പ്രവർത്തിച്ചു കാവല്ക്കാരെയും ആക്കി.

ബാലനായ ഗോവിന്ദൻ ഈ വിവരം അറിഞ്ഞയുടനെ പിതാവിന്റെ അന്ത്യശാസനം നിറവേററുവാൻ നിശ്ചയിച്ചു. എന്നാൽ ഉദ്യമം ഏററവും ആപൽകരമാണെന്നു തനിക്കു് അറിയാമായിരുന്നതിനാൽ ആ ജോലി നിർവ്വഹിക്കുന്നതിനു തന്റെ ശിഷ്യന്മാരെ അയക്കുകയോ കൂടെ കൊണ്ടുപോകയോ ചെയ്യുന്നതു ന്യായമല്ലെന്നും അവൻ വിചാരിച്ചു. ഇങ്ങനെ ഗോവിന്ദൻ ഏകനായി അപ്പോൾതന്നെ ഡെൽഹിയിലേക്കു പുറപ്പെട്ടു. എന്നാൽ തന്റെ ഉദ്ദേശസാദ്ധ്യത്തിനുള്ള മാർഗ്ഗം എന്താണെന്നു് അവന്നു യാതൊരു ഗന്ധവും ഉണ്ടായിരുന്നില്ല.

സൂര്യൻ അസ്തമിച്ചു; മാർഗ്ഗമെല്ലാം അന്ധകാരമയമായി. എങ്കിലും ഹൃദയശുദ്ധിയും ഉദ്ദേശശുദ്ധിയും ഉള്ള ഗോവിന്ദന്നു യാതൊരു ഭയവും ഉണ്ടായില്ല. തന്റെ പിതാവിന്റെ ശരീരം ഡെൽഹിയിൽ നിന്നു് എടു

ത്തുകൊണ്ടു പോരണം എന്നുള്ള ഏകചിന്തയെ അവ
നുണ്ടായിരുന്നുള്ളു.

ഗോവിന്ദൻ കുറെ ദൂരം പോയപ്പോൾ ഒരു
വണ്ടിവരുന്ന ശബ്ദവും അതിലിരുന്നവർ പതുക്കെ അസ്പ
ഷ്ടമായി സംസാരിക്കുന്നതും കേട്ടു. വരുന്നവർ ശത്രുക്ക
ളോ മിത്രങ്ങളോ എന്നറിവാൻ കഴിയാതെ ഗോവിന്ദൻ
റോഡുവിട്ടു് ഒരു വൃക്ഷത്തോടു ചേൎന്നു് ഒളിച്ചുനിന്നു.
വണ്ടി അടുത്തുവന്നപ്പോൾ വണ്ടിയിൽ വന്നതു് വണ്ടി
ക്കാരനും അവൻെറ മകനുമാണെന്നും അവർ ശിഖർ
ആണെന്നും അവൻ ഗ്രഹിച്ചു. അവർ ഡെൽഹിയിലെ
സംഭവങ്ങളെപ്പററി അതിദുഃഖത്തോടും ദീപ്തകോപത്തോ
ടും കൂടെ സംസാരിച്ചുകൊണ്ടു വരികയായിരുന്നു. ഗോ
വിന്ദൻ ഉടനെ മുമ്പോട്ടുവന്നു് വണ്ടി നിറുത്തിച്ചു് താൻ
ആരാണെന്നു് അവരെ അറിയിച്ചു. തങ്ങളുടെ ബാലഗു
രുവിനെ ഏകനായി അമൃതസരസ്സിൽനിന്നു ദൂരെക്കണ്ടിട്ടു്
അവർ വിസ്മയാകുലരായി വണ്ടിയിൽനിന്നിറങ്ങി വണ
ങ്ങിനിന്നു.

വണ്ടിക്കാരനും അവൻെറ പുത്രനും വിശ്വസ്തരാ
ണെന്നു നിശ്ചയമായപ്പോൾ ഗോവിന്ദൻ അവരോടു്
തേജ്ബഹദൂരിൻെറ മരണത്തെപ്പററി വിവരമായി ചോ
ദിച്ചറികയും താൻ ഡെൽഹിയിലേക്കു പോകുന്നതിൻെറ
ഉദ്ദേശം അവരെ അറിയിക്കയും താൻ എവിടെ പോകു
ന്നു് എന്നു് ആരേയും അറിയിക്കരുതെന്നു് അവരോടു
അപേക്ഷിക്കയും ചെയ്തു.

വൃദ്ധനായ വണ്ടിക്കാരൻ ഉൽകണ്ഠയോടെ ഇപ്രകാ
രം പറഞ്ഞു:—“സൽഗുരോ, ഡെൽഹിയിലേക്കു പോക
രുതേ. അങ്ങവിടെ പോയാൽ തിരിച്ചു വരികയില്ല. അതു
കൊണ്ടു് അമൃതസരസ്സിലേക്കുതന്നെ മടങ്ങിപ്പോയി യുദ്ധ

വീരന്മാരായ അനുചരന്മാരോടുകൂടെ ഡെൽഹിയിൽ വിജയപതാകയോടുകൂടെ പ്രവേശിക്കാൻ നമുക്കു കഴിവുണ്ടാകുന്ന ഒരു കാലം പ്രതീക്ഷിച്ചുകൊണ്ടിരിക്കയും അതിന്നു വേണ്ടുന്ന ഒരുക്കങ്ങൾ ഇപ്പോൾത്തന്നെ ആരംഭിക്കുകയും ചെയ്യുക."

ഗോവിന്ദൻ:—സ്നേഹിതാ, എൻെറ പ്രിയപിതാവ് എന്നെവിട്ടുപിരിഞ്ഞപ്പോൾ ചക്രവൎത്തി തന്നെ കൊല്ലുമെന്നു തീൎച്ചയാണെന്നും അങ്ങനെ സംഭവിച്ചാൽ ഞാൻ അദ്ദേഹത്തിൻെറ ശരീരത്തെ എങ്ങനെയെങ്കിലും കൈവശപ്പെടുത്തിക്കൊണ്ടുവന്നു് നമ്മുടെ മതാചാരപ്രകാരം സംസ്കരിക്കണമെന്നും എന്നോടാജ്ഞാപിച്ചു. ഈ അന്ത്യശാസനം എൻെറ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കെ ഞാൻ എങ്ങനെയാണു് അമൃതസരസ്സിൽ പോയി സ്വസ്ഥനായിരിക്ക? നമ്മുടെ ജാതിക്കും മതത്തിനും വേണ്ടി മരിച്ച നമ്മുടെ ഗുരുവിൻെറ ആജ്ഞയെ അങ്ങനെയാണോ അദ്ദേഹത്തിൻെറ പുത്രനായ ഞാൻ നിറവേറേണ്ടതു്?

വണ്ടിക്കാരൻ:—അവിടുന്നു കല്പിക്കുന്നതെല്ലാം പരമാൎത്ഥവും ന്യായവും തന്നെ. എന്നാൽ നമ്മുടെ ജാതിയുടെ സ്വാതന്ത്ര്യവും ഉന്നതിയും അവിടുത്തെ ആശ്രയിച്ചിരിക്കുന്നു എന്നുള്ള കാൎയ്യം വിസ്മരിക്കരുതേ. അവിടുന്നും മുഗളരുടെ കയ്യിൽ അകപ്പെട്ടാൽ ഞങ്ങളുടെ ഗതി എന്തു്? അതുകൊണ്ടു് ഗുരുവേ, അവിടുന്നു് അമൃതസരസ്സിലേക്കു തിരിച്ചുപോക. നമ്മുടെ ഗുരുവിൻെറ ശരീരം അങ്ങേ ദാസന്മാർ ചെന്നു് എടുത്തുകൊണ്ടുപോരികയോ ആ ഉദ്യമത്തിൽ ഞങ്ങൾ മരിക്കയോ ചെയ്യാം. ആ ബഹുമാനം ഞങ്ങൾക്കിരിക്കട്ടെ.

വണ്ടിക്കാരൻെറ ഭക്തികണ്ടു സംതൃപ്തനായ ഗോവിന്ദൻ അവനെ അഭിനന്ദിച്ചു എങ്കിലും ഇത്ര അപൽക്കര

മായ ഒരു പ്രവൃത്തിക്ക് തൻെറ ഏററവും എളിയ ശിഷ്യ നെപ്പോലും താൻ അയയ്ക്കയില്ലെന്നു പറഞ്ഞു.

ബാലഗുരുവിൻെറ വാക്കു നിമിത്തം ആ വണ്ടിക്കാരൻ തൻെറ നിരാശയെ പ്രദശിപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു. "ഗുരോ, വൃദ്ധനായ എനിക്കു യുദ്ധം ചെയ്വാൻ പ്രാപ്തിയില്ല. എൻെറ ഗുരുവിനോടു് എനിക്കുള്ള വാത്സല്യം പ്രത്യക്ഷപ്പെടുത്തുവാൻ എനിക്കിപ്പോൾ കിട്ടിയ അവസരം ഉപയോഗപ്പെടുത്തുവാൻ അനുവദിക്കണമേ. ഞങ്ങൾ ഡൽഹിയിലേക്കു മടങ്ങിപ്പോകട്ടെ. അവിടത്തേക്കു് ജീവനെ ഉപേക്ഷിച്ചും സാധിക്കാൻ പ്രയാസമായ ഈ കാര്യം എളിയവനായ എനിക്കു് ആരുടെയും ശ്രദ്ധയെ ആകർഷിക്കാതെ ചെന്നു സാധിച്ചു വരാൻ കഴിഞ്ഞേക്കാം. അങ്ങയെ ആരെങ്കിലും കണ്ടറിഞ്ഞുപോയാൽ അങ്ങേക്കു് രക്ഷയ്ക്കൊരു മാർഗ്ഗമില്ല. അങ്ങു് അവിടെ എത്തുമ്മുമ്പേ ശത്രുക്കൾ അങ്ങയെ പിടികൂട്ട .

വണ്ടിക്കാരൻ പറഞ്ഞതു് ശരിയാണെന്നു് ഗോവിന്ദൻ ഗ്രഹിച്ചു. ഇങ്ങനെ ആ ബാലൻ അതിദുഃഖത്തോടെ അമൃതസരസ്സിലേക്കും തേജ്ബഹദൂരിൻെറ ശരീരത്തെ അദ്ദേഹത്തെ കൊന്നിട്ടിരുന്ന സ്ഥലത്തു നിന്നു് എടുത്തുകൊണ്ടു വരുന്നതിന്നായി വണ്ടിക്കാരനും പുത്രനും സന്തോഷത്തോടെ ഡൽഹിയിലേക്കും പോയി.

അക്കാലത്തു ശിഖക്കു ഡൽഹിനഗരത്തിൽ പ്രവേശിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. അവരെ ആ നഗരത്തിൽ കണ്ടാൽ കൊന്നുകളയും. അതുകൊണ്ടു വണ്ടിക്കാരനും മകനും മഹമ്മദിയരുടെ വസ്ത്രങ്ങൾ സമ്പാദിച്ചിട്ടു് അവരുടെ വേഷത്തിൽ ആരുടെയും ശ്രദ്ധയെ ആകർഷിക്കാതെ നഗരത്തിൽ പ്രവേശിച്ചു് നേരം

നന്നാ ഇരുട്ടുന്നതുവരെ കൂലിക്കാരെപ്പോലെ വണ്ടിയും കൊണ്ടു് ജനബാഹുല്യമില്ലാത്ത അങ്ങാടികളിൽ അങ്ങുമിങ്ങും നടന്നു.

നഗരം നിശ്ശബ്ദമായി, എല്ലാവരും ഉറക്കമായി എന്നു കണ്ടപ്പോൾ അവർ, കഴിവുള്ളെടത്തോളം, ശബ്ദമുണ്ടാക്കാതെ വണ്ടിയുംകൊണ്ടു് തേജ്ബഹദൂരിൻെറ ശരീരം കിടന്ന സ്ഥലത്തേക്കു പോയി. ശരീരം അവിടെത്തന്നെ കിടന്നിരുന്നു. എന്നാൽ കാവൽക്കാർ ആരും ഉണ്ടായിരുന്നില്ല. ചീഞ്ഞുനാറിത്തുടങ്ങിയ ഒരു പ്രേതത്തെ രാത്രിയിൽ കാത്തുകൊണ്ടിരിക്കുന്നതു് ഹൃദ്യമായ ഒരു പ്രവൃത്തി അല്ലാത്തതിനാലും അതെടുത്തുകൊണ്ടുപോകാൻ ശിഷ്യരാരും അതുവരെ ശ്രമിച്ചുകാണായ്കയാൽ മേലും ആരും വരികയില്ലെന്നു വിചാരിച്ചതുകൊണ്ടും കാവൽക്കാർ അവരവരുടെ വീട്ടുകളിൽ പോയി സുഖമായി ഉറങ്ങുകയായിരുന്നു.

വണ്ടിക്കാരനും പുത്രനും തേജ്ബഹദൂരിൻെറ ശരീരം ഭക്തിയോടെ എടുത്തു് വണ്ടിയിൽ വച്ചിട്ടു് തങ്ങളുടെ വസ്ത്രംകൊണ്ടു മൂടി. അനന്തരം ഇരുവക്കും ഒരേ വിചാരം തന്നെ മനസ്സിൽ വന്നു. കാൎയ്യം ഇത്രത്തോളം വിജയമായി. സൂൎയ്യോദയത്തോടുകൂടെയെങ്കിലും കാവൽക്കാർ വരാതിരിക്കയില്ല. അപ്പോൾ ശരീരം അവിടെ കണ്ടില്ലെങ്കിൽ അവർ പരിഭ്രമിച്ചു് ലഹള കൂട്ടുകയും ഡെൽഹിയിൽ നിന്നു പോകുന്ന വഴികളൂടെയെല്ലാം ഭടന്മാർ തിരഞ്ഞോടിച്ചെന്നു് അവരെ പിടികൂട്ടുകയും ചെയ്കയില്ലയോ? നേരം വെളുത്താലും. അവരുടെ കാളവണ്ടി ഡെൽഹിയിൽ നിന്നു് അധികദൂരം എത്തുകയുമില്ല.

ഈ വിചാരത്തോടുകൂടി അച്ഛനും മകനും കുറേ നേരം മൌനമായി അന്യോന്യം നോക്കി നിന്നു.

നേരം വൃഥാ പോകുന്നു എന്നുകണ്ടു് മകൻ:—അച്ഛാ, അച്ഛൻ വണ്ടിയും കൊണ്ടു് കഴിയുന്ന വേഗത്തിൽ പോകുക. ഞാൻ നമ്മുടെ ഗുരുവിൻെറ സ്ഥാനത്തു് ഇവിടെ കിടന്നുകൊള്ളാം.

വണ്ടിക്കാരൻ:—മകനേ, നീ ചെറുപ്പമാണു്. നിനക്കു് ഇനിയും വളരെക്കാലം ജീവിച്ചിരുന്നു് നമ്മുടെ മതത്തിനും ഗുരുവിനുംവേണ്ടി യുദ്ധം ചെയ്യാൻ കഴിയുമായിരിക്കും. എന്നാൽ ഞാൻ വൃദ്ധൻ, എൻെറ കണ്ണുകൾ ഇരുണ്ടു തുടങ്ങി, എൻെറ ഭുജങ്ങൾക്കു ബലവുമില്ല. നമ്മുടെ കുലത്തിനു യോഗ്യമായ വിധത്തിൽ മരിക്കാൻ നമുക്കു ലഭിച്ച ഈ അവസരം ഞാൻ ഉപയോഗിച്ചു കൊള്ളട്ടെ. നീ വണ്ടിയും കൊണ്ടു വേഗം പോകുക.

H-558

മകൻ:—അങ്ങനെയല്ല, അച്ഛാ, അച്ഛനു ഞങ്ങൾ മൂന്നു പുത്രന്മാർ ഉണ്ടല്ലോ. ഞാൻ മരിച്ചുപോയാൽ യുദ്ധം ചെയ്യാൻ രണ്ടു പേർ ശേഷിക്കും. അച്ഛനു വല്ലതും സംഭവിച്ചാൽ ഞങ്ങൾ എന്തുചെയ്യും?

വണ്ടിക്കാരൻ:—നീ വേഗം പോകുക. നേരം വെളുക്കാറായിപ്പോയി. കാവൽക്കാർ എപ്പോൾ വരുമെന്നു നിശ്ചയമില്ല. ശരീരത്തെ വേഗം അമൃതസരസ്സിലേക്കു കൊണ്ടുപോയി നമ്മുടെ ഗുരുവിനെ ഏല്പിക്കു. അവർ യഥായോഗ്യം അതിനെ സംസ്കരിക്കട്ടെ.

മകൻ ഉടൻ തന്നെ പോകാതെ അച്ഛൻ തന്നെയാണു പോകേണ്ടതെന്നു നിർബന്ധിച്ചുകൊണ്ടു നിന്നതിനാൽ വണ്ടിക്കാരൻ "ഗുരു വിജയിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു് തൻെറ കഠാരമൂരി തൻെറ നെഞ്ചത്തു കു

ത്തിയിറക്കി ഗുരുവിൻെറ ശരീരം കിടന്ന സ്ഥലത്തു തന്നെ വീണു മരിച്ചു. തൻെറ മതത്തിനും ഗുരുവിനുംവേണ്ടി മരിച്ചതിനാൽ ഉണ്ടായ പരമാനന്ദംകൊണ്ടു് അവൻെറ മുഖം പരിശോഭിച്ചു.

അച്ഛൻെറ ശരീരം ഗുരുവിൻെറ വസ്ത്രംകൊണ്ടു മൂടീട്ടു്, മകൻ അതിദുഃഖത്തോടെ അമൃതസരസ്സിലേക്കു മടങ്ങിപ്പോയി, തേജ്ബഹദൂരിൻെറ ശരീരം ഗുരുഗോവിന്ദനെ ഏല്പിക്കയും അതു ശിഖരുടെ മതാചാരപ്രകാരം സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

വണ്ടിക്കാരൻെറ വീരപ്രവൃത്തിക്കു് അനുരൂപമായ ഒരു പ്രതിഫലം കൊടുക്കാൻ കഴിയുമോ? എങ്കിലും ഗുരുഗോവിന്ദൻ ശിഖരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായപ്രകാരം വണ്ടിക്കാരൻെറ സന്താനങ്ങൾക്കു സമുദായത്തിൽ ഒരുന്നതസ്ഥാനവും സിങ്ങ് (സിംഹം) എന്ന സ്ഥാനപ്പേരും കൊടുത്തു. അവരിൽ പലരും ഇപ്പോഴും സാമ്രാജ്യസൈന്യത്തിൽ ചേൎന്നു രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്തുവരുന്നു. മതത്തിനു വേണ്ടിയും സ്വയരക്ഷയ്ക്കും ഇപ്പോൾ യുദ്ധം ആവശ്യമില്ലല്ലോ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# സ്വാർത്ഥചിന്തയില്ലാത്ത രോഗിണി.

യൂറോപ്പുഖണ്ഡത്തിൻെറ ഉത്തരപ്രദേശങ്ങളിൽ ശീതകാലത്തു് നദികളിലും തടാകങ്ങളിലും സമുദ്രങ്ങളിലും ഉള്ള വെള്ളം തണുപ്പു അധികമാകുമ്പോൾ, കല്ലുപോലെ ഉറച്ചുപോകും. അങ്ങനെ സമനിരപ്പിൽ കിടക്കുന്ന ഉറച്ചജലത്തിൻമീതെ, ഓടുകയും ചാടുകയും നൃത്തം ചെയ്യുകയും മിനുസ്സമുള്ള പാദുകങ്ങൾ ധരിച്ചു് കാലുതെററിച്ചു നടക്കയും ചക്രമില്ലാത്ത വാഹനങ്ങളിൽ സഞ്ചരിക്കയും ചെയ്യുന്നതു് ആ പ്രദേശങ്ങളിലെ നിവാസികൾക്കു് ഏററവും ആഹ്ലാദകരങ്ങളായവിനോദങ്ങൾ ആകുന്നു. വിനോദങ്ങളിൽ പങ്കെടുക്കാൻ കഴിയാത്ത വൃദ്ധന്മാരും വൃദ്ധമാരും അവയെ കണ്ടു രസിക്കാൻ പോകും.

ഇങ്ങനെയുള്ള ഒരു ദിവസം ഇംഗ്ലണ്ടിൻെറ പടിഞ്ഞാറെ സമുദ്രതീരത്തുള്ള ഒരു ഗ്രാമത്തിലെ നിവാസികളെല്ലാം ഈവിധമുള്ള വിനോദങ്ങളിൽ പങ്കെടുക്കുന്നതിനും അവയെ കണ്ടു രസിക്കുന്നതിനുമായി പോയി. രോഗശയ്യയിൽ കിടന്ന ഒരു സ്ത്രീമാത്രം ഗ്രാമത്തിൽ ശേഷിച്ചു. എങ്കിലും അവളുടെ വീടു് സമുദ്രതീരത്തായിരുന്നതിനാൽ അവളും അവളുടെ കിടക്കയിൽതന്നെ വെള്ളത്തിന്മേൽ നടക്കുന്ന വിനോദങ്ങളും നൃത്തങ്ങളും നോക്കിക്കൊണ്ടു കിടന്നു

സന്ധ്യയായപ്പോൾ അവൾ ആകസ്മികമായി സമുദ്രത്തിന്മേൽകൂടി പടിഞ്ഞാറോട്ടു നോക്കിയപ്പോൾ അവിടെ ഒരു ചെറിയ കാർമേഘം പൊങ്ങിവരുന്നതു കണ്ടു. അവൾ ഭർത്താവിനോടുകൂടെ പലപ്രാവശ്യം സമുദ്രസഞ്ചാ

രം ചെയ്തിട്ടുണ്ടായിരുന്നതുകൊണ്ടു് ഇങ്ങനെയുള്ള മേഘം എന്തു സൂചിപ്പിച്ചു എന്നു അവൾക്കു് അറിയാമായിരുന്നു.

“ഒരു മണിക്കൂറിന്നകം ഭയങ്കരമായ ഒരു കൊടുങ്കാറ്റും മഴയും ഉണ്ടാകും. തിര അടിച്ചുകയറിയും ഉറച്ച വെള്ളം ഉരുകിയും എല്ലാവരും അതിൽപെട്ടു നശിക്കും. അയ്യോ കഷ്ടം!” എന്നു വിചാരിച്ചുകൊണ്ടു് അവൾ അത്യുച്ചത്തിൽ നിലവിളിച്ചു. എന്നാൽ അവളുടെ വീട്ടിൽ അവളല്ലാതെ ; ആരുമില്ലാതിരുന്നതിനാലും സമീപസ്ഥന്മാർ ആബാലവൃദ്ധം അതിദൂരത്തു നടക്കുന്ന വിനോദങ്ങളിൽ ഉൾപ്പെട്ടിരുന്നതിനാലും രോഗിയായ അവളുടെ നിലവിളികൊണ്ടു ഫലമൊന്നുമുണ്ടായില്ല.

മേഘം വലിയതായി കറുത്തിരുണ്ടു പൊങ്ങിവന്നുകൊണ്ടിരുന്നു. രക്ഷയ്ക്കുള്ള സമയം കുറഞ്ഞു കുറഞ്ഞും വന്നു. പിന്നെ അവൾ തനിക്കു ശേഷിച്ചിരുന്ന ശക്തിയെല്ലാം പ്രയോഗിച്ചു കിടക്കയിൽ നിന്നിറങ്ങി നിരങ്ങിനിരങ്ങി അടുപ്പിൻകരെ എത്തി. ഭാഗ്യവശാൽ അടുപ്പിൽ തീയുണ്ടായിരുന്നു. അവിടെനിന്നു് അവൾകുറെ തീക്കനൽ എടുത്തു വൈക്കോൽ നിറച്ച തന്റെ കിടക്കയിൽ ഇട്ടു് ഊതിക്കത്തിച്ചിട്ടു ക്ഷണത്തിൽ സ്വയരക്ഷയ്ക്കായി പുറത്തിറങ്ങി. ഒരു നിമിഷംകൊണ്ടു് തീ ആളിക്കത്തി വീട്ടിന്നുപിടിച്ചു. വീടു കത്തുന്നതിന്റെ പ്രകാശം കണ്ടു് സമുദ്രത്തിന്മീതെ വിനോദിച്ചുകൊണ്ടിരുന്നവർ പരിഭ്രമിച്ചു കരയിലേക്കു് ഓടിവന്നു.

അവർ എല്ലാവരും കരയ്ക്കെത്തിയപ്പോഴേക്കു് ചെറുതായി ആരംഭിച്ച കാറ്റു് കൊടുങ്കാറ്റും മഴയുമായി, തിര അടിച്ചു കയറി കരവരെ എത്തുകയും ഉറച്ചവെള്ളം ഉരുകിപ്പോകയും ചെയ്തു.

ഇങ്ങനെ കഠിനരോഗത്തിൽ കിടന്ന സ്ത്രീ മടിക്കുടാതെ തന്റെ സ്വത്തുമുഴുവനും നഷ്ടപ്പെടുത്തി സമുദ്രവിനോദത്തിനുപോയ ഗ്രാമവാസികളെയെല്ലാം ഭയങ്കര മരണത്തിൽ നിന്നു രക്ഷിച്ചു.

---

# ധീരയായ ധീവരബാലിക.

---

സ്കോട്ട്ലണ്ടു രാജ്യത്തിൻെറ ഉത്തരതീരത്തു് മീൻപിടിത്തക്കാർ അധിവസിക്കുന്ന ചില ഗ്രാമങ്ങൾ ഉണ്ടു്. അവരുടെ ഉപജീവനമാൎഗ്ഗം മീൻപിടിത്തം മാത്രമാണു്. പുരുഷന്മാർ മീൻപിടിച്ചുകൊണ്ടുവരുന്ന വള്ളങ്ങൾ കരയ്ക്കടുത്താലുടനെ സ്ത്രീകളും കുട്ടികളും വന്നു്, പിടിച്ചുകൊണ്ടുവന്നിട്ടുള്ള മത്സ്യമെല്ലാം കുട്ടകളിലാക്കി വില്പനസ്ഥലങ്ങളിലേക്കോ ദൂരദിക്കുകളിൽ കൊണ്ടുപോകാൻ വണ്ടികൾ വന്നുനില്ക്കുന്ന സ്ഥലങ്ങളിലേക്കോ കൊണ്ടുപോകും. പുരുഷന്മാരെപ്പോലെ സ്ത്രീകളും ബാലന്മാരെപ്പോലെ ബാലികമാരും കായബലവും പരിശ്രമശീലവും ഉള്ളവരാകുന്നു. അവിടെ മത്സ്യം ധാരാളമായി കിട്ടുന്നതു് ഗ്രീഷ്മകാലത്തും അവയെ എളുപ്പത്തിൽ പിടിക്കാവുന്നതു രാത്രിയിലും ആകുന്നു.

ഒരുദിവസം സന്ധ്യയ്ക്കു് ഒരു ഗ്രാമത്തിലെ മൂന്നുവൃദ്ധന്മാരൊഴികെയുള്ള പുരുഷന്മാരെല്ലാം അനേകം വള്ളങ്ങളിലായി മീൻപിടിത്തത്തിനുപോയി. സമീപത്തെങ്ങും വേറെ പുരുഷന്മാരോ വള്ളങ്ങളോ ഉണ്ടായിരുന്നില്ല. രാത്രിയായപ്പോൾ കഠിനമായ ഒരു കാററും കോളും ആരംഭിച്ചിട്ടു് വള്ളങ്ങളെല്ലാം പുറപ്പെട്ട സ്ഥലത്തേക്കു തിരിച്ചുവരാൻ കഴിയാതെ കാററിൻെറ ഗതിയനുസരിച്ചു് മററുപ്രദേശങ്ങളിലേക്കു പോയി അഭയം പ്രാപിച്ചു.

നേരം പുലൎന്നപ്പോൾ കടൽപുറത്തു വന്ന സ്ത്രീകളും കുട്ടികളും വള്ളങ്ങളൊന്നും കാണാതെ പരിഭ്രമിച്ചു വശായി നോക്കിനിന്നു. തിരകളും പതയും നിമിത്തം ദൂരത്തുള്ളതൊന്നും അവൎക്കു കാണാനും കഴിഞ്ഞില്ല. അങ്ങനെ

യിരിക്കെ, ഒരു കപ്പൽ അവിടെ സമുദ്രത്തിൽ ഒരു വലിയ പാറയുണ്ടായിരുന്നതിനു നേരെ അതിവേഗത്തിൽ കാററടിച്ചു പറത്തിക്കൊണ്ടു വരുന്നതും ആ പാറമേൽ വന്നടിച്ചു കയറി പൊളിയുന്നതും അവർ കണ്ടു. കപ്പല്കാർ കപ്പലിന്റെ പാമരങ്ങളിന്മേലും പലകകളിന്മേലും രക്ഷയ്ക്കായി പിടിച്ചു കിടക്കുന്നതും അവർ കണ്ടു. ഭയങ്കരകാഴ്ച! എങ്കിലും അവിടെ വള്ളങ്ങളോ പുരുഷന്മാരോ ഇല്ലാതെ അവർ എന്തുചെയ്യും?

KRISHNA VILASOM GRANDHASALA

കടല്പുറത്തു വന്നുകൂടിയ ആളുകളുടെ കൂട്ടത്തിൽ തന്റെ അമ്മയോടുകൂടെ ആ തീരത്തൊരു കുടിലിൽ പാർത്തിരുന്ന മാർഗററു് എന്നു പേരായ ഒരു മുക്കവബാലികയും വാർദ്ധക്യം നിമിത്തം മീൻ പിടിക്കാൻ പോകാത്ത ഒരു മുക്കവനും ഉണ്ടായിരുന്നു.

"അവർക്കു ഉച്ചവരെ മുങ്ങിപ്പോകാതെ കിടക്കാൻ കഴിയുമോ? കഴിയുമെന്നുണ്ടെങ്കിൽ ഞാൻ ഓടിപ്പോയി, തെക്കേ ഗ്രാമത്തിൽ നിന്നു വള്ളക്കാരെ വള്ളവുമായി അയയ്ക്കാം" എന്നു മാർഗററു് ആ വൃദ്ധനോടു പറഞ്ഞു.

ഇങ്ങനെയുള്ള ആപൽഘട്ടങ്ങളിൽ അപകടത്തിൽ പെട്ടവരെ രക്ഷിക്കുന്നതിനു് സർക്കാരിൽ നിന്നു ചില തീരപ്രദേശങ്ങളിൽ വള്ളക്കാരെ നിയമിച്ചിട്ടുണ്ടു്. അവർക്കു വെള്ളം കയറിയാൽ മുങ്ങാത്ത ലൈഫ്ബോട്ടു് എന്നു പറയുന്ന വള്ളങ്ങളും കൊടുത്തിട്ടുണ്ടു്. ആ വള്ളക്കാരും വള്ളവും കടലിൽ പോകാൻ എപ്പോഴും തയ്യാറായിരിക്കും. അവരെ അയയ്ക്കാമെന്നാണു മാർഗററു് പറഞ്ഞതു്. എന്നാൽ അവൾ പറഞ്ഞ തെക്കേഗ്രാമം അവിടെ നിന്നു നാലുനാഴിക ദൂരത്തുള്ളതും അർദ്ധമാർഗ്ഗത്തിൽ ഒരു നദികടക്കാനുള്ളതും ആയിരുന്നു. ഈ നദി

യിൽ സാധാരണയായി അധികം വെള്ളം ഉണ്ടായിരിക്കയില്ല. ആ നദി കടക്കുന്നതിനു ഒരു പാലം ഉണ്ടായിരുന്നതു് പഴയതും ജീർണ്ണിച്ചതുമായിരുന്നതിനാൽ ആളുകൾ വെള്ളത്തിൽ ഇറങ്ങി കടക്കുകയായിരുന്നു പതിവു്.

വൃദ്ധൻ: "എന്റെ കുഞ്ഞേ, നിനക്കതു സാധിക്കയില്ല. ഈ കാററിനും മഴയ്ക്കും ശേഷം നിനക്കാനദി കടക്കാൻ കഴികയില്ല."

"ഞാൻ പോയിനോക്കട്ടെ. നദികടക്കാൻ കഴിഞ്ഞെങ്കിലൊ? അല്ലെങ്കിൽ ഇവരെല്ലാം മുങ്ങി മരിച്ചു പോകുമല്ലൊ" എന്നുപറഞ്ഞുകൊണ്ടു് മാർഗററു് കാററും മഴയും കൂട്ടാക്കാതെ രണ്ടു നാഴികദൂരം ഓടി നദിയിങ്കൽ എത്തി. നദിയിൽ വെള്ളം പൊങ്ങി കരകവിഞ്ഞു് ഇരച്ചൊഴുകുന്നുണ്ടായിരുന്നു. പാലം പൊളിഞ്ഞു് ഒഴുകിപ്പോയിട്ടു് അതിന്റെ അവശിഷ്ടങ്ങൾ പോലും കാണാനില്ലായിരുന്നു. അവൾ സ്വല്പനേരം ഭ്രമിച്ചുനിന്നു എങ്കിലും പൊളിഞ്ഞുപോയ കപ്പലിലെ ആളുകളുടെ സങ്കടാവസ്ഥയെപ്പററിയുള്ള സ്മരണനിമിത്തം തനിക്കു സംഭവിക്കാനിടയുള്ള അപത്തിനെ വകവയ്ക്കാതെ അവൾ ക്ഷണത്തിൽ ധൈര്യം അവലംബിച്ചുകൊണ്ടു നദിയിൽ ഇറങ്ങി. വെള്ളം അവളുടെ കഴുത്തോളം ഉണ്ടായിരുന്നു. ഒരിക്കൽ ഒഴുക്കിന്റെ ശക്തിനിമിത്തം അവൾ കാലിളകിവീണു കുറച്ചുദൂരം താഴോട്ടു് ഒഴുകിപ്പോയി. എന്നിട്ടും അവൾ നിരാശയ്ക്കധീനയാകാതെ നീന്തിയും പതച്ചും അക്കരെയെത്തി. അവിടെനിന്നു രണ്ടു നാഴികദൂരം വീണ്ടും അവൾ നനഞ്ഞ വസ്ത്രങ്ങൾ പിഴിയാൻ പോലും താമസിക്കാതെ ഓടിക്കിതച്ചുകൊണ്ടു് വള്ളം സൂക്ഷിക്കുന്നവന്റെ വീട്ടുപടിക്കൽ എത്തി, "കപ്പൽ—ലെച്ചു് പാറ—മുട്ടി" എന്നുമാത്രം

പറഞ്ഞിട്ടു് മൂർച്ഛിച്ചുവീണു. വള്ളം സൂക്ഷിപ്പുകാരനും അവന്റെ ഭാൎയ്യയുംകൂടി അവളെ താങ്ങി എടുത്തു് അകത്തു കൊണ്ടുപോയി കിടത്തി. അവളുടെ വാക്കുകളിൽ നിന്നു സംഗതി മനസ്സിലായ വള്ളക്കാരൻ ഉടൻ തന്നെ ശേഷം വള്ളക്കാരെയും കൂട്ടി വള്ളമിറക്കി പുറപ്പെട്ടു. വള്ളക്കാരന്റെ ഭാൎയ്യയുടെ കനിവേറിയ ശുശ്രൂഷയാൽ സന്ധ്യയോടുകൂടി മാർഗററ്റിനു സുബോധം വന്നപ്പോൾ അവൾ ആദ്യം കേട്ടതു വള്ളക്കാർ ലെച്ചു് പാറയിൽ എത്തി തന്റെ ജീവഹാനിക്കു ഹേതുവാകമായിരുന്ന കള്ളന്മാരെ എല്ലാവരേയും രക്ഷിച്ചു കരയ്ക്കു കയററി എന്നുള്ള സദ്വൎത്തമാനം ആയിരുന്നു.

# വിശ്വസ്തയായ ധാത്രി.

---

ക്രിസ്തുവർഷം പതിനാറാം ശതവർഷത്തിന്റെ ആരംഭത്തിൽ കീത്തിമാനായ റാണാ സംഗാവിന്റെ പുത്രൻ വിക്രമജിത്തു് മീവാറിലെ രാജാവായി. എന്നാൽ തന്റെ പിതാവിന്റെ സൽഗുണങ്ങളോ സാമത്ഥ്യമോ ഇല്ലാതിരുന്ന വിക്രമജിത്തിനു് അധികകാലം രാജ്യം ഭരിക്കാൻ കഴിഞ്ഞില്ല. നീതിബോധം കുറവായിരുന്ന അക്കാലത്തു് "തന്നിലെളിയതു തനിക്കിര", "കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ" എന്ന പ്രമാണങ്ങൾ മിക്ക രാജാക്കന്മാരും സ്വീകരിച്ചിരുന്നു. വിക്രമജിത്തു് ബലഹീനനാണെന്നു കണ്ടപ്പോൾ ഗുജറാത്തിലെ സുൽത്താൻ മീവാർരാജ്യം ആക്രമിച്ചു് രാജാവിനെ തോല്പിച്ചു് രാജ്യം കൈവശപ്പെടുത്തി. എന്നാൽ ഒരു സുൽത്താനെ അനുസരിക്കുന്നതു് മീവാറിലെ രാജപുത്രപ്രഭുക്കന്മാൎക്കു് ദുസ്സഹമായിരുന്നു എന്നു പറയേണ്ടല്ലോ. അവർ യോജിച്ചു മത്സരിച്ചു് സുൽത്താനെ ബഹിഷ്ക്കരിച്ചു് വിക്രമജിത്തിനെ വീണ്ടും മീവാറിലെ രാജാവാക്കി. എന്നാൽ വിക്രമജിത്തു് തന്റെ പൂൎവ്വചരിത്രം ക്ഷണത്തിൽ വിസ്മരിച്ചു കളഞ്ഞു. തങ്ങളുടെ പ്രാണനെ ഉപേക്ഷിച്ചു് തനിക്കു വേണ്ടി പോരാടിയ പ്രഭുക്കന്മാരെ രാജാവു് അവഗണിച്ചു് പ്രവൎത്തിച്ചു തുടങ്ങി. ഒരിക്കൽ അവരിൽ ഒരു പ്രമാണിയും വയോവൃദ്ധനുമായ അജ്മീരിലെ കൈരംചന്ദ്രൻ പ്രഭു രാജസഭയിൽവച്ചു് തന്റെ അഭിപ്രായത്തിനെതിർ പറകയാൽ വിക്രമജിത്തു് കോപാന്ധനായി ആ പ്രഭുവിന്റെ ചെകിട്ടത്തടിച്ചു. രാജാവിന്റെ ധിക്കാരവും കൃതഘ്നതയും നിമിത്തം പ്രഭുക്കന്മാർ ക്ഷോഭിച്ചു മത്സരിച്ചു് അന്നു രാത്രിതന്നെ രാജാവിനെ വധി

ക്കയും വിശ്രുതനായ പൃഥ്വിരാജന്റെ പുത്രൻ ബൊൻബീരിനെ ക്ഷണിച്ചുവരുത്തി മീവാറിലെ രാജാവാക്കുകയും ചെയ്തു.

റാണാസംഗാവിനു വിക്രമജീത്തിന്റെ ഭിന്നസഹോദരനായി ഉദയസിംഹൻ എന്നു പേരായ ഒരു പുത്രനും ഉണ്ടായിരുന്നു. വിക്രമജിത്തു കഴിഞ്ഞാൽ മീവാർ സിംഹാസനത്തിന്റെ ന്യായമായ അവകാശി ഈ ഉദയസിംഹൻ ആയിരുന്നു. അവൻ അക്കാലത്തു് കേവലം ഒരു ശിശുവായിരുന്നതിനാലാണു് പ്രഭുക്കന്മാർ ബൊൻബീരിനെ വരുത്തി രാജാവാക്കിയതു്.

ഗുജറാത്തിലെ സുൽത്താൻ മീവാർ രാജധാനിയായ ചിറവൂർനഗരം പിടിച്ചടക്കിയപ്പോൾ സുൽത്താനും അനുചരന്മാരും തങ്ങളെ അപമാനിച്ചേക്കുമെന്നുള്ള ഭയം നിമിത്തം ഉദയസിംഹന്റെ മാതാവു കർണ്ണാവതി രാജ്ഞിയും വേറെ പതിമ്മൂവായിരം കുലീനകളായ രാജപുത്രസ്ത്രീകളും അഗ്നിപ്രവേശം ചെയ്തു് ആത്മഹത്യ ചെയ്തു. കർണ്ണാവതി അഗ്നിപ്രവേശം ചെയ്യുംമുമ്പെ ഉദയസിംഹന്റെ ധാത്രിയായ പുന്നയെ വിളിച്ചു് ശിശുവിനെ അവളെ ഏല്പിച്ചിട്ടു് ഇങ്ങനെ പറഞ്ഞു:—"പ്രിയപുന്നേ, നമ്മുടെ ഈ ധർമ്മസങ്കടത്തിൽ ഈ അമൂല്യരത്നത്തെ ഞാൻ നിന്നെ ഏല്പിക്കുന്നു. അവൻ മീവാർ രാജ്യത്തിന്നവകാശിയാണെന്നു നിനക്കറിയാമല്ലോ. അവനെ ഭദ്രമായി സൂക്ഷിച്ചുകൊള്ളണേ."

തന്റെ ജീവനേയും തനിക്കേററവും പ്രിയപ്പെട്ടവരുടെ ജീവനേയും ഉപേക്ഷിച്ചുപോലും കുഞ്ഞിനെ താൻ സൂക്ഷിച്ചുകൊള്ളുമെന്നു വ്യസനാക്രാന്തയായ ധാത്രി സഗദ്ഗദം മറുപടി പറഞ്ഞു. ധാത്രിയുടെ വാഗ്ദാനം നിമിത്തം ഒരുവിധം ആശ്വാസം പ്രാപിച്ച രാജ്ഞി

മററു സ്ത്രീകളോടുകൂടെ അഗ്നിപ്രവേശം ചെയ്കയും ചെയ്തു.

ഉദയസിംഹൻ ധാത്രിയുടെ സമവയസ്യനായ പുത്രനോടുകൂടെ ഇങ്ങനെ വളൎന്നുവരുമ്പോഴായിരുന്നു ബൊൻബീരിനെ പ്രഭുക്കന്മാർ ക്ഷണിച്ചുവരുത്തി രാജാവാക്കിയതു്. മീവാറിലെ കിരീടത്തിനു ന്യായമായ ഒരവകാശി, ശിശുവായിരുന്നാലും, ജീവനോടെയിരിക്കുന്നതു് തനിക്കു് അപൽകരമാണെന്നു ബൊൻബീർ വിചാരിച്ചതിനാൽ അദ്ദേഹം, തന്നെ രാജാവാക്കിയ പ്രഭുക്കന്മാരെ വിളിച്ചുകൂട്ടി അവരോടിങ്ങനെ പറഞ്ഞു: "സ്നേഹിതന്മാരെ, നിങ്ങളുടെ അനുകൂല്യത്താൽ ഞാൻ ഇവിടെ രാജാവായി. എന്നാൽ ഉദയസിംഹൻ ജീവനോടിരിക്കുംകാലത്തോളം എനിക്കും രാജ്യത്തിന്നും സ്വസ്ഥതയുണ്ടാകയില്ല. അവനെ രാജാവാക്കി അവൻെറ ശൈശവം തങ്ങളുടെ കാൎയ്യസാദ്ധ്യത്തിന്നു് ഉപയോഗിക്കണമെന്നു കരുതി ചിലർ കൂട്ടുകെട്ടുണ്ടാക്കുന്നതായി ഞാൻ അറിയുന്നു. നിങ്ങൾ എന്തു പറയുന്നു? നിങ്ങൾ തന്ന കിരീടം ഞാൻ ഉപേക്ഷിക്കട്ടെയോ? എൻെറ നിമിത്തം കലാപങ്ങളുണ്ടായി രാജ്യം അന്യാധീനപ്പെട്ടു പോകരുതു്"

ഒരു ശിശുവിനെ രാജാവായി അഭിഷേകം ചെയ്തിട്ടു് നീതിബോധവും സത്യവുമില്ലാത്ത ഒരു പ്രതിനിധി രാജ്യം ഭരിച്ചാൽ എന്തെല്ലാം കുഴപ്പങ്ങൾ ഉണ്ടാകുമെന്നു പ്രഭുക്കന്മാൎക്കും അറിയാമായിരുന്നതിനാൽ രാജ്യത്തിൻെറ ക്ഷേമത്തിന്നു് ഉദയസിംഹനെ കൊന്നുകളയുന്നതു് ഉചിതമായിരിക്കുമെന്നു് അവരും സമ്മതിച്ചു.

ഈ ഭയങ്കരവും ക്രൂരവുമായ ആലോചനയെപ്പററി ഉദയസിംഹൻെറ ധാത്രിക്കും എങ്ങനെയോ അറിവു

കിട്ടീട്ടു് അവർ ഊണും ഉറക്കവുമില്ലാതെ കാലം കഴിച്ചു കൂട്ടി.

ഒരുദിവസം രാത്രി ധാത്രി ചിന്താകുലയായി ഇരിക്കുമ്പോൾ ഉദയസിംഹനെ കാണാൻ ബൊൻബീർ വരുന്നെന്നു് ഒരു ഭൃത്യൻ ഭയവിഹ്വലനായി ഓടിവന്നു് അവളെ അറിയിച്ചു. ശിശുക്കൾ രണ്ടും ഉറക്കമായിരുന്നു. ധാത്രി "രാജകുമാരനെ ജീവൻ ഉപേക്ഷിച്ചും നാം രക്ഷിക്കണം" എന്നു ഭൃത്യനോടു പറഞ്ഞുകൊണ്ടു് രാജകുമാരൻെറ വിശേഷവസ്ത്രങ്ങൾ എടുത്തു് തൻെറ പുത്രനെ ധരിപ്പിച്ചു് അവനെ രാജകുമാരൻെറ പട്ടുമെത്തയിൽ കിടത്തി. പിന്നെ രാജകുമാരനെ തൻെറ പുത്രൻെറ സാധാരണ വസ്ത്രങ്ങൾ ധരിപ്പിച്ചു് അവനെ ഒരു രഹസ്യമാർഗ്ഗത്തിൽക്കൂടെ പുറത്തുകൊണ്ടുപോയി, ഒരു കുട്ടയിൽ കിടത്തി കുറെ ചീരയും മററിലകളും കൊണ്ടു മൂടി കോട്ടയ്ക്കുപുറത്തു് ഒരു ഗൂഢസ്ഥലത്തു കൊണ്ടുചെന്നു് താൻവരുന്നതുവരെ അവനെ അവിടെ സൂക്ഷിച്ചുകൊള്ളുവാൻ ഭൃത്യനോടു ആജ്ഞാപിച്ചിട്ടു് ക്ഷണത്തിൽ കൊട്ടാരത്തിൽ രാജകുമാരൻെറ മുറിയിൽവന്നു് മെത്തയ്ക്കു സമീപം മുട്ടുകുത്തി തൻെറ ഉറങ്ങുന്ന പുത്രനെ തലോടി താരാട്ടു പാടിക്കൊണ്ടിരുന്നു. അല്പസമയം കഴിഞ്ഞു് ബൊൻബീർ മുറിയിൽ പ്രവേശിച്ചു് ഒരു ക്രൂരനോട്ടത്തോടെ ഉദയസിംഹൻ എവിടെ എന്നു ചോദിച്ചു. ധാത്രി ഹൃദയവ്യഥനിമിത്തം സംസാരിക്കാൻ കഴിവില്ലാതെ രാജകുമാരൻെറ വസ്ത്രം ധരിച്ചു കിടന്നുറങ്ങുന്ന തൻെറ പുത്രനെ ഒരു നോട്ടംകൊണ്ടു് കാണിച്ചു. ബൊൻബീർ സന്തോഷചിത്തനായി തൻെറ കഠാരം ഊരി ശിശുവിൻെറ നെഞ്ചത്തു കുത്തിയിറക്കി അവനെ കൊന്നു. ഈ ക്രൂരകൃത്യംചെയ്യാൻ മററാരെയെങ്കിലും ഏല്പിച്ചാൽ വല്ല ഉപായവും പ്രവത്തിച്ചേക്കുമെന്നു ഭയന്നാണു് ബൊൻബീർ താൻതന്നെ വന്നതു്. നിഷ്കളങ്കനായ തൻെറ പുത്രനെ ഇങ്ങനെ വധി

ച്ചതു കണ്ടിട്ടു് പൂന്ന വലിയവായിലെ നിലവിളിച്ചുകൊണ്ടു് അവൻെറ മൃതശരീരം കെട്ടിപ്പിടിച്ചു് ആശ്ലേഷം ചെയ്തു. അന്തഃപുരത്തിലെ മററു സ്ത്രീകളും വന്നു കൂട്ടം നിലവിളിയായി. റാണാസംഗാവിൻെറ കുലം അററുപോയി എന്നായിരുന്നു അവർ വിചാരിച്ചതു്. ബാൻബീർ തൻെറ കൃത്യത്തിൻെറ തെളിവുകൾ ക്ഷണത്തിൽ നശിപ്പിക്കുന്നതിനു് ശിശുവിൻെറ ശരീരം ഉടൻതന്നെ ദഹിപ്പിക്കാൻ കല്പിക്കയും അങ്ങനെ ധാത്രീപുത്രൻെറ ശവദാഹം രാജപദവികളോടുകൂടെ ആ രാത്രിയിൽ തന്നെ നടത്തപ്പെടുകയും ചെയ്തു.

അനന്തരം ധാത്രി തന്നെ ഭരമേല്പിച്ച ഉദയസിംഹനെ ഒളിച്ചു സൂക്ഷിച്ചിരുന്ന സ്ഥലത്തു് ഓടി എത്തി. പിന്നെ അവളും അവളുടെ വരവിനെ പ്രതീക്ഷിച്ചുനിന്ന ഭൃത്യനുംകൂടെ ഉദയസിംഹനെയുംകൊണ്ടു് ചിററൂർവിട്ടു് ദിയോലാവിലേക്കു പോയി, അവിടത്തെ രാജാവായ സിംഗ് ബാവോവിനോടു രാജകുമാരനു് അഭയം അപേക്ഷിച്ചു; എന്നാൽ ബാൻബീരിനെയുള്ള ഭയംനിമിത്തം അദ്ദേഹം അവരുടെ അപേക്ഷയെ നിരാകരിക്കയാണുണ്ടായതു്. പിന്നെ അവർ അവിടെനിന്നു ശിശുവിനെയും കൊണ്ടു് ദാങ്കർപുരം പ്രഭുവിൻെറ അടുക്കലേക്കു പോയി. ആ പ്രഭുവിന്നും രാജകുമാരനെ തൻെറ സംരക്ഷണത്തിൽ എടുക്കാൻ മനസ്സുണ്ടായില്ല. ഇച്ഛാഭംഗത്താലും ശ്രമത്താലും മ്ലാനയായ ധാത്രി അധൈര്യപ്പെടാതെ രാജകുമാരനു് ഒരഭയസ്ഥാനം അന്വേഷിച്ചു് പിന്നെയും പുറപ്പെട്ടു്, അരാവലി പവ്വതനിരയുടെ താഴ്വാരങ്ങളിൽകൂടിസഞ്ചരിച്ചു് കോമൽമേർ എന്ന സ്ഥലം പ്രാപിച്ചു. വനാന്തരങ്ങളിൽ കൂടെയുള്ള ഈ യാത്ര അവക്കു എത്രയോ ക്ലേശകരമായിരുന്നു. പകലത്തെ വെയിലും രാത്രിയിലത്തെ തണുപ്പും അസഹ്യമായിരുന്നു. പലപ്പോഴും അവക്കു വിശ

ല്പടക്കുന്നതിന്നു് ആ കാട്ടിൽ വസിച്ചിരുന്ന ബീൽജാതിക്കാർ കൊടുത്ത ഫലമൂലാദികളും ദാഹം ശമിപ്പിക്കുന്നതിന്നു് അരുവികളിലെ വെള്ളവും മാത്രമേ ഉണ്ടായിരുന്നുള്ളു.

അനേകദിവസം കഷ്ടതകൾ സഹിച്ചു സഞ്ചരിച്ചു കോമൽമേരിൽ എത്തിയാറെ അവിടത്തെ നാടുവാഴിയായ അസാസാ എന്ന ജയിനന്റെ അടുക്കൽ ചെന്നു് പന്ന ഇങ്ങനെ പറഞ്ഞു:—അവിടത്തെ രാജാവിനെ അവിടുത്തെ കയ്യിൽ ഞാൻ ഭരമേല്പിക്കുന്നു. തിരുമേനിയെ യഥായോഗ്യം സൂക്ഷിച്ചുകൊള്ളണേ. ഈ ശിശു അവിടത്തെ രാജാവായ റാണാസംഗാവിന്റെ പുത്രനാണു്. ബാൻബീരിന്റെ ക്രൂരതയിൽനിന്നു തെററിയൊഴിഞ്ഞു് ഞാൻ ഇവിടെ കൊണ്ടു വന്നിരിക്കുന്നു. റാണാസംഗാവിന്റെ കുലത്തിൽ ഈ ശിശുവല്ലാതെ വേറെയാരും ശേഷിച്ചിട്ടില്ല.” ബാൻബീരിനേയും അദ്ദേഹത്തെ രാജാവാക്കിയ ശക്തന്മാരായ പ്രഭുക്കന്മാരേയും ഭയപ്പെട്ടിരുന്ന അസാസാ ഇതുകേട്ടു പരിഭ്രമിച്ചു് അത്ര വലിയ ഒരു ഭാരം വഹിക്കാൻ താൻ ആളല്ലെന്നുള്ള ഭാവം പ്രദർശിപ്പിച്ചു. എന്നാൽ അസാസായുടെ അമ്മ അദ്ദേഹത്തെ ശാസിച്ചു. “മകനെ, നിന്റെ വിശ്വസ്തതയും സ്വാമിഭക്തിയും എവിടെ? വിശ്വസ്തതയ്ക്കു് ഭാവിവിപത്തുകളെപ്പററി ഭയമില്ല ഈ കുമാരൻ നിനക്കു വളരെ ഗുണങ്ങൾ ചെയ്തിട്ടുള്ള മഹാത്മാവായ സംഗാവിന്റെ പുത്രനല്ലയോ? അവനെ നാം രക്ഷിക്കതന്നെ വേണം” എന്നു് ആ മഹതി പറഞ്ഞു.

ഈ വാക്കുകൾ കേട്ടു് അസാസാ ധൈര്യം അവലംബിച്ചു് രാജകുമാരന്റെ സംരക്ഷണം കയ്യേററു. കുമാരൻ ആരാണെന്നു പ്രസിദ്ധമാകാതിരിക്കുന്നതിന്നും മററു സൌകര്യങ്ങൾ ആലോചിച്ചും അവൻ തന്റെ ഭാഗിനേ

യനാണെന്ന് ഒരു പ്രസ്താവവും പ്രചരിപ്പിച്ചു. ഉദയസിംഹനുവേണ്ടി സ്വപുത്രനെ ബലികഴിക്കയും അനേകം കഷ്ടതകൾ സഹിക്കയും ചെയ്ത പന്ന ഇങ്ങനെ തന്റെ പ്രതിജ്ഞയെ നിറവേററിയശേഷം അവിടെ താമസിക്കാതെ സ്വദേശത്തേക്കു അതിദുഃഖത്തോടെ മടങ്ങിപ്പോയി. ഒരു ജൈനശിശുവിന്നു ഒരു രാജപുത്രസ്ത്രീ ധാത്രിയായി കാണപ്പെട്ടന്നതു സംശയത്തിന്നു കാരണമാകയക്കാം എന്നു അവർ പറഞ്ഞു. അവർ ചിററൂരിൽ മടങ്ങി എത്തി, തന്റെ രാജ്യം അതിന്റെ ന്യായമായ അവകാശിക്കു ലഭിക്കുന്ന കാലം പ്രതീക്ഷിച്ചുകൊണ്ടും അതിന്നായി പ്രാൎത്ഥിച്ചുകൊണ്ടും ഇരുന്നു. ചില സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ ബാൻബീരിന്റെ ഭരണം പ്രഭുക്കന്മാൎക്കും മററു പ്രജകൾക്കും വിരസവും ദുസ്സഹവുമായി തീൎന്നു. ഇതായിരുന്നു പന്ന പ്രതീക്ഷിച്ചിരുന്ന അവസരം. ഉദയസിംഹൻ ജീവനോടിരിക്കുന്നുണ്ടെന്നു് അവൾ തെളിയിക്കയും പ്രഭുക്കന്മാർ ബാൻബീരിനെ സ്ഥാനഭ്രഷ്ടനാക്കി ഉദയസിംഹനെ മീവാറിലെ രാജാവായി അഭിഷേകം ചെയ്കയും ചെയ്തു.

പന്ന ഇഹലോകവാസം വെടിഞ്ഞപ്പോൾ അവളുടെ സമാധിസ്ഥലത്തു് ഉദയസിംഹൻ അവളുടെ ഓൎമ്മയ്ക്കായി മാർബിൾക്കല്ലുകൊണ്ടു പണിയിച്ച അതിമനോഹരമായ കുടീരം ഇപ്പോഴും ഉണ്ടു്.

---

# പ്രതികാരേച്ഛാശൂന്യനായ അറബി.

മുൻകാലങ്ങളിൽ അറേബിയയിലെ ജനങ്ങൾ ഒരു സ്ഥലത്തു ഭവനങ്ങൾ പണിതു് അവിടെ സ്ഥിരവാസം ചെയ്യാതെ കൂടാരങ്ങളിൽ ആയിരുന്നു പാൎത്തുവന്നതു്. അവരുടെ സമ്പത്തു് ആട്ടുമാട്ടുകൾ, ഒട്ടകം, കുതിര മുതലായ മൃഗങ്ങൾ ആയിരുന്നതിനാൽ ഒരു സ്ഥലത്തു അവയ്ക്കുള്ള തീററി തീൎന്നുപോകുമ്പോൾ അവർ അവിടെനിന്നു നീങ്ങി തീററി സുലഭമായ വേറൊരുസ്ഥലത്തു് കൂടാരമടിച്ചു പാൎക്കും. അധികം മൃഗങ്ങൾ ഉള്ളവൎക്കു അവയെ വിററുകിട്ടുന്ന പൊന്നും വെള്ളിയും കൂടെ സമ്പാദ്യമായിട്ടു് ഉണ്ടാകും.

H.558

ഒരു ദിവസം രാത്രി യൂസുപ്പു് എന്നു പേരായ ഒരു അറബിധനികൻ തന്റെ പുത്രനെ ആരൊ കൊന്നുകളകനിമിത്തം ഘാതകനെ കണ്ടുപിടിക്കുന്നതിന്നു ദൂതന്മാരെ നാലുദിക്കിലേക്കും അയച്ചിട്ടു് ഖിന്നമാനസനായി തന്റെ കൂടാരവാതില്ക്കൽ ഇരിക്കുമ്പോൾ, അദ്ദേഹത്തിന്നു അപരിചിതനായ ഒരുവൻ ഓടിവന്നു് ഇങ്ങനെ പറഞ്ഞു:—യജമാനനേ, താങ്കളുടെ കൂടാരത്തിൽ ഇന്നെനിക്കു് അഭയം തരേണമേ. അഗതിയായ എന്നെ തിരഞ്ഞു ശത്രുക്കൾ നാലുദിക്കിലും ഓടിനടക്കുന്നു. എനിക്കു തല ചായ്ക്കാൻ ഒരിടവും ഇല്ല. എന്നെ കണ്ടെത്തിയാൽ അവർ കൊന്നുകളയും. താങ്കളെ നീതിമാനും ദയാലുവുമായ യൂസുപ്പു് എന്നാണല്ലോ എല്ലാവരും കീൎത്തിക്കുന്നതു്. എനിക്കു ഇന്നത്തേക്കു് ഇവിടെ അഭയം തരുവാൻ കരുണയുണ്ടാകേണമേ.

യൂസുപ്പു്:—സ്നേഹിതാ, ഈ കൂടാരം എനിക്കുള്ളതല്ല, ദൈവത്തിന്നുള്ളതാകുന്നു. അകത്തുവന്നു് സമാ

ധാനത്തോടിരുന്നുകൊൾക. ഇതിൽ സംഗ്രഹിച്ചിട്ടുള്ള സാധനങ്ങളും ദൈവം തന്നിട്ടുള്ളവയാകുന്നു. അവയെ എനിക്കെന്നപോലെത്തന്നെ നിനക്കും അനുഭവിക്കാം. ദൈവം തരുന്ന പദാൎത്ഥങ്ങൾകൊണ്ടു് നാം ഉണ്ടാക്കുന്ന ചെറിയ കൂടാരങ്ങൾ അവൻ ഉണ്ടാക്കീട്ടുള്ള മഹത്തേറിയ കൂടാരത്തിന്നടിയിൽ നിൽക്കുന്നു. അവൻെറ കൂടാരവാതില്ക്കൽ ചെല്ലുന്നവരെ അവൻ ഒരിക്കലും തിരസ്കരിക്കയില്ലല്ലോ.

ഇങ്ങനെ യൂസുപ്പ് തൻെറ സ്ഥിതിക്കനുരൂപമായ വിധത്തിൽ ആഗതനെ സൽക്കരിച്ചിട്ടു് കൂടാരത്തിൽ ഉറക്കത്തിനുള്ള സൌകൎയ്യങ്ങളും ഉണ്ടാക്കിക്കൊടുത്തു. പിന്നെ യൂസുപ്പ് ഉദയത്തിനു മുമ്പുതന്നെ അവനെ വിളിച്ചുണൎത്തി "സ്നേഹിതാ, നേരം വെളുക്കാറായി. അതാ വേഗമുള്ള ഒരു കുതിരയെ ജീനിട്ടു തെയ്യാറാക്കിനിറുത്തിയിരിക്കുന്നു. നിനക്കൊരു രക്ഷാമാൎഗ്ഗം കിട്ടുന്നതുവരെ നിൻെറ ഉപജീവനത്തിന്നായി ഈ പണസഞ്ചിയും എടുത്തുകൊൾക" എന്നു പറഞ്ഞുകൊണ്ടു് പണസഞ്ചി അവന്നു കൊടുത്തു.

യൂസുപ്പിൻെറ നിഷ്കളങ്കതയും സ്നേഹവും ഔദാൎയ്യവും അവൻെറ പുത്രൻെറ ഘാതകനായ അതിഥിയെ പരാജിതനാക്കി. അവൻ യൂസുപ്പിൻെറ മുമ്പിൽ മുട്ടുകുത്തി അദ്ദേഹത്തിൻെറ കൈപിടിച്ചു ചുംബനം ചെയ്തുകൊണ്ടു് സഗദ്ഗദം ഇങ്ങനെ പറഞ്ഞു:—"യജമാനനേ, അങ്ങേ ഔദാൎയ്യവും സ്നേഹവും എന്നെ പരാജിതനാക്കിയിരിക്കുന്നു. എനിക്കു അങ്ങയെ വിട്ടു് ഇങ്ങനെപോകാൻ സാധിക്കുന്നില്ല. അങ്ങിത്ര സ്നേഹത്തോടെ സൽകരിച്ചു പറഞ്ഞയയ്ക്കുന്നതു് അങ്ങേ പുത്രനെക്കൊന്ന ഇബ്രാഹിമിനെയാണു്. എനിക്കൊരു സമാധാന

വും പറയാനില്ല. എന്നെ അന്വേഷിച്ചു നടക്കുന്ന അങ്ങേ ദൂതന്മാരെ എനിക്കിപ്പോൾ ഭയമില്ല. അവർ എന്നോടു എന്തു ചെയ്താലും ഞാനതിന്നു പാത്രവാനാണു്. എന്റെ ദുഷ്കൃത്യത്തിന്നു് എനിക്കൊരു സമാധാനവും പറവാനില്ല. അങ്ങേയിഷ്ടംപോലെ എന്നോടു വർത്തിക്കാം."

യൂസുപ്പ്:—സ്നേഹിതാ, ഇതിന്റെ മൂന്നിരട്ടി പണമിതാ, അതെടുത്തുകൊണ്ടു പൊയ്ക്കൊള്ളുക. എന്നെ വിഷമിപ്പിച്ച പ്രതികാരേച്ഛയും നിന്നോടുകൂടെ തിരിച്ചു വരാതവണ്ണം എന്നെ വിട്ടുപോകുന്നു. നിന്നെ ഇങ്ങനെ സ്വീകരിച്ചു സൽക്കരിച്ചതിനാൽ എന്റെ പ്രതികാരവും നടത്തി കഴിഞ്ഞിരിക്കുന്നു. എന്റെ മനസ്സിന്നു സമാധാനമായി.

യൂസുപ്പ് ഇബ്രാഹിമിനെ വിട്ടയച്ച കാലത്ത് അ രാജ്യത്തെ സ്വീകൃതനിയമം "നിങ്ങളുടെ ഇടയിൽ അതുപോലെയുള്ള ദോഷം നടക്കാതിരിക്കേണ്ടതിന്നു ശേഷമുള്ളവർ കേട്ടു ഭയപ്പെടണം. നിനക്കു കനിവു തോന്നരുതു്; ജീവന്നു പകരം ജീവൻ, കണ്ണിന്നു പകരം കണ്ണ്, പല്ലിന്നു പകരം പല്ല്, കൈക്കു പകരം കൈ, കാലിന്നു പകരം കാൽ" എന്നായിരുന്നു. നിഹതന്റെ ബന്ധുക്കൾക്കുതന്നെ കുററക്കാരനെ പിടിച്ചു പ്രതികാരം ചെയ്യാൻ അധികാരവും ഉണ്ടായിരുന്നു.

VILASOM GRANDHASALA

---

# ദീനദയാലുവായ പുരോഹിതൻ.

---

ജെർമനിയും ഫ്രാൻസും തമ്മിൽ ൧൮൭൦—൭൧-ൽ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ഫ്രാൻസിന്റെ ഉത്തരപ്രദേശത്തുള്ള ഒരു ഗ്രാമത്തിൽക്കൂടെ കടന്നുപോയ ഒരു സംഘം ജെർമൻ പട്ടാളക്കാരുടെ നേരെ ആ ഗ്രാമത്തിൽ ആരോ ഒളിച്ചിരുന്നു വെടിവച്ചു് അവരിൽ ആറാളുകളെ കൊന്നുകളഞ്ഞു. ആ സംഘത്തിന്റെ നായകൻ ക്രുദ്ധിച്ചു് "ഇനിയൊരു ഗ്രാമത്തിൽ ചെല്ലുമ്പോൾ ഇങ്ങനെയാരും ചെയ്യാൻ ഇടവരരുതു്" എന്നു പറഞ്ഞുകൊണ്ടു് ആ ഗ്രാമക്കാരിൽ ആറുപേരെ പിടിച്ചുകെട്ടി വെടിവെച്ചുകൊല്ലാൻ കല്പനകൊടുത്തു. ആരാണു കുററക്കാരൻ എന്നു് ഒരന്വേഷണം നടത്താൻപോലും ആ കാപ്ററന്നു ക്ഷമയുണ്ടായില്ല. ഇങ്ങനെ പട്ടാളക്കാർ ഗ്രാമത്തിലെ പ്രധാനന്മാർ എന്നു് അവൎക്കു തോന്നിയ ആറു പേരെ ബന്ധനസ്ഥരാക്കി തങ്ങളോടുകൂടെ കൊണ്ടുപോയി അടുത്തഗ്രാമത്തിലെ മെയറിന്റെ ഭവനത്തിൽ ഒരു മുറിയിൽ പൂട്ടിയിട്ടു.

ആ സാധുക്കളെ പിറേറന്നു രാവിലെ വെടിവെക്കാൻ നിശ്ചയിച്ചിരുന്നതിനാൽ ആ രാത്രി തന്നെ അവരെ ചെന്നുകണ്ടു് ചില ആശ്വാസവാക്കുകൾ പറവാൻ അനുവദിക്കണമെന്നു് അവരുടെ ഗ്രാമത്തിലെ പുരോഹിതൻ കാപ്ററനോടു അപേക്ഷിക്കയും കാപ്ററൻ അനുവദിക്കുകയും ചെയ്തു. പുരോഹിതൻ അവരെ എല്ലാവരെയും പരിഭ്രമിച്ചു ഭയാകുലരായും ചിലരെ തന്റെ വാക്കുകൾ ശ്രദ്ധവെച്ചു കേൾക്കാൻ പോലും കഴിവില്ലാത്തവരായും കണ്ടു. ആ ആറാളുകളിൽ ഒരുത്തൻ ആയിട ഭാൎയ്യ മരിച്ചവനും അഞ്ചു ചെറിയ കുഞ്ഞുങ്ങൾ

ഉള്ളവനും ആയിരുന്നു. തന്റെ കുഞ്ഞുങ്ങളുടെ ഭാവിയെപ്പററി അവൻ ആശ്വാസമില്ലാതെ അതിദുഃഖത്തോടെ കരഞ്ഞു കൊണ്ടിരുന്നു. ആ കുഞ്ഞുങ്ങൾ പട്ടിണികിടന്നു കഷ്ടപ്പെട്ടു മരിക്കാതെ പട്ടാളക്കാർ അവരെയും പിടിച്ചു കൊന്നുകളയണമെന്നായിരുന്നു അവന്റെ പ്രാർത്ഥന.

അവനെ ആശ്വസിപ്പിക്കാൻ പുരോഹിതൻ ചെയ്ത ശ്രമങ്ങളെല്ലാം നിഷ്ഫലമായിപ്പോയി. അതിനാൽ അദ്ദേഹം ദീനമാനസനായി അവരെ വിട്ട് കാപ്ററൻ രാത്രി താമസിക്കാൻ നിശ്ചയിച്ച സ്ഥലത്തേക്ക പോയി കാപ്ററനെ കണ്ടു് ഇങ്ങനെ പറഞ്ഞു:—

"കാപ്ററനെ. നിങ്ങളുടെ പടയാളികളിൽ ആറുപേരെ എന്റെ ഗ്രാമത്തിൽ വെച്ചു് ആരോ വെടിവെച്ചു കൊന്നതിനു പകരം അവിടെനിന്നു് ആറുപേരെ നിങ്ങളുടെ കല്പനപ്രകാരം പിടിച്ചു കൊണ്ടുപോന്നിട്ടുണ്ടല്ലോ. അവരിൽ ആരുമല്ല നിങ്ങളുടെ പടയാളികളെ വെടിവെച്ചതു്. നിങ്ങളുടെ ഉദ്ദേശവും കുററം ചെയ്തവരെ ശിക്ഷിക്കണമെന്നല്ല, വേറെ ഏതെങ്കിലും ഗ്രാമത്തിൽ ഇങ്ങനെ സംഭവിക്കരുതു് എന്നാണല്ലോ. അതുകൊണ്ടു് മരിച്ചവൎക്കുപകരം ആ ഗ്രാമക്കാരിൽ ആറുപേരെ കൊല്ലണമെന്നല്ലാതെ ഇന്നാരെ കൊല്ലണമെന്നു നിങ്ങൾക്ക ശാഠ്യമുണ്ടാകയില്ലല്ലോ. കൊല്ലപ്പെടുന്നവർ ആ ഗ്രാമക്കാൎക്ക മാത്രമല്ല, സമീപഗ്രാമങ്ങളിലുള്ളവൎക്കും സുപരിചിതന്മാരും അവരുടെയിടയിൽ പ്രശസ്തിയുള്ളവരും ആയിരിക്കുന്നതു നിങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിന്നു് കുറച്ചുകൂടി അനുകൂലമായിരിക്കും.

നിങ്ങളുടെ കല്പനപ്രകാരം പിടിച്ചുകൊണ്ടുപോന്നിട്ടുള്ളവരിൽ ഒരാളിന്റെ ഭാൎയ്യ ഈയ്യിടയാണു് മരിച്ച

പോയതു്. അവന്നു് അഞ്ചു ചെറിയ കുഞ്ഞുങ്ങൾ ഉണ്ടു്. അവരെ സംരക്ഷിക്കുന്നതിന്നും പോററിവളത്തുന്നതിന്നും അവൻ മാത്രമേയുള്ളു. അവനെ കൊന്നാൽ ആ ചെറിയ കുട്ടികൾ അനാഥരായി അനേകം കഷ്ടപ്പാടുകൾ അനുഭവിക്കാൻ ഇടയുള്ളതിനാൽ അവൻെറ സ്ഥാനത്തു് എന്നെ എടുത്തുകൊണ്ടു് അവനെ വിട്ടയയ്ക്കണമെന്നു് അപേക്ഷിക്കാനാണു ഞാൻ വന്നതു്. ഞങ്ങൾ രണ്ടുപേരും ഇക്കാൎയ്യത്തിൽ ഒരുപോലെ നിർദ്ദോഷികളാണു്. എന്നെ കൊല്ലുന്നതു് നിങ്ങളുടെ ഉദ്ദേശസാധ്യത്തിന്നു് അധികം അനുകൂലവുമായിരിക്കും."

വിചാരവിഹീനനും നീതിബോധമില്ലാത്തവനുമായ കാപ്ററൻ പുരോഹിതൻെറ അപേക്ഷ സ്വീകരിക്കയും കാപ്ററൻെറ കല്പനപ്രകാരം പടയാളികൾ പുരോഹിതനെ ബന്ധനസ്ഥനാക്കി പിറെറന്നു വധിക്കുന്നതിനായി മുറിയിലാക്കി അടയ്ക്കുകയും മററവനെ വിട്ടയയ്ക്കുകയും ചെയ്തു.

അന്നുരാത്രി പട്ടാള ഉദ്യോഗസ്ഥന്മാർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ കാപ്ററൻ പുരോഹിതൻെറ അപേക്ഷയെപ്പററി യാദൃച്ഛികമായി പ്രസ്താവിച്ചതുകേട്ടു് സേനാനായകൻ പുരോഹിതൻെറ മഹൽകൃത്യത്തെപ്പററി അനുകമ്പപൂണ്ടു് പുരോഹിതനെ മാത്രമല്ല ശേഷം തടവുകാരെയും വിട്ടയയ്ക്കാൻ കല്പിച്ചു.

---

## സ്വയത്യാഗിയായ സഹോദരൻ.

ഇംഗ്ലണ്ടിൽ കമ്പർലണ്ടു് എന്ന സ്ഥലം മലകളും കാടുകളും അധികമുള്ള ഒരു പ്രദേശമാകുന്നു. അവിടെ ഹെലെൻ എന്നു പേരായ ഒരു യുവതി ഉണ്ടായിരുന്നു. ഒരു ദരിദ്ര കുടുംബത്തിലാണു ജാതയായതെങ്കിലും സുമുഖിയും സുശീലയും ആയ അവളെ അവളുടെ പതിനേഴാമത്തെ വയസ്സിൽ അവൾക്കനുരൂപനായ ഒരു യുവാവു് വിവാഹം ചെയ്തു. അവർ അന്യോന്യാനുരാഗം നിമിത്തം വിവാഹം ചെയ്തതാകയാൽ അവരുടെ ദാമ്പത്യജീവിതം സൌഭാഗ്യത്തിൽ ആരംഭിച്ചു. ഉപജീവനത്തിന്നായി അവർ കുറെ നിലം പാട്ടത്തിനേറ്റു് കൃഷി തുടങ്ങി. എന്നാൽ, കൃഷിയിൽ അവക്കു പരിചയമില്ലാതിരുന്നതിനാൽ ആയിരിക്കാം അവരുടെ കൃഷി നഷ്ടത്തിൽ പരിണമിച്ചു. ഇങ്ങനെ മൂന്നു വഷം ദാരിദ്ര്യത്തിൽ കഴിഞ്ഞപ്പോൾ ഭത്താവു് രോഗബാധിതനായി മരിച്ചു. അപ്പോൾ ഹെലെന്നു് ഒരു പുത്രിയും രണ്ടാമതൊരു കുഞ്ഞിനെ ഗർഭവും ഉണ്ടായിരുന്നു.

ഭത്താവിന്റെ മരണാനന്തരം ഹെലെന്റെ ജീവിതം കഷ്ടതരമായി തീൻ. കൃഷിയുടെ ഉപയോഗത്തിനു് അവർ വാങ്ങി നിറുത്തിയിരുന്ന കുതിര മുതലായ മൃഗങ്ങളിൽ ചിലതെല്ലാം ചത്തുപോയി, ചിലതിനെയെല്ലാം കടക്കാക്കു കൊടുക്കേണ്ടിവന്നു. വേറെ മൃഗങ്ങളെ വാങ്ങാനോ കൃഷിനടത്താൻ ആളെ വയ്ക്കാനോ അവൾക്കു പണവുമില്ലായിരുന്നു. അവളുടെ പ്രസവകാലം അടുത്തുവന്നതും അവളെ നന്നാ വിഷമിപ്പിച്ചു. അവളുടെ ഈ സങ്കടാവസ്ഥയെപ്പററി അറിഞ്ഞു മനസ്സലിഞ്ഞു് അവളുടെ മൂത്ത സഹോദരി ഫാനി വന്നു് അവളോടുകൂടെ

പാൎത്തു. ഇങ്ങനെ അവർ ഇരുവരുംകൂടി സമ്പാദിച്ച മുതലിൽ ഒരു കാശുപോലും അവർ ദുർവ്യയം ചെയ്തില്ലെങ്കിലും അതു് അവരുടെ ചെലവിനു മതിയായില്ല. ചില പ്പോഠം ഫാനിയുടെ സ്വന്തം മുതലിൽനിന്നും കുറേശ്ശെ എടുക്കേണ്ടിവന്നു. ഇപ്രകാരമുള്ള കഷ്ടതയിൽ ഹെലെൻറ പുത്രിയും ജ്വരം പിടിച്ചു മരിച്ചുപോയി. ഈ സംഭവം നിമിത്തം അവഠം സ്തംഭിച്ചുപോയതുപോലെ തോന്നി. അവഠം കരഞ്ഞില്ല, അവളുടെ കണ്ണിൽനിന്നു കണ്ണുനീർ പൊഴിഞ്ഞുമില്ല. അവഠം കുഞ്ഞിൻെറ കൈയ്യു പിടിച്ചുകൊണ്ടു് അതിനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അയല്ക്കാർ വന്നു് കുഞ്ഞിനെ കുഴിച്ചിടുന്നതിനായി എടുത്തുകൊണ്ടു പോയപ്പോഴും അവഠം കരയാതെ കുഞ്ഞിനെ കൊണ്ടുപോകുന്നതു് ജനലിൽകൂടെ നോക്കിക്കൊണ്ടിരുന്നു. ഫാനി ശവസംസ്കാരം കഴിഞ്ഞു മടങ്ങി വന്നപ്പോഴും കുഞ്ഞിനെ കൊണ്ടുപോയ വഴിയിലേക്കതന്നെ അവഠം നോക്കിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു.

ഇങ്ങനെ മൌനത്തിലും ജീവിതത്തിൽ സന്തോഷമില്ലാതെയും രണ്ടാഴ്ച കഴിഞ്ഞപ്പോഠം അവഠം ഒരു പുത്രനെ പ്രസവിച്ചു. അവളുടെ കണ്ണിൽനിന്നു് അശ്രുക്കഠം ധാരധാരയായി ഒഴുകാനും തുടങ്ങി. അവഠം ഇങ്ങനെ ഇടവിടാതെ കരഞ്ഞു തന്നെ അവഠംക്കു വല്ല ദോഷവും സംഭവിച്ചേക്കുമോ എന്നു ഫാനി ഭയപ്പെട്ടുപോയി. ഫാനി ശാസിച്ചാൽ എൻെറ തലയുടെ ഭാരം കുറഞ്ഞുകൊള്ളട്ടെ എന്നുമാത്രം ഹെലെൻ പറയും. അതിൽ പിന്നെ അവഠം തൻെറ പുത്രനുവേണ്ടി മാത്രമാണു് ജീവിച്ചതു്. തൻെറ ഭർത്താവിനെപ്പററിയാകട്ടെ പുത്രിയെപ്പററിയാകട്ടെ അവഠം യാതൊന്നും സംസാരിക്കയില്ലായിരുന്നു. പുത്രൻെറ ജനനത്തോടുകൂടെ അവരെ അവഠം വി

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL



സ്മരിച്ചു കളഞ്ഞു എന്നാണ് ഫാനി വിചാരിച്ചത്. പുത്രൻ ഗ്രെഗൊറി എന്നു നാമകരണവും ചെയ്തു.

ഫാനിക്കും ഹെലെനും നിത്യവൃത്തിക്കു വേണ്ടുന്ന പണം തന്നെ സമ്പാദിക്കാൻ കഴിയാഞ്ഞതിനാൽ ഗ്രെഗൊറി ബലഹീനനായി വളർന്നുവന്നു. അവർ പലപ്പോഴും പട്ടിണി കിടന്ന് അവന്നു വയറു നിറയെ ഭക്ഷണം കൊടുത്തുവന്നു എങ്കിലും പോഷകശക്തിയുള്ള ഭക്ഷണങ്ങൾ കൊടുക്കാൻ അവൾക്കു കഴിഞ്ഞില്ല. ശരീരം ശരിയായി വളരുന്നതിന് എന്തെങ്കിലും തിന്നു വയറു നിറച്ചാൽ പോരാ പ്രായത്തിന്നനുസരിച്ചുള്ള പോഷകപദാർത്ഥങ്ങൾ തന്നെ ഭക്ഷിക്കണമല്ലോ.

ഇങ്ങനെ അവർ കഷ്ടതയിൽ കാലം കഴിക്കുമ്പോൾ ആ പ്രദേശത്തെ ഒരു ധനികനായ വില്യം പ്രെസ്റ്റൻ യദൃച്ഛയാ അവിടെ വരുന്നതിനിടയായി. അവൻ നാല്പതു വയസ്സിലധികം പ്രായമുള്ളവനായിരുന്നെങ്കിലും അവിവാഹിതനായിരുന്നു. ഹെലെൻെറ സുമുഖവും ശീലഗുണവും അവൻെറ ഹൃദയത്തെ ആകർഷിച്ചു. ഇങ്ങനെ ഗ്രെഗൊറിയെ തൻെറ സ്ഥിതിയനുസരിച്ചു വളർത്തിക്കൊണ്ടുവരികയും വിദ്യാഭ്യാസം പ്രദാനം ചെയ്കയും ചെയ്തുകൊള്ളാമെന്ന് അവൻ വാഗ്ദത്തം ചെയ്കയാൽ അവനും ഹെലെനും തമ്മിലുള്ള വിവാഹത്തിനു ഹെലെനും സമ്മതിച്ചു.

അവരുടെ വിവാഹാനന്തരം ഹെലെനും ഗ്രെഗൊറിയും പ്രെസ്റ്റനോടുകൂടെ താമസമായി. പ്രെസ്റ്റൻ തന്നെ പിന്നീടൊരിക്കൽ പ്രസ്താവിച്ചപ്രകാരം ഹെലെൻെറ പെരുമാററവും സംസാരവും ഒരു മാതൃകാഭാര്യയുടേതുതന്നെയായിരുന്നു. എങ്കിലും അവളുടെ പ്രവൃത്തികളിലും വാക്കുകളിലും ഒരു ഭാര്യയുടെ സ്നേഹം സ്ഫുരിച്ചിരു

ന്നില്ല. അവളുടെ ആദരവും അനുസരണവും അവൻ പ്രതീക്ഷിച്ചിരുന്നതിലധികം ആയിരുന്നെങ്കിലും അവളുടെ പുഞ്ചിരി അനുഭവിക്കാൻ അവന്നു ഭാഗ്യമുണ്ടായില്ല. അവളുടെ സ്നേഹമെല്ലാം ഗ്രെഗൊറി അപഹരിച്ചിരുന്നു. കാലക്രമേണ അവൾക്കു ഭർത്താവിനോടു സ്നേഹം ഉണ്ടായേക്കാമായിരുന്നു. എന്നാൽ അവന്നു് ആ കാലം പ്രതീക്ഷിച്ചിരിക്കാൻ ക്ഷമയുണ്ടായില്ല. തന്നെ കാണുമ്പോൾ അവളിൽ കാണപ്പെടുന്ന നിർവ്വികാരത്വവും ഗ്രെഗൊറിയെ കാണുമ്പോൾ അവൾക്കുണ്ടായ മുഖപ്രസന്നതയും അവനിൽ അസൂയ ജനിപ്പിച്ചു. ഹെലെന്നും ആരാൻെറ പുത്രന്നും ആവശ്യമുള്ളതെല്ലാം കൊടുത്തിട്ടും അവരുടെ സുഖത്തിന്നു വേണ്ടതെല്ലാം ചെയ്തിട്ടും ഹെലെൻെറ സ്നേഹമില്ലായ്മയ്ക്കുള്ള കാരണം ആ ആരാൻെറ പുത്രൻ തന്നെയാണല്ലോ എന്നുള്ള വിചാരം അവനിൽ പ്രബലപ്പെട്ടുവന്നു.

ഒരു ദിവസം ഗ്രെഗൊറി ശിശുക്കൾക്കു സഹജമായ എന്തോ ചാപല്യം കാണിച്ചപ്പോൾ പ്രെസ്റ്റൻ, അതുവരെ ഉള്ളിൽ അടക്കിയിരുന്ന കോപം ജ്വലിച്ചിട്ടു്, ഗ്രെഗൊറിയെ കഠിനമായി ദേഷ്യപ്പെടുകയും ശകാരിക്കയും ചെയ്തു. അവന്നു മൂന്നു വയസ്സു തികഞ്ഞതേയുള്ളല്ലോ എന്നു് ഹെലെൻ സമാധാനം പറഞ്ഞു. ഉടനെ ആരാൻെറയും ഇരപ്പാളിക്കുഞ്ഞിനെ പോററിയാൽ പോരാ ഭാര്യയുടെ ധിക്കാരവും കേൾക്കണമല്ലോ എന്നു പ്രെസ്റ്റൻ പരുഷതരമായി സംസാരിച്ചു. ഹെലെൻ അന്നു ഗർഭിണിയായിരുന്നു. ഭർത്താവിൻെറ കഠിനവാക്കുകൾ കേട്ടുണ്ടായ വേദന നിമിത്തം ഹെലെന്നു് അന്നുതന്നെ പ്രസവവേദനയുണ്ടാകയും അവൾ ഒരു പുത്രനെ പ്രസവിക്കയും ചെയ്തു.

അകാലപ്രസവത്താലുണ്ടായ രോഗംനിമിത്തം, പ്രെസ്റ്റൻ ധനവ്യയം ആലോചിക്കാതെ ദൂരദേശങ്ങളിൽനി

ന്നപോലും വിശ്രുതന്മാരായ വൈദ്യന്മാരെ വരുത്തി ചികിത്സിച്ചുവെങ്കിലും ഹെലെൻ ചില ദിവസങ്ങൾ കഴിഞ്ഞു ചരമം പ്രാപിച്ചു. ഹെലെന്നുതന്നെയും താൻ മരിച്ചുപോകുമെന്നു് അറിയാമായിരുന്നു എന്നു തോന്നുന്നു. എന്തെന്നാൽ അവളുടെ മരണത്തിന്നു അല്പംമുമ്പു് അവൾ ഗ്രെഗൊറിയെ വരുത്തി അവൻെറ ഇളയ സഹോദരൻെറകൂടെ കിടത്തി അവരുടെ രണ്ടുപേരുടെയും കൈകൾ കൂട്ടിപ്പിടിപ്പിച്ചുകൊണ്ടു് അവരെ അങ്ങനെ മുഖപ്രസന്നതയോടെ നോക്കിക്കൊണ്ടു കിടന്നു. ആ സമയം പ്രെസ്റ്റനും ആ മുറിയിൽ വന്നു കയറി, കുഞ്ഞുങ്ങളെ നോക്കീട്ടു് കുനിഞ്ഞു് അവരോടു സുഖമുണ്ടൊ എന്നു വാത്സല്യത്തോടെ ചോദിച്ചു. ഹെലെൻ അവനെ നോക്കി പുഞ്ചിരിതൂകി. ഇതായിരുന്നു പ്രെസ്റ്റന്നു് അനുഭവിക്കാൻ ഭാഗ്യമുണ്ടായ അവളുടെ ആദ്യത്തെയും അവസാനത്തെയും പുഞ്ചിരി.

ഹെലെൻെറ മരണം പ്രെസ്റ്റന്നു ഗ്രെഗൊറിയോടുണ്ടായിരുന്ന വെറുപ്പു വൎദ്ധിപ്പിച്ചു. അവളുടെ അകാലപ്രസവത്തിനും മരണത്തിനും പ്രെസ്റ്റൻ അവനെയാണു് ഉത്തരവാദിയായി വിചാരിച്ചതു്. തങ്ങളുടെ അപരാധം ആലോചിക്കാതെ അബദ്ധങ്ങൾക്കു മററുള്ളവരെ കാരണക്കാരാക്കുക ചില മനുഷ്യരുടെ സ്വഭാവമാണല്ലോ. താൻ പറഞ്ഞ കഠിനവാക്കുകളായിരുന്നു ഹെലെൻെറ അകാലപ്രസവത്തിന്നു കാരണമെന്നുള്ള കാൎയ്യം പ്രെസ്റ്റൻ വിസ്മരിച്ചുകളഞ്ഞു.

ഹെലെൻെറ മരണാനന്തരം ഫാനിയുടെ പരിപാലനത്തിൽ ഗ്രെഗൊറിയും അനുജനും വളൎന്നുവന്നു. അനുജൻ ബലഹീനനായിരുന്നെങ്കിലും പിതാവിൻെറയും തന്മൂലം എല്ലാവരുടേയും ഓമനയായിരുന്നു. പ്രെസ്റ്റൻെറ ദാസീദാസന്മാരും കൃഷിക്കാരും അവനെ "കൊച്ചെജമാ

നൻ" എന്നായിരുന്നു വിളിച്ചുവന്നതു്. ഗ്രെഗൊറി സാധുശീലനും എല്ലാവരോടും സ്നേഹമുള്ളവനും, തന്നെ ഉപദ്രവിക്കുന്നവരോടു പകയില്ലാത്തവനും ആയിരുന്നെങ്കിലും പ്രെസ്റ്റന്നു് അവനോടു ഇഷ്ടമില്ലാതിരുന്നതിനാൽ ആരും അവനെ വകവെച്ചില്ല. പ്രെസ്റ്റന്റെ പ്രധാന അട്ടിടയൻ ആദാം എന്ന വൃദ്ധനു മാത്രമെ അവനോടു സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നുള്ളു.

ഹെലെൻ മരിച്ചുപോയെങ്കിലും പ്രെസ്റ്റൻ തന്റെ വാഗ്ദത്തത്തിൽനിന്നു പിൻമാറിയില്ല. ഗ്രെഗൊറിയോടു് അവന്നു വെറുപ്പായിരുന്നെങ്കിലും അനുജനുണ്ടായിരുന്ന സുഖസൌകര്യങ്ങളെല്ലാം ഗ്രെഗൊറിക്കും ലഭിച്ചിരുന്നു. രണ്ടു ബാലന്മാരെയും അവൻ ഒരേ പള്ളിക്കൂടത്തിൽതന്നെ അയച്ചു. ഗ്രെഗൊറി മന്ദബുദ്ധിയായിരുന്നതിനാലും പ്രെസ്റ്റന്നു ഇഷ്ടമില്ലാത്തവനാണെന്നറികയാലും അദ്ധ്യാപകന്മാർ അവനെ പതിന്മടങ്ങു താഴ്ത്തി പറകയും, അനുജന്റെ സാമർത്ഥ്യത്തെപ്പററി അതിശയോക്തി പ്രയോഗിക്കയും ചെയ്തുവന്നു. ഗ്രെഗൊറി സൌമ്യനും ആരെങ്കിലും തന്നെ ഉപദ്രവിക്കയോ പരിഹസിക്കയോ ചെയ്താൽ തൽക്ഷണം അതെല്ലാം വിസ്മരിച്ചിട്ടു് അവർക്കു് എന്തെങ്കിലും ആവശ്യം നേരിട്ടാൽ തന്റെ കഴിവിൻപ്രകാരം അതു നിർവ്വഹിച്ചു കൊടുക്കയും അവരോടു സ്നേഹമായിത്തന്നെ വർത്തിക്കയും ചെയ്യും. നേരെമറിച്ചു് അനുജൻ തനിക്കു ലഭിച്ചു ലാളനയും മുഖസ്തുതിയും നിമിത്തം ഗർവ്വിയായി തീൎന്നു. അവന്റെ പരിഹാസത്തിന്നും അവഹേളനത്തിന്നും ഗ്രെഗൊറിയായിരുന്നു പ്രധാനപാത്രം.

പ്രെസ്റ്റൻ ധനവാനായിരുന്നെങ്കിലും ഉൽകൃഷ്ടവിദ്യാഭ്യാസമില്ലാത്തവനായിരുന്നതിനാൽ ഗ്രെഗൊറിയും

അനുജനും സാമാന്യം നന്നായി വായിക്കാനും എഴുതാനും കണക്കുകൂട്ടാനും പഠിച്ചപ്പോൾ കൃഷിക്കാക്ക് അത്രയും വിദ്യാഭ്യാസം മതി എന്നു പറഞ്ഞുകൊണ്ടു് അവരുടെ വിദ്യാഭ്യാസം മതിയാക്കി, ഗ്രെഗൊറിയെ ആദാമിൻെറ സഹായിയായി ആടുകളെ മേയ്ക്കാനും സ്വപുത്രനെ കുടുംബഭരണത്തിൽ തൻെറ സഹായിയായും നിയമിച്ചു. ഗ്രെഗൊറി തന്നെ ഭരമേല്പിച്ച ജോലി വിശ്വസ്തതയോടെ നിർവ്വഹിച്ചു എങ്കിലും പ്രെസ്റ്റന്നു് അവനോടുള്ള വെറുപ്പു് ഒട്ടും കുറഞ്ഞില്ല. എന്നുമാത്രമല്ല ഗ്രെഗൊറിക്കു് ദുഃഖത്തിന്നിപ്പോൾ വേറൊരു കാരണംകൂടെ ഉണ്ടായി. ആടു മേയ്ക്കാൻ ചെന്നപ്പോൾ ആദാം അവന്നൊരു പട്ടിയെ സമ്മാനം കൊടുത്തു. കാണാൻ കൌതുകമുള്ളതായിരുന്നില്ലെങ്കിലും അതു വളരെ ബുദ്ധിയുള്ളതും സ്നേഹമുള്ളതും വിട്ടുമാറാതെ ഗ്രെഗൊറിയെ അനുഗമിക്കുന്നതും ആയിരുന്നു. ഗ്രെഗൊറി അതിനു ലാസ്സി എന്നു പേരിട്ടു. പ്രെസ്റ്റനിൽനിന്നു ലാസ്സിക്കു കിട്ടിയ ചവിട്ടും തൊഴിയും അതിൻെറ നിമിത്തം ഗ്രെഗൊറിക്കു കിട്ടിയ ശകാരവും കുറച്ചല്ലായിരുന്നു. പ്രെസ്റ്റൻ ലാസ്സിയെ അടിക്കയൊ തൊഴിക്കയൊ ചെയ്യുമ്പോൾ ഗ്രെഗൊറി അതിനെയും വിളിച്ചുകൊണ്ടു് പുറത്തെവിടെയെങ്കിലും പോയിരിക്കും.

ഹിമകാലത്തൊരു ദിവസം ഉച്ചതിരിഞ്ഞു് പ്രെസ്റ്റൻ തൻെറ മകനെ വിളിച്ചു് ഒരു കാൎയ്യം സാധിച്ചുവരുവാനായി അവിടെനിന്നു് റോഡുവഴി ഏഴു നാഴികയും കാട്ടിൽകൂടെയുള്ള പാതവഴി നാലു നാഴികയും ദൂരമുള്ള ഒരു സ്ഥലത്തേക്കു പറഞ്ഞയച്ചു. ആ കാലത്തു് ആ ദിക്കിൽ സന്ധ്യയായാൽ അന്ധകാരം പെട്ടെന്നു വരികയും ചിലപ്പോൾ മഞ്ഞു് കഠിനമായി പൊഴിഞ്ഞു് ആ പ്രദേശമെല്ലാം മഞ്ഞുകൊണ്ടു് മൂടിപ്പോകയും ചെയ്യുന്നതാകയാൽ അങ്ങോട്ടു് ഏതുവഴി പോയാലും തിരിച്ചുവരുന്നതു്

റോഡുവഴിതന്നെ വേണമെന്നു് പ്രെസ്റ്റൻ മകനോടു പ്രത്യേകം പറഞ്ഞിരുന്നു.

അവൻ ഉടനെ പുറപ്പെട്ടു കാട്ടുവഴിയെ പോയി സ്ഥലത്തെത്തി പിതാവു നിർദ്ദേശിച്ചയച്ചിരുന്ന കാര്യം നിഷ്പ്രയാസം സാധിച്ചു. അപ്പോൾ സൂര്യൻ അസ്തമിക്കാറായിട്ടേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു് കാട്ടുവഴിയെ തന്നെ തിരിച്ചുപോന്നാൽ നടപ്പു് കുറയുമെന്നും ഇരുട്ടുന്നതിനു മുമ്പു വീട്ടിൽ എത്താമെന്നും വിചാരിച്ചു് അവൻ ആ കാട്ടുവഴിയേതന്നെ തിരിച്ചുപോന്നു. അവൻ വേഗം നടന്നു എങ്കിലും അവനേക്കാൾ വേഗത്തിൽ അന്ധകാരവും ആ കാട്ടിലെല്ലാം വ്യാപിച്ചു. അവനു വഴി കാണാൻ പ്രയാസമായിത്തുടങ്ങിയപ്പോൾ അവൻ ധൈര്യസമേതം അതിവേഗത്തിൽ മുമ്പോട്ടുതന്നെ നടന്നു. എന്നാൽ അവൻ വഴിതെററി, നടക്കുന്തോറും അവൻെറ വീട്ടിനോടു് അകന്നകന്നാണു് പോയതു്. കുറെ കഴിഞ്ഞു് മഞ്ഞു വീണ്ടു് ആ പ്രദേശമെല്ലാം മൂടിപ്പോകയുംചെയ്തു.

വീട്ടിൽവെച്ചു ധൈര്യത്തിനും സാമർത്ഥ്യത്തിനും എല്ലാവരും പ്രശംസിച്ചുവന്ന "കൊച്ചെജമാനൻ" വിഷമിച്ചുവശായി. ആ അന്ധകാരത്തിൽ വന്നവഴിയെ തിരിച്ചുപോകാനും അവനു, കഴിവില്ലാതായി. അവൻ ഉച്ചത്തിൽ നിലവിളിച്ചുനോക്കി. എന്നാൽ അവൻ വിചാരിച്ചതുപോലെതന്നെ, അവൻെറ നിലവിളി കേൾക്കാൻ ആ നിർജ്ജനപ്രദേശത്തു് ആരും ഉണ്ടായിരുന്നില്ല. മഞ്ഞിൻെറ തണുപ്പുനിമിത്തം അവൻെറ കൈകാലുകൾ മരവിച്ചുതുടങ്ങി. അവനു് ഉറക്കവും വന്നു. വല്ല കുഴിയിലുംചെന്നു് വീണേക്കുമെന്നുള്ള ഭീതിനിമിത്തം അവനു് ഏതുവഴിയെങ്കിലും നടക്കാൻ ഭയമായി. ആ മഞ്ഞിൽ കിടന്നുറങ്ങിയാൽ തണുപ്പുകയറി മരിച്ചു

പോകുമെന്നും അവന്നു നിശ്ചയമുണ്ടായിരുന്നു. അവൻ പിതാവിൻെറ ആജ്ഞയെ ലംഘിച്ചതിനെപ്പററി ഖേദിച്ചു. പിതാവിന്നും ഫാനിക്കും ഉണ്ടാകാവുന്ന വേദനയെപ്പററി ആലോചിച്ചു ദുഃഖിച്ചു. ഗ്രെഗൊറിയുടെ സ്നേഹത്തെപ്പററിയും അവനെ താൻ പലപ്പോഴും ആക്ഷേപിച്ചിട്ടുള്ളതിനെപ്പററിയും അവൻ ചിന്തിച്ചു പശ്ചാത്തപിച്ചു. ഇങ്ങനെ അവൻ പലവിധ ചിന്തകളാൽ ഭാരപ്പെട്ടു സഹിക്കാൻ കഴിയാത്ത ദുഃഖത്തിൽ മുഴുകി, തനിക്കുണ്ടായിരുന്ന ബലമെല്ലാം പ്രയോഗിച്ചു വീണ്ടും അത്യുച്ചത്തിൽ നിലവിളിച്ചപ്പോൾ സമീപത്തെങ്ങാണ്ടുനിന്നു് ഒരു ശബ്ദം കേട്ടതുപോലെ അവന്നു തോന്നി. അതു തൻെറ നിലവിളിയുടെ പ്രതിധ്വനിയോ വല്ല ഭൂതങ്ങളുടേയും ശബ്ദമോ എന്നു് വിചാരിച്ചു് അവൻ അവിടെ തന്നെ മരവിച്ചതുപോലെനിന്നു ശ്രദ്ധിച്ചു. പിന്നേയും ആ ശബ്ദംതന്നെ കേട്ടു. അതൊരു പട്ടിയുടെ കുരയാണെന്നു് തോന്നുകയാൽ അവൻ പിന്നേയും ചെവിയോർത്തുകേട്ടു. അതു ലാസ്സിയുടെ കുരതന്നെ ആയിരുന്നു. അവൻ "ലാസ്സീ,ലാസ്സീ" എന്നു് വിളിച്ചു. ലാസ്സി ഓടിച്ചെന്നു എങ്കിലും അവൻ പലപ്പോഴും അതിനെ തൊഴിച്ചിട്ടുള്ളതുകൊണ്ടു് അതു ഭയന്നു് അവൻെറ കാലിനോട് അടുത്തില്ല. അവൻ പിന്നേയും വിളിച്ചു് അതിനെ അടുത്തുവരുത്തി കുനിഞ്ഞു തഴുകി. അതുവീണ്ടും കുരച്ചപ്പോൾ ഗ്രെഗൊറി ഇടയന്മാരുടെ കരിമ്പടവും പുതച്ചുകൊണ്ടു് അവിടെ എത്തി.

"എൻെറ ഗ്രെഗൊറീ" എന്നു പറഞ്ഞു കരഞ്ഞുകൊണ്ടു് അനുജൻ ജ്യേഷ്ഠനെ കെട്ടിപ്പിടിച്ചു. ഗ്രെഗൊറി കുറച്ചുനേരം മൌനമായി നിന്നു. പിന്നെ "പ്രിയ അനുജാ, നമുക്കു നടക്കാം; വീട്ടിലെത്താൻ നോക്കാം. ഈ തണുപ്പത്തു് അനങ്ങാതെ നിന്നാൽ നാം മരവിച്ചു

ചത്തുപോകും. അതുകൊണ്ടു് നടക്കാം. എവിടെ എങ്കിലും എത്തട്ടെ" എന്നുപറഞ്ഞു.

അനുജൻ:—അയ്യോ, നിനക്കും വീട്ടിലേക്കുള്ള വഴി അറിഞ്ഞുകൂടയോ?

ഗ്രെഗൊറി:—ഞാൻ പുറപ്പെട്ടപ്പോൾ വഴി അറിയാമെന്നു വിചാരിച്ചു. ഇപ്പോൾ സംശയമായിരിക്കുന്നു. വഴികളെല്ലാം മഞ്ഞുകൊണ്ടു മൂടിപ്പോയി. ഇരുട്ടുനിമിത്തം കാണ്മാനും കഴിയുന്നില്ല. ലാസ്സിയുടെ കുരകേട്ടു തിരിഞ്ഞു വന്നപ്പോൾ വീട്ടിലേക്കുള്ള വഴി വിട്ടുപോയി എന്നു തോന്നുന്നു."

ഗ്രെഗൊറിയുടെ കയ്യിൽ ഇടയന്റെ വടി ഉണ്ടായിരുന്നു. അതു മുമ്പിൽ കുത്തിനോക്കി കുത്തിനോക്കി കുഴിയിൽ വീഴാതെ അവർ കയ്യിൽ കൈകോൎത്തു പിടിച്ചുകൊണ്ടു കുറെ ദൂരം നടന്നു. ഗ്രെഗൊറി നടന്നതു് ലാസ്സിപോയ വഴി നോക്കീട്ടായിരുന്നു. അതു കുറച്ചു അകലത്തായി പോയാൽ അവൻ അതിനെ തിരികെ വിളിച്ചു പിന്നെയും മുമ്പോട്ടയയ്ക്കും. ലാസ്സിയെ വിളിക്കാനല്ലാതെ ഗ്രെഗൊറി യാതൊരു ശബ്ദവും ഉണ്ടാക്കിയില്ല.

അവർ കുറച്ചുദൂരം നടന്നപ്പോൾ "ഗ്രെഗൊറീ, ഉറക്കം വന്നിട്ടു് എനിക്കു നടക്കാൻ കഴിയുന്നില്ല. അഞ്ചു മിനിട്ടെങ്കിലും എനിക്കുറങ്ങണം. അല്ലാതെ നിവൃത്തിയില്ല" എന്നു് അനുജൻ പറഞ്ഞു.

ഗ്രെഗൊറി അനുജന്റെ സ്ഥിതി മനസ്സിലാക്കി നിരാശയിലായി. "ഇങ്ങനെ നടന്നാലും വീട്ടിൽ എത്തുകയില്ല. നാം വീട്ടിൽനിന്നു വളരെ ദൂരത്താണെന്നു തോന്നുന്നു. ലാസ്സിയെ തന്നെ ആശ്രയിക്കാം" എന്നു തന്നോടു തന്നെയെന്നപോലെ പറഞ്ഞുകൊണ്ടു് ഫാനി അനുജനു തൈച്ചുകൊടുത്ത ഉറുമാൽ വാങ്ങി ലാസ്സിയുടെ കഴുത്തിൽ കെട്ടി "ലാസ്സീ, വേഗം വീട്ടിൽ പോ, ഓടിപ്പോ" എന്നു പറഞ്ഞു. ലാസ്സി അശേഷം താമസിയാതെ ഓടിപ്പോകയും ചെയ്തു. പിന്നെ അവൻ അനുജനെ അവിടെക്കണ്ട ഒരു പാറയുടെ മറവിൽ കൊണ്ടുപോയി തന്റെ കരിമ്പടം എടുത്തു് അവനെ ചുററിപ്പൊതിഞ്ഞു കിടത്തി അവന്റെ കമ്പിളിക്കോട്ടഴിച്ചു അനുജനു തണുപ്പു കയറാതെ അവന്റെ കാലുകളും ഭദ്രമായി പൊതിഞ്ഞുകെട്ടി. പിന്നെ ഗ്രെഗൊറി അനുജനു് ചൂടു കിട്ടുന്നതിനു അവനെ കെട്ടിപ്പിടിച്ചുകൊണ്ടു് അവന്റെകൂടെയും കിടന്നു.

ഗ്രെഗൊറി: അനുജാ, അമ്മ നമ്മെ ഇങ്ങനെ കിടത്തിയതു് നമുക്കു് ഓർമ്മയില്ല. എങ്കിലും വലിയമ്മ പറഞ്ഞു കേട്ടിട്ടുണ്ടല്ലോ. അമ്മ മരിക്കുന്നതിനു അല്പം മുമ്പു നമ്മളെ ഇങ്ങനെ ഒന്നിച്ചു കിടത്തി നിന്റെ കുഞ്ഞുകൈ എന്നെക്കൊണ്ടു പിടിപ്പിച്ചു നോക്കിക്കൊണ്ടു കിടന്നു. നമ്മൾ ഇപ്പോൾ കിടക്കുന്നതും അമ്മ കാണുന്നുണ്ടായിരിക്കാം. ഒരു പക്ഷെ നമ്മളിന്നു അമ്മയുടെകൂടെയായിരിക്കും. ദൈവേഷ്ടംപോലെയാകട്ടെ.

9405

ഗ്രെഗൊറി പിന്നെയും അമ്മയെപ്പററി സംസാരിച്ചുകൊണ്ടു കിടക്കുമ്പോൾതന്നെ അനുജൻ ഗാഢനിദ്രയിൽ വീണു. അവൻ "ഗ്രെഗൊറീ" എന്നു വിളിച്ചുകൊണ്ടു് ഉണർന്നപ്പോൾ അവന്റെ കിടക്കയുടെ ചുററും പ്രെസ്റ്റനും ഫാനിയും മററു പലരും ഉണ്ടായിരുന്നു. ഗ്രെഗൊറിയെമാത്രം അവിടെ കണ്ടില്ല.

"എന്റെ ദൈവമെ, എന്റെ കഠിനഹൃദയത്തെ ക്ഷമിക്കേണമേ, എന്റെ സ്വത്തു് മുഴുവനും ഞാൻ അവന് കൊടുക്കുമായിരുന്നല്ലോ. എന്റെ മകനെ എല്ലാലെ സ്നേഹിക്കുമായിരുന്നല്ലോ. എന്റെ ദൈവമെ, ക്ഷമിക്കേണമെ" എന്നു പ്രെസ്റ്റൻ പ്രലപിക്കുന്നതും അവൻ കേട്ടു.

മകൻ തിരിച്ചുവരാൻ താമസിക്കയും മഞ്ഞു് പെയ്യാൻ ആരംഭിക്കയും ചെയ്തപ്പോൾ പ്രെസ്റ്റന്റെ പരിഭ്രമം കഠിനകോപമായിട്ടാണു് പ്രത്യക്ഷപ്പെട്ടതു്. ഗ്രെഗൊറിയോടു അവൻ പതിവിലധികം പരുഷമായി സംസാരിച്ചു. ഗ്രെഗൊറി ലാസ്സിയെ വിളിച്ചുകൊണ്ടു് അവിടെ നിന്നു് ഇറങ്ങിപ്പോകയും ചെയ്തു.

അസ്തമിച്ചു് മൂന്നു് മണിക്കൂർ കഴിഞ്ഞും ഗ്രെഗൊറി എവിടെ പോയി എന്നു് ആരും അന്വേഷിച്ചില്ലെങ്കിലും അവന്റെ അനുജനെ കാണാഞ്ഞിട്ടു് എല്ലാവരും എന്തു ചെയ്യേണ്ടു എന്നറിയാതെ പരിഭ്രമിച്ചുവശായി ഓടി നടക്കുമ്പോൾ, ലാസ്സി അവന്റെ ഉറുമാൽ കഴുത്തിൽ കെട്ടിക്കൊണ്ടു് അകത്തുവന്നു കയറി. ഉറുമാൽ കണ്ടപ്പോൾ അവൻ ആപത്തിൽപ്പെട്ടതാണെന്നു് അവർക്കു മനസ്സിലായി. ഉടൻതന്നെ പ്രെസ്റ്ററന്റെ ആജ്ഞപ്രകാരം അവന്റെ വേലക്കാരും കൃഷിക്കാരും കമ്പിളിയും കരിമ്പടവും ബ്രാണ്ടിയും മഞ്ഞിൽ അകപ്പെട്ടവർക്കു് വേണ്ടുന്ന മററു ഉപകരണങ്ങളും എടുത്തുകൊണ്ടു് ലാസ്സിയുടെ നേതൃത്വത്തിൽ പുറപ്പെട്ടു. ബാലന്മാർ കിടന്ന സ്ഥലത്തെത്തിയപ്പോൾ ഗ്രെഗൊറി മരിച്ചും അനുജൻ ജീവനുണ്ടെങ്കിലും ബോധമില്ലാതെയും, കിടക്കുന്നതാണു് അവർ കണ്ടതു്. ഗ്രെഗൊറി ഷർട്ടു് മാത്രം ധരിച്ചുകൊണ്ടു് അനുജനെ കെട്ടിപ്പിടിച്ചുകൊണ്ടു് കിടന്നിരുന്നു. ഗ്രെഗൊറിയുടെ കോട്ടുകൊണ്ടു് അനുജന്റെ കാലുകളും കരിമ്പടംകൊണ്ടു് ശ

രീരവും മൂടി പൊതിഞ്ഞിരുന്നു. അവരെ അവർ ഉടനെ എടുത്തുകൊണ്ടുപോയി. അനുജനെ യഥാക്രമം കുറേ ദിവസം ശുശ്രൂഷിച്ച ശേഷമാണു് അവനു് ബോധം വന്നതു്. ഗ്രെഗൊറിയുടെ ശരീരത്തെ അവൻെറ അമ്മയുടെ ശവകുടിരത്തിൽതന്നെ സംസ്കരിച്ചു. അന്നുമുതൽ ലാസ്സിക്കു് പ്രെസ്ററൻെറ വീട്ടിൽ ഒരു പ്രധാനസ്ഥാനവും ലഭിച്ചു.

"അനാഥനായ കുട്ടിയോടു് ഞാൻ കാണിച്ച കാഠിന്യം എന്നോടു് ക്ഷമിക്കണമേ, എൻെറ ദൈവമേ" എന്നായിരുന്നു പ്രെസ്ററൻെറ അവസാന പ്രാർത്ഥന. അവൻെറ മരണപത്രത്തിൽ താൻ മരിക്കുമ്പോൾ, തന്നെ ഗ്രെഗൊറിയുടെയും ഹെലെൻെറയും കാൽക്കൽ കുഴിച്ചിടണമെന്നു് വ്യവസ്ഥ ചെയ്തിരുന്നതു കൊണ്ടു് പ്രെസ്ററൻെറ പശ്ചാത്താപം എത്രത്തോളം ഉണ്ടായിരുന്നു എന്നു് ഊഹിക്കാം.

H558

# നീതിതൽപരനായ ചക്രവൎത്തി.

---

ക്രിസ്തുവൎഷം പതിനേഴാം ശതാബ്ദത്തിൽ ചൈനാ സാമ്രാജ്യം ഭരിച്ചിരുന്ന കാങ്ങ്–ഹി ചക്രവൎത്തി പ്രജാക്ഷേമതൽപരനും തന്റെ രാജ്യത്തു് നീതിയും ന്യായവും നടത്തണമെന്നു ആകാംക്ഷയുള്ളവനും ആയിരുന്നു. ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ അമൎത്തി നിൎദ്ദോഷികളെ രക്ഷിക്കുന്ന കാൎയ്യത്തിൽ അദ്ദേഹത്തെപ്പോലെ സദാ ജാഗരൂകനായിരുന്ന ഒരു ചക്രവൎത്തി അതിനു മുമ്പു് അവിടെ ഭരിച്ചിട്ടുണ്ടായിരുന്നില്ല.

ഒരുദിവസം ചക്രവൎത്തി വേട്ടയ്ക്കുപോയിട്ടു്, തന്നോടുകൂടെ പോയിരുന്ന ഉദ്യോഗസ്ഥന്മാരേയും സ്നേഹിതന്മാരേയും വിട്ടുപിരിഞ്ഞു പോയി. ഇങ്ങനെ ചക്രവൎത്തി ഏകനായി കുതിരപ്പുറത്തു് പോകുമ്പോൾ ഒരു വൃദ്ധൻ റോഡരികിൽ കരഞ്ഞുകൊണ്ടിരിക്കുന്നതു കണ്ടു. ചക്രവൎത്തി കുതിരപ്പുറത്തു നിന്നിറങ്ങി അവൃദ്ധന്റെ അടുക്കൽ ചെന്നു് അവന്റെ ദുഃഖത്തിന്റെ കാരണം ചോദിച്ചു.

വൃദ്ധൻ (നാലുചുററും നോക്കീട്ടു്):—യജമാനനേ, ഇക്കാലത്തു സങ്കടം പറയുന്നതുകൊണ്ടു് ഗുണമൊന്നുമില്ലെന്നു മാത്രമല്ല, ആപൽകരവുമാണു്. സങ്കടക്കാർ അവരുടെ സങ്കടം പുറത്തു പറഞ്ഞാൽ അവരുടെ സങ്കടം വൎദ്ധിക്കയേയുള്ളൂ. എങ്കിലും താങ്കളുടെ മനസ്സു് ദീനാനുകമ്പയുള്ളതാണെന്നു തോന്നുന്നതിനാൽ ഞാൻ എന്റെ ദുഃഖകാരണം പറയാം. പ്രതിശാന്തിയായി താങ്കൾക്കു് വല്ലതും ചെയ്യാൻ കഴിയുമെന്നു് വിചാരിച്ചി

ട്ടല്ല, സഹതാപമുള്ളവരോടു പറയുന്നതിനാലുണ്ടാകുന്ന ആശ്വാസത്തിന്നായിട്ടാണു് ഞാൻ പറയുന്നതു്. ചക്രവർത്തിതിരുമനസ്സിലെ ഇവിടെയുള്ള കൊട്ടാരത്തിന്നു സമീപം എനിക്കൊരു പുരയിടം ഉണ്ടായിരുന്നു. അതിൽ നിന്നു കിട്ടുന്ന അനുഭവംകൊണ്ടാണു് ഞാൻ എൻെറ ഉപജീവനം കഴിച്ചുവന്നതു്. എന്നാൽ ഈ കൊട്ടാരക്കാര്യം നോക്കുന്ന മന്ദാരീൻ (ഉദ്യോഗസ്ഥൻ) അതിന്മേൽ മോഹംവച്ചു് അതെൻെറ കയ്യിൽനിന്നു് പ്രതിഫലം പോലും തരാതെ അപഹരിച്ചെടുത്തിരിക്കുന്നു. ഇതിനും പുറമെ എൻെറ മകനെയും പിടിച്ചുകൊണ്ടുപോയി അദ്ദേഹത്തിൻെറ അടിമയാക്കിയിരിക്കുന്നു. ഇങ്ങനെ അവനെക്കൊണ്ടു് എൻെറ വാൎദ്ധക്യത്തിൽ വല്ല ഉപകാരവും എനിക്കുണ്ടാകുമെന്നുള്ള പ്രത്യാശയും അസ്തമിച്ചുപോയിരിക്കുന്നു. നീതി നടത്താൻ നിയമിക്കപ്പെട്ടിട്ടുള്ളവർ ഇങ്ങനെ ചെയ്യുമ്പോൾ എന്നെപ്പോലെയുള്ള അഗതികൾക്കു് കരയുകയല്ലാതെ ഗത്യന്തരമുണ്ടോ?

ചക്രവർത്തി (വൃദ്ധൻെറ കൈകൾ രണ്ടും പിടിച്ചു തലോടിക്കൊണ്ടു്):—നിങ്ങൾ കരയണ്ടാ, വല്ല നിവൃത്തിയുമുണ്ടാകും. നിങ്ങൾ പറഞ്ഞ കൊട്ടാരം ഇവിടെനിന്നു എത്ര ദൂരത്താണു്?

വൃദ്ധൻ:—അഞ്ചു നാഴികയുണ്ടു്. ചക്രവർത്തിയെ എൻെറ സങ്കടം അറിയിച്ചാൽ വല്ല പരിഹാരവും ഉണ്ടാകുമെന്നാണു് എൻെറ പ്രത്യാശ. എന്നാൽ ചക്രവർത്തിയോടു സങ്കടം ബോധിപ്പിക്കുന്നതും ഈ ഉദ്യോഗസ്ഥന്മാർ മുഖാന്തരം വേണമല്ലോ. അതിന്നായി ശ്രമിച്ചാൽ മന്ദാരീൻ എന്നെ ഇനിയും ഉപദ്രവിക്കും.

ചക്രവർത്തി:—അതുകടെ, വരിക, നമുക്കൊന്നിച്ചു പോകാം. ഞാൻ ആ മന്ദാരീനോടു പറഞ്ഞുനോക്കട്ടെ.

വൃദ്ധൻ:—അയ്യോ യജമാനനേ, അദ്ദേഹത്തോട് ഇക്കാര്യത്തെപ്പററി ചെന്നുപറയുന്നതു് താങ്കൾക്കുതന്നെ അപൽകരമായിരിക്കും. നമ്മെ അവർ പുച്ഛിച്ചാട്ടി പുറത്താക്കുകയോ ദേഹോപദ്രവം ഏല്പിക്കുകയോ ചെയ്യേക്കും.

ചക്രവർത്തി:—ഭയപ്പെടേണ്ടാ. ഞാൻ ആ മന്ദാരിനെക്കണ്ടു് നിങ്ങളുടെ കാര്യം പറയാൻ തീർച്ചയാക്കിയിരിക്കുന്നു. വല്ല ഗുണവും ഉണ്ടാകാതിരിക്കയില്ലെന്നാണു് എൻെറ വിശ്വാസം.

തനിക്കു് അപരിചിതൻ ആയ യുവാവിൻെറ ധൈര്യംകണ്ടു് വൃദ്ധനും ധൈര്യം അവലംബിച്ചു.

വൃദ്ധൻ:—യജമാനനേ, ഞാൻ വരാം, എങ്കിലും എനിക്കു് കൊട്ടാരത്തിലെത്താൻ അധികസമയം വേണ്ടിവരും. എനിക്കു് താങ്കളുടെ കുതിരയോടൊപ്പം നടക്കാൻ സാധിക്കയില്ല.

ചക്രവർത്തി:—അതെ, നിങ്ങൾ വൃദ്ധനാണു്. ഞാൻ ചെറുപ്പവുമാണു്. അഞ്ചുനാഴികനടക്കാൻ എനിക്കു പ്രയാസമില്ല. നിങ്ങൾ കുതിരപ്പുറത്തു കയറിക്കൊൾക.

വൃദ്ധൻ അതിന്നു് വഴിപ്പെടായ്കയാൽ ചക്രവർത്തി അവനെ നിർബന്ധിച്ചു് തൻെറ പുറകിൽ കയററി ഇരുത്തി. അവർ അങ്ങനെ കുറെദൂരം പോയപ്പോൾ ചക്രവർത്തിയുടെകൂടെ വേട്ടയ്ക്കുപോയ ചില ഉദ്യോഗസ്ഥന്മാർ ചക്രവർത്തിയെ തിരഞ്ഞു് ആ വഴിയെ വന്നു. എന്നാൽ

ചക്രവത്തി അവരോട്ടു് ടാട്ടാർ ഭാഷയിൽ എന്തോ സംസാരിച്ചപ്പോൾ അവർ അദ്ദേഹം ചക്രവത്തിയാണെന്നു് അറിയാത്ത ഭാവത്തിൽ അവിടെനിന്നു പോയി.

ചക്രവത്തിയും വൃദ്ധനും ഇങ്ങനെ സവാരിചെയ്തു് കൊട്ടാരത്തിൽ എത്തിയപ്പോൾ ചക്രവത്തി കുതിരപ്പുറത്തു് നിന്നിറങ്ങി മന്ദാരീനെ വിളിപ്പിച്ചു. മന്ദാരീൻ തന്നെ വിളിപ്പിച്ചതു് ചക്രവത്തിയാണെന്നറിയാതെ, വലിയ ഗർവ്വത്തോടെ വന്നു. അപ്പോൾ ചക്രവത്തി തൻെറ നെഞ്ചത്തു് തിളങ്ങിയിരുന്ന രാജമുദ്ര മന്ദാരീൻ കാണത്തക്കവണ്ണം തൻെറ മേലട്ടവസ്ത്രം നീക്കി. ഉടനെ മന്ദാരീൻ ഭയന്നു വിറച്ചുകൊണ്ടു് ചക്രവത്തിയുടെ മുമ്പിൽ സാഷ്ടാംഗം വീണു. വൃദ്ധൻ താനെന്തോ സ്വപ്നം കാണുകയാണെന്നു് വിചാരിച്ചു് അമ്പരന്നു നിന്നുപോയി.

ഈ സമയം വേട്ടയ്ക്കുപോയിരുന്ന ഉദ്യോഗസ്ഥന്മാരും പ്രഭുക്കന്മാരും ആ കൊട്ടാരത്തിൽ എത്തി ചക്രവത്തിയുടെ മുമ്പാകെ വണങ്ങിനിന്നു. ചക്രവത്തി ഉടനെതന്നെ, മന്ദാരീൻ വൃദ്ധനോട്ടു് അപഹരിച്ചതെല്ലാം മടക്കിക്കൊടുപ്പിച്ചിട്ടു്, അയാളെ സ്ഥാനഭ്രഷ്ടനാക്കി രാജ്യത്തുനിന്നും ബഹിഷ്കരിച്ചു. എന്നിട്ടു വൃദ്ധനോടു് ഇങ്ങനെ പറഞ്ഞു.

“മാന്യവൃദ്ധാ, നിങ്ങളോട്ടു് ഈ കൊട്ടാരംമന്ദാരീൻ അപഹരിച്ചതെല്ലാം തിരിച്ചുതരികയും നിങ്ങളുടെ മകനെ സ്വതന്ത്രനാക്കി വിടുകയും ചെയ്യുന്നു. ഇന്നുമുതൽ നിങ്ങളെ ഈ കൊട്ടാരം മന്ദാരീനായി നിയമിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ ഐശ്വര്യം നിങ്ങളുടെ ഹൃദയത്തെ ചീത്തയാക്കാതെ സൂക്ഷിച്ചു

കൊള്ളുക. സാധുക്കളോട്ട് അനുകമ്പയുള്ളവനായിരിക്ക. നീതിക്കും ന്യായത്തിന്നും വിരുദ്ധമായി ഒന്നും പ്രവത്തിക്കരുതു്. ഈ മന്ദാമീൻെറ ദൃഷ്ടാന്തം എപ്പോഴും നിങ്ങളുടെ മുമ്പാകെ ഇരിക്കട്ടെ."

---

# ധീരനായ കൃഷീവലൻ.

---

ലോകത്തിലെ അത്യുന്നതമായ പർവ്വതങ്ങൾ എല്ലായ്പ്പോഴും മഞ്ഞു വീണു മൂടിയിരിക്കും. ഇൻഡ്യയുടെ ഉത്തരഭാഗത്തുള്ള പർവ്വതനിരയ്ക്കു ഇതുകൊണ്ടാകുന്നു ഹിമാലയം എന്ന പേരു് സിദ്ധിച്ചിട്ടുള്ളതു്. യൂറോപ്പിന്റെ മദ്ധ്യഭാഗത്തുള്ള ആൽപ്സ് പർവ്വതനിരയും, ഹിമാലയത്തോളം ഉന്നതമല്ലെങ്കിലും ഇങ്ങനെ ഹിമം വീണു മൂടപ്പെടുന്നതാകുന്നു. ഒരു ശതാബ്ദത്തിനുമുമ്പു് ആൽപ്സ് പർവ്വതത്തിൽ വീണുറച്ചു കിടക്കുന്ന ഹിമം ചിലപ്പോൾ വേനൽകാലത്തെ ഉഷ്ണം നിമിത്തം പെട്ടെന്നുരുകി അവിടെ ഉൽഭവിക്കുന്ന നദികളിൽ കൂടെ പ്രവഹിച്ചു് വളരെ നാശങ്ങൾ ചെയ്ക പതിവായിരുന്നു. എന്നാലിപ്പോൾ എൻജിനീയർമാരുടെ സാമർത്ഥ്യത്താൽ ഈ പ്രവാഹങ്ങളെ നിയന്ത്രണം ചെയ്തു് കൃഷിക്കുപയുക്തമാക്കി തീർത്തിട്ടുണ്ടു്.

ഒരിക്കൽ ആൽപ്സ് പർവ്വതനിരയുടെ ഇററാലിയൻ ഭാഗത്തു് ഉറച്ചു കിടന്ന ഹിമം പെട്ടെന്നു ഉരുകി അടീജ്നദിയിൽ കൂടെ പ്രവഹിച്ചൊഴുകി അനേകം നഷ്ടങ്ങൾ സംഭവിപ്പിച്ചു. അടീജ്നദിയുടെ തീരത്താകുന്നു വെറോണാനഗരം. അവിടെ ഒരു വലിയ പാലം ഉണ്ടായിരുന്നു. ആ പാലത്തിന്റെ മദ്ധ്യഭാഗത്തു് പാലത്തോടു ചേർത്തു പണിതിട്ടുള്ള ഒരു കുടിലിൽ പാലച്ചുങ്കം പിരിക്കുന്നവൻ കുടുംബസഹിതം പാർത്തിരുന്നു. പ്രവാഹം നിമിത്തം ഉണ്ടായ നഷ്ടങ്ങളിൽ ഒന്നു അടീജ്പാലം പൊളിഞ്ഞു പോയതാണു്. ഒഴുക്കിന്റെ ശക്തികൊണ്ടു് പാലത്തിന്റെ കുടിലുണ്ടായിരുന്ന മദ്ധ്യ

ഭാഗം ഒഴിച്ചുള്ള ഭാഗങ്ങൾ മുഴുവനും വീണൊഴുകിപ്പോയി. മദ്ധ്യഭാഗം മാത്രം, ഒരു ദ്വീപുപോലെ, തൽക്ഷണം വീണൊഴുകിപ്പോകുമെന്നുള്ള നിലയിൽ ആടിയാടിനിന്നു. പ്രവാഹം കാണുന്നതിന് കരയ്ക്ക് അനേകായിരം ആളുകൾ വന്നുകൂടി. ചുങ്കക്കാരനും ഭാര്യാമക്കളും കൂട്ടം നിലവിളിക്കയും ആംഗ്യം കാട്ടി കരയ്ക്കു നിന്നവരോടു സഹായത്തിന്നപേക്ഷിക്കയും ചെയ്തു. എങ്കിലും കരയ്ക്കു നിന്നവൎക്ക് സഹതാപം പ്രദൎശിപ്പിക്കാനല്ലാതെ അവരെ രക്ഷിക്കാൻ എന്തെങ്കിലും ചെയ്യാൻ ധൈൎയ്യമുണ്ടായില്ല. അവിടെ വള്ളങ്ങൾ ഉണ്ടായിരുന്നു. ആ ഒഴുക്കിൽ വള്ളമിറക്കിക്കൊണ്ടു ചെല്ലാൻ ആരും തുനിഞ്ഞില്ല.

ഇങ്ങനെ എല്ലാവരും പരിഭ്രമിച്ചുനോക്കി നില്ക്കുമ്പോൾ ആ നഗരത്തിലെ ഒരു മാന്യനായ പുൽവറീനിപ്രഭു അവിടെ വന്ന് ചുങ്കക്കാരനെയും കുടുംബത്തെയും രക്ഷപ്പെടുത്തുന്നവൎക്ക് അൻപതു പവൻ സമ്മാനം കൊടുക്കാമെന്നു പറഞ്ഞു. എന്നിട്ടും അവരെ രക്ഷിക്കാനുള്ള ശ്രമം ചെയ്യാൻ പോലും ആരുമുണ്ടായിരുന്നില്ല.

ഇങ്ങനെ എല്ലാവരും ഇതികൎത്തവ്യതാമൂഢരായി നില്ക്കുമ്പോൾ ഒരു കൃഷീവലൻ യദൃച്ഛയാ അവിടെവന്നു. പ്രവാഹവും പാലത്തിന്റെ സ്ഥിതിയും ചുങ്കക്കാരന്റെയും മററും ആംഗ്യങ്ങളും കണ്ടപ്പോൾ അവന്നു കാൎയ്യം മനസ്സിലായി. ഉടനെ തന്നെ അവൻ അവിടെയുണ്ടായിരുന്ന ഒരു വള്ളത്തിൽ കയറി ഭഗീരഥപ്രയത്നം ചെയ്തു തുഴഞ്ഞു് പാലത്തിന്റെ അവശിഷ്ടത്തിങ്കൽ എത്തി. അവന്റെ സഹായത്തിന്നായി കൂടെപ്പോകുവാൻ പോലും ആരും ധൈൎയ്യപ്പെട്ടില്ല,

കൃഷീവലൻെറ പ്രയാസം വൎദ്ധിപ്പിക്കാൻ എന്നപോലെ അവൻ പാലത്തിങ്കൽ എത്തിയപ്പോൾ ചുങ്കക്കാരന്നും കുടുംബത്തിന്നും ആ വള്ളത്തിൽ കയറാൻ ധൈൎയ്യമുണ്ടായില്ല. ഇങ്ങനെ അവരെ സമ്മതിപ്പിച്ചു തൻെറ വള്ളത്തിൽ കയറുന്നതിന്നു തന്നെ അവന്നു വളരെ പ്രയാസമുണ്ടായി. ഒടുവിൽ മനസ്സില്ലാമനസ്സോടെ അവരുടെ ജീവൻ എങ്ങിനെയായാലും നഷ്ടപ്പെട്ടു പോകുമെന്നുള്ള വിചാരത്തോടു കൂടെ അവർ വള്ളത്തിൽ കയറി. ഭാരം കയററിക്കൊണ്ടുള്ള തിരിച്ചു വരവു് ഏററവും ആപൽക്കരവും ക്ലേശകരവും ആയിരുന്നു. കൃഷീവലൻെറ ധൈൎയ്യം ആശ്ചൎയ്യകരവും അവൻ പ്രയോഗിച്ച ബലം അമാനുഷവും ആയിരുന്നു. ഇങ്ങനെ അവൻ അവരെയും കൊണ്ടു് വളരെ പ്രയാസപ്പെട്ടു കരയ്ക്കെത്തി. ജനക്കൂട്ടം ആൎത്തു വിളിച്ചു് അവനെ അഭിനന്ദിച്ചു. പുൎവറീനി പ്രഭു താൻ വാഗ്ദാനം ചെയ്ത പണസ്സഞ്ചി അവന്നു പ്രദാനം ചെയ്തു. എന്നാൽ അവൻ അതു സ്വീകരിക്കാതെ "മാന്യരേ, ഞാൻ പണം മോഹിച്ചാണു്, എൻെറ ജീവനെ ഗണ്യമാക്കാതെ ഇവരെ രക്ഷിക്കാൻ ഉദ്യമിച്ചതെന്നു വിചാരിക്കരുതേ. എനിക്കും എനിക്കുള്ളവൎക്കും വേണ്ടുന്ന പണം ഞാൻ അദ്ധ്വാനിച്ചു സമ്പാദിക്കുന്നുണ്ടു്. അതിന്നുവേണ്ടുന്ന കായബലവും ആരോഗ്യവും ദൈവം എനിക്കു തന്നിട്ടുമുണ്ടു്. അപത്തിലകപ്പെട്ടതു് എനിക്കു പ്രിയപ്പെട്ടവരായിരുന്നെങ്കിൽ ഞാൻ നോക്കി നില്ക്കുമോ? ഈ സാധുക്കളെ സംബന്ധിച്ചും ഞാൻ അങ്ങനെ വൎത്തിച്ചു എന്നേയുള്ളു. ദൈവം എനിക്കു ബലവും ആരോഗ്യവും തന്നിട്ടുള്ളതു് എൻെറ പ്രയോജനത്തിന്നു മാത്രമാണെന്നു ഞാൻ വിചാരിക്കുന്നില്ല. പണസഞ്ചി ഈ പ്രവാഹം നിമിത്തം സൎവ്വവും നഷ്ടപ്പെട്ടുപോയ ഈ സാധുക്കൾക്കു കൊടുത്താൽ ഞാൻ

ചെയ്തതിന്നു തക്ക പ്രതിഫലമായി ഞാൻ വിചാരിച്ചുകൊള്ളാം.”

ഇങ്ങനെ പറഞ്ഞിട്ട് അവിടെ കൂടിയിരുന്നവർ അവന്റെ ഊരും പേരും ചോദിച്ചറിയുന്നതിന്നു മുമ്പായി ഒരു കൃഷീവലൻ അവിടെ നിന്നു പൊയ്ക്കളഞ്ഞു.

# നിർഭയയായ മഹാരാജ്ഞി.

അഹമ്മദ്നഗരം സുൽത്താന്റെ പുത്രി ചാങ്ബീബിയെ ബിജാപ്പൂരം സുൽത്താൻ അലിഅദിൽഷാ വിവാഹം ചെയ്തു. വളരെക്കാലം അന്യോന്യശത്രുത്വത്തിൽ വർത്തിച്ച രണ്ടു രാജ്യങ്ങൾ തമ്മിൽ ഇങ്ങനെയുണ്ടായ ബന്ധം കുറേക്കൂടെ ദൃഢമാക്കുന്നതിന് അലിഅദിൽഷായുടെ സഹോദരിയെ ചാന്ദ്ബീബിയുടെ സഹോദരനായ അഹമ്മദ്നഗരം യുവരാജാവും വിവാഹം ചെയ്തു.

ധൈര്യവതിയും ബുദ്ധിശാലിനിയും സമർത്ഥയും ആയിരുന്നതിനാൽ ചാന്ദ്ബീബിക്ക് രാജ്യഭരണത്തിൽ മന്ത്രിമാരെക്കാൾ പ്രാധാന്യം ഉണ്ടായിരുന്നു. ഭർത്താവിനോടു കൂടെ യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നതിനാൽ അവർക്ക് യുദ്ധസാമർത്ഥ്യവും ഉണ്ടായി.

അലിഅദിൽഷായ്ക്ക് പുത്രന്മാർ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ ഭ്രാതൃപുത്രൻ ഇബ്രാഹിംഅദിൽഷാ ആയിരുന്നു കിരീടാവകാശി. അലിഅദിൽഷാ മരിച്ചപ്പോൾ ഇബ്രാഹിം അദിൽഷാ ബാലനായിരുന്നതിനാൽ അദ്ദേഹത്തിന്റെ മരണശാസനപ്രകാരം ചാന്ദ് ബീബി ആ ബാലനു വേണ്ടി രാജ്യം ഭരിച്ചു. ബീബിയുടെ പ്രജാക്ഷേമതൽപരതയും ഭരണസാമർത്ഥ്യവും നിമിത്തം പ്രജകൾ അവരെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു. എന്നാൽ അവരുടെ സത്യസന്ധതയും നീതിബോധവും ചില മന്ത്രിമാർക്ക് രസിച്ചില്ല. ആ മന്ത്രിമാർ ഒരു കൂട്ടുകെട്ടുണ്ടാക്കി ആ സ്ത്രീരത്നത്തെ പ്രാണരക്ഷണാർത്ഥം സത്താറയിൽ പോയി താമസിക്കാൻ നിർബ

ന്ധിതയാക്കി തീൎത്തു. ഇബ്രാഹിം ആദിൽഷാ രാജ്യഭാരം കയ്യേററശേഷം അവരെ ബിജാപ്പൂരത്തേക്ക് തിരിച്ചുവരുത്തി. അവിടെ അവർ ഭരണകാൎയ്യങ്ങളിൽ ഇടവിടാതെ സൈ്വരമായി സന്തോഷത്തിലും സമാധാനത്തിലും പാൎത്തു.

ഒരു ദിവസം രാജമന്ദിരത്തിലെ കന്യകമാർ ചിത്രത്തയ്യൽ വേലകൾ ചെയ്തുകൊണ്ടും ചാന്ദ്ബീബി പ്രാചീനവീരന്മാരുടെ കഥകൾ തന്റെ ശ്രുതിമനോഹരമായ സ്വരത്തിൽ അവരെ വായിച്ചുകേൾപ്പിച്ചുകൊണ്ടും ഇരിക്കയായിരുന്നു. അവരുടെ ദത്തുപുത്രൻ അബ്ബാസ്ഖാന്റെ ഭാൎയ്യ സോറാരാജകുമാരി അവരുടെ അടുത്തും ഇരുന്നിരുന്നു.

പെട്ടന്ന് അരമനമുററത്ത്, ഒരു അരവാരംകേട്ടു. "തിരുമനസ്സിലെ സമക്ഷത്ത് വേഗം ചെല്ലാം. അടിയന്തിരകാൎയ്യമാണ്, താമസിക്കാൻ പാടില്ല" എന്ന് ചിലർ പറയുന്നതും കേട്ടു. സോറാ വേഗം എഴുന്നേററ് ജനലിൽക്കൂടെ നോക്കീട്ട് "അമ്മേ, മിററത്തു പത്തുനൂറു കുതിരപ്പട്ടാളക്കാർ വന്നിരിക്കുന്നു. കാൎയ്യമെന്താണെന്ന് മനസ്സിലാകുന്നില്ല" എന്നു പറഞ്ഞു.

ചാന്ദ്ബീബി പുസ്തകം മടക്കിവച്ചിട്ട് മൂടുപടം എടുത്തു ധരിച്ചു. പിന്നെ "ഇന്നത്തെ നമ്മുടെ സന്തോഷത്തിന്ന് എന്തോ വിഘ്നമുണ്ടെന്നു തോന്നുന്നു. വായനയും തയ്യൽപ്പണിയും നിറുത്തിവെക്കാം. നിങ്ങളെല്ലാവരും പൊയ്ക്കൊള്ളിൻ. സമയം കിട്ടിയാൽ നിങ്ങളെ വിളിപ്പിക്കാം" എന്നു പറഞ്ഞു.

കന്യകമാർ പോയി. എന്നാൽ സോറാ പോകാതെ ബീബിയുടെ അടുക്കൽതന്നെ നിന്നു.

ചാന്ദ്ബീബി:—നീയും പൊയ്ക്കോ, മകളേ.

സോറാ:—അമ്മേ, ഞാൻ ഇവിടെ നിന്നുകൊള്ളട്ടെ. കാൎയ്യം എന്താണെന്നറിവാനുള്ള കൌതുകം കൊണ്ടല്ല നില്ക്കുന്നതു്. പണ്ടത്തെ ദുർദ്ദിവസങ്ങൾ ഓൎത്തിട്ടു് എന്റെ ഹൃദയം തുടിക്കുന്നു. എന്തോ ആപത്തു് വരുന്നെന്നാണു് എന്റെ ആശങ്ക.

ചാന്ദ്ബീബി:—ഭയപ്പെടേണ്ടാ, മകളേ. എനിക്കു വേണ്ടി മരിക്കാൻ തയ്യാറുള്ള അനേകം വിശ്വസ്തന്മാരുണ്ടിവിടെ. അതുകൊണ്ടു് ഒന്നും ശങ്കിക്കാനില്ല. നിന്റെ സഖിമാരോടുകൂടെ പൊയ്ക്കൊള്ളുക. നീയൊരു യോദ്ധാവിന്റെ ഭാൎയ്യയാണെന്നുള്ളതു വിസ്മരിക്കാതെ ധൈൎയ്യമായിരിക്ക.

സോറാ പോയ ഉടനെ ഒരു സേവകൻ വന്നു് അഹമ്മദ്നഗരത്തിൽനിന്നു് ഒരു അകമ്പടിയോടുകൂടെ ഒരു സ്ഥാനാപതി എന്തോ അടിയന്തിരസന്ദേശവും കൊണ്ടു വന്നിരിക്കുന്നു എന്നു് ബീബിയെ അറിയിച്ചു.

ചാന്ദ്ബീബി (മുഖത്തു് യാതൊരു ഭാവഭേദവും കാണിക്കാതെ):—അവരെ യഥായോഗ്യം സ്വീകരിച്ചിട്ടു് അബ്ബാസ്ഖാനെ വിളിച്ചുകൊണ്ടു വരിക.

അബ്ബാസ്ഖാൻ പരിഭ്രമത്തോടെ വന്നു. അദ്ദേഹത്തിന്റെ പരിഭ്രമം കണ്ടിട്ടു് ചാന്ദ്ബീബി:—"എന്താ, ഉപയോഗിക്കാതെ വച്ചിരുന്നിട്ടു് എന്റെ ആയുധങ്ങൾ തുരുമ്പു പിടിച്ചുപോകുന്നു എന്നു പറയാനാണോ നീ വന്നതു് മകനേ?"

അബ്ബാസ്ഖാൻ:—"വിനോദം പറയാനുള്ള സമയമല്ലമ്മേ ഇതു്. അഹമ്മദ്നഗരത്തിൽ രാജാവിനെ വാഴി

ക്കുന്ന കാര്യത്തിൽ തക്കമുണ്ടായി, പ്രഭുക്കന്മാർ രണ്ടു കക്ഷികളായി പിരിഞ്ഞു് വലിയ കലഹമായിരിക്കുന്നു. ഡെൽഹി ചക്രവർത്തിയുടെ പുത്രൻ മുറാദ് രാജകുമാരനും ഈ തക്കം നോക്കി ഒരു വലിയ സൈന്യത്തോടുകൂടെ വരുന്നുണ്ടു്. അന്തഃഛിദ്രം ഉള്ള അഹമ്മദ്നഗരത്തെ പിടിച്ചടക്കി അടിമപ്പെടുത്താൻ അദ്ദേഹത്തിന്നു് ഒരു പ്രയാസവും ഉണ്ടാകയില്ല."

ചാന്ദ്ബീബി "അതിനാരണോ അവർ വന്നിരിക്കുന്നതു! എന്റെ ജന്മഭൂമി!" എന്നു പറഞ്ഞുകൊണ്ടു് നെടുവീർപ്പോടുകൂടെ ജനലിങ്കൽ പോയി തന്റെ ജന്മദേശം കാണാൻ ശ്രമിക്കുന്നതുപോലെ ദൂരെയുള്ള മലകൾക്കു നേരെ കുറെനേരം നോക്കിക്കൊണ്ടു നിന്നു.

അവർ തിരികെ താൻ ഇരുന്ന സ്ഥലത്തെയ്ക്കു് വന്നപ്പോൾ അവരുടെ മുഖം പതിവുപോലെ ശാന്തവും പ്രസന്നവും ആയിത്തന്നെ അബ്ബാസ്ഖാന്നു് തോന്നി.

ചാന്ദ്ബീബി:— അഹമ്മദ്നഗരത്തിൽ ഇപ്പോൾ എന്നെക്കൊണ്ടാവശ്യം ഉണ്ടെങ്കിൽ ഞാൻ അവിടെക്കു പോകതന്നെ ചെയ്യും. എന്നെ വിരമിപ്പിക്കാൻ നോക്കണ്ടാ മകനേ. പല ആപത്തുകളിൽ കൂടെ കടന്നു പോയിട്ടുള്ള എനിക്കു് ആപത്തുകളെപ്പററി ഭയമില്ലെന്നു് നിനക്കറിയാമല്ലോ. ഞാൻ നീതിന്യായത്തിന്നായി പോരാടുവാൻ പോകയാണെങ്കിൽ നീയും എന്നോടുകൂടെ പോരുമോ?

"ജയമോ പരാജയമോ, ജീവനോ മരണമോ എന്തായാലും വേണ്ടതില്ല; ഞാൻ ആയുധപാണിയായി തിരുമനസ്സിലെ അനുഗമിക്കുമെന്നു് ഈ ഖഡ്ഗം പിടി

ച്ചുകൊണ്ടാണയിട്ടുന്നു" എന്നു് അബ്ബാസ്ഖാൻ തൻെറ വാൾ പിടിച്ചുകൊണ്ടു് സത്യം ചെയ്തു.

"ഒരു സ്ത്രീക്കു് പ്രത്യേക ദൈവാനുകൂല്യമില്ലാതെ നിന്നെക്കാൾ യോഗ്യനായ ഒരു സംരക്ഷകനെയോ ഒരു മാതാവിന്നു് നിന്നെക്കാൾ ഉത്തമനായ ഒരു പുത്രനെയോ ലഭിക്കയില്ല, മകനേ" എന്നു് ബീബി കരുണയോടെ പറഞ്ഞു. "നമുക്കിപ്പോൾ ആ സ്ഥാനാപതി ഇത്രദൂരം വന്ന അടിയന്തിരകാര്യം എന്താണെന്നു് ചോദിച്ചറിയാം. അദ്ദേഹത്തെ വിളിപ്പിക്ക."

സ്ഥാനാപതിവന്നു് അഹമ്മദ്നഗരത്തിലെ അന്തഃഛിദ്രത്തെപ്പററിയും മൂറാദ് രാജകുമാരൻെറ വരവിനെപ്പററിയും രാജ്യത്തിൻെറ അപകടസ്ഥിതിയെപ്പററിയും വിവരമായി ബോധിപ്പിച്ചു. എന്നിട്ടും ബീബിയുടെ മുഖത്തു് സാധാരണയുള്ള ശാന്തതയും ഗൗരവവുമല്ലാതെ ഭാവഭേദമൊന്നുമുണ്ടായില്ല. ഇടയ്ക്കിടയ്ക്കു് ഭടന്മാരുടെ വിശ്വസ്തതയെപ്പററിയും കോട്ടയുടെ ഉറപ്പിനെപ്പററിയും മുഗൾസൈന്യം എവിടെയെല്ലാമാണു് പാളയമിറങ്ങിയിരിക്കുന്നതെന്നും അവർ ചോദിച്ചറിഞ്ഞു.

ചാന്ദ്ബീബി:—അഹമ്മദ്നഗരത്തിൻെറ സ്വാതന്ത്ര്യത്തിൽ എനിക്കു് അതിതാൽപര്യം ഉണ്ടെന്നു് ഞാൻ പറയണമെന്നില്ലല്ലോ. എന്നാൽ ഞാൻ ഒരു സ്ത്രീയാണു്. ഒരു സ്ത്രീയുടെ സാമർത്ഥ്യവും ശക്തിയുമേ എനിക്കുള്ളു. നിങ്ങളും അഹമ്മദ്നഗരത്തിലെ മററു യോദ്ധാക്കളും എൻെറ നായകത്വം സ്വീകരിക്കയും എൻെറ മൂട്ടപടത്തെ നിങ്ങളുടെ പതാകയായി ഗണിച്ചു് അനുഗമിക്കയും ചെയ്യുമോ?

സ്ഥാനാപതി:—തിരുമനസ്സിലെ സാന്നിദ്ധ്യംതന്നെ നമ്മുടെ യുദ്ധവീരന്മാരെ ശക്തിപ്പെടുത്തും. തിരുമനസ്സിലെ ആജ്ഞകൾ അവർ അനുസരിക്കും. ഇരുകക്ഷികളും ന്യായം സ്വീകരിച്ചു് മുഗൾ സൈന്യത്തോടു യുദ്ധം ചെയ്യാൻ സന്നദ്ധരാകും."

ചാന്ദ്ബീബി:—ഞാൻ വരാം. ദൈവം നമ്മെ സഹായിക്കട്ടെ.

സ്ഥാനാപതി സന്തോഷത്തോടെ മടങ്ങിപ്പോയി.

അധികദിവസം കഴിയുന്നതിനു മുമ്പേ ചാന്ദ്ബീബി ഒരു ചെറിയ കുതിരസൈന്യത്തോടുകൂടെ ബീജാപ്പുരത്തു നിന്നു പുറപ്പെട്ടു. അബ്ബാസ്ഖാനും സോറയും അവരുടെ കൂടെ പോയി.

ചാന്ദ്ബീബി അഹമ്മദ്നഗരത്തിൽ എത്തിയപ്പോൾ ജനങ്ങൾ അവരെ കക്ഷിവഴക്കുപേക്ഷിച്ചു് സസന്തോഷം സ്വീകരിച്ചു. മുഗൾസൈന്യത്തെ സംബന്ധിച്ചു് അവർക്കുണ്ടായിരുന്ന ഭയവും ശമിച്ചതായി തോന്നി.

മൂറാദ് രാജകുമാരനും സൈന്യവും അഹമ്മദ്നഗരത്തോടു അടുത്തടുത്തു വന്നു. ചാന്ദ്ബീബി ഒന്നാമത്തു ചെയ്തതു് അടുത്തുള്ള ബിജാപ്പുരവും ഗോൾക്കൊണ്ടയും സുൽത്താന്മാർക്കു് സഹായത്തിനു് അപേക്ഷകൾ അയയ്ക്കുകയായിരുന്നു. ബിജാപ്പുരം സുൽത്താൻ തന്റെ അനന്തിരവാരം തന്നെ അമ്മയെപ്പോലെ കരുതിയിരുന്നവനും ആയിരുന്നതിനാൽ അദ്ദേഹത്തിന്റെസഹായത്തെപ്പററി ചാന്ദ്ബീബിക്കു് ഒട്ടും തന്നെ ആശങ്കയുണ്ടായിരുന്നില്ല.

അനന്തരം ചാന്ദ്ബീബി മൂറാദ് രാജകുമാരനു തന്നെ നേരിട്ട് ഒരു സന്ദേശമയച്ചു, രാജകുമാരൻ ഒരു സ്നേഹിതന്റെ നിലയിൽ വരികയാണെങ്കിൽ അദ്ദേഹത്തെ യഥായോഗ്യം സ്വീകരിച്ച് ഉപചരിക്കുമെന്നും, അതല്ല, ഒരു ശത്രുവായിട്ടാണ് വരുന്നതെങ്കിൽ താനും തന്റെ ഭടന്മാരും അദ്ദേഹത്തെ ജീവനുപേക്ഷിച്ച് എതിക്കുമെന്നും സന്ദേശത്തിൽ പ്രസ്താവിച്ചിരുന്നു. ഒരു സ്ത്രീയുടെ ഇങ്ങനെയുള്ള സന്ദേശം മൂറാദിനു രസിച്ചില്ല. അഹമ്മദ്നഗരം കൈവശപ്പെടുത്താൻ നിശ്ചയിച്ചുകൊണ്ടു വന്ന അദ്ദേഹം ഇതൊരു ഭീഷണിയായി വ്യാഖ്യാനിച്ചുകൊണ്ട് മറുപടി അയയ്ക്കാതെ, അഹമ്മദ്നഗരം കോട്ടയെ ഉടൻതന്നെ നിരോധിക്കാൻ കല്പനകൊടുത്തു. ഭാഗ്യവശാൽ കോട്ടയ്ക്കകത്ത് ഭക്ഷണസാധനങ്ങൾ ധാരാളം സംഭരിച്ചിട്ടുണ്ടായിരുന്നതിനാൽ അക്കാര്യത്തെ സംബന്ധിച്ച് ബീബിക്ക് മനോചാഞ്ചല്യം ഉണ്ടായില്ല. അതുകൊണ്ട് മുഗൾസൈന്യത്തിന്റെ ആക്രമണത്തെ തടുക്കാനുള്ള മററു ഒരുക്കങ്ങളെല്ലാം [illegible] നിറവേററപ്പെട്ടു.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL
4554

മുഗൾ സൈന്യം കോട്ടയെ ചുററിയിരുന്നതിനാലും ബിജാപ്പൂരത്തുനിന്നു വന്ന സൈന്യത്തെ അവർ നശിപ്പിച്ചതിനാലും വെളിയിൽ നിന്നു സഹായം ലഭിക്കുമെന്നുള്ള പ്രത്യാശയ്ക്കു ഭംഗം വന്നു. എങ്കിലും, ബീബി അധൈര്യപ്പെട്ടില്ല. കോട്ടയ്ക്കകത്തേക്ക് മുഗൾ സൈന്യം തുരങ്കംവച്ചാൽ ബീബിയുടെ ഭടന്മാർ എതിർ തുരങ്കം വച്ച് അടച്ചുകളയും. മുഗൾ സൈന്യം കോട്ടമതിൽ ഇടിച്ചുപൊളിച്ചാൽ അകത്തുള്ളവർ ഉടനടി അതു കെട്ടിയുറപ്പിക്കും. ഈ സമയം ബീബിയുടെ വീരന്മാരായ അറബിഭടന്മാർ അകത്തു നിന്നു വെടിവച്ച് മുഗൾ

സൈന്യത്തിൽ അനേകരെ സമപുരിക്കയച്ചു കൊണ്ടിരുന്നു. അപകടം എവിടെയൊ ബീബി തൽക്ഷണം അവിടെയെത്തി ന്യൂനത പരിഹരിക്കും. കോട്ടയ്ക്കത്തു് അനേകം ചാന്ദ്ബീബിമാർ ഉണ്ടെന്നു് തോന്നിപ്പോകും. ക്രമേണ സൈന്യത്തിന്റെ ഭക്ഷണം കുറഞ്ഞു കുറഞ്ഞു വന്നു. എങ്കിലും കോട്ടവീഴുന്ന ലക്ഷണമൊന്നും കണ്ടില്ല. ഇങ്ങനെ സ്ത്രീകളെ പുച്ഛിച്ച രാജകുമാരന്റെ അഭിപ്രായം ഭേദപ്പെട്ടു്, താൻ അവിവേകമായി പ്രവർത്തിച്ചില്ലയോ എന്നുള്ള വിചാരമായി.

ഈ വിധത്തിൽ നാളുകൾ കുറെ കഴിഞ്ഞു; ഇരു സൈന്യങ്ങളും ക്ഷീണിച്ചു പരവശരായി. ഒരുദിവസം രാത്രി ചാന്ദ്ബീബി കോട്ടമതിൽ പരിശോധിച്ചു നടക്കുമ്പോൾ ശത്രുപക്ഷത്തുനിന്നു് ഒരാൾ "വീരസഖാക്കളെ, മുസ്ലിം സഹോദരന്മാരേ, നിങ്ങൾ ആശ്ചര്യകരമായ ധൈര്യവും സാമർത്ഥ്യവും പ്രദർശിപ്പിച്ചിരിക്കുന്നു. എങ്കിലും, ചക്രവർത്തിയുടെ സൈന്യത്തോടു് അധികനാൾ എതിർത്തു നിൽക്കാൻ നിങ്ങൾക്കു കഴികയില്ല. ഇനിയും അപരിഹാര്യമായ അർനഷ്ടത്തിനു ഇടയാക്കാതെ കീഴടങ്ങി യുദ്ധം അവസാനിപ്പിക്കിൻ. നിങ്ങൾ നിൽക്കുന്നതിനു കീഴിലും മററു പല സ്ഥലങ്ങളിലും തുരങ്കങ്ങൾ ഉണ്ടാക്കി വെടിമരുന്നുചാക്കുകൾ വച്ചിരിക്കുന്നു. അവയ്ക്കു് തീ കൊളുത്തി പല സ്ഥലങ്ങളിൽ മതിൽ പൊളിച്ചു് രാജാധിരാജന്റെ സേനകൾ പ്രവേശിക്കുന്നതാകുന്നു. പിന്നെ കരുണയുണ്ടാകയില്ല. കീഴടങ്ങി നിങ്ങളുടെയും നിങ്ങളുടെ കുഞ്ഞുങ്ങളുടെയും ജീവനെ രക്ഷിച്ചു കൊള്ളുക" എന്നു വിളിച്ചു പറയുന്നതു കേട്ടു.

ഈ പ്രബോധനം കേട്ടവർ ഭയവിഹ്വലരായി കീഴടങ്ങുകയാണുത്തമം എന്നു് ചാന്ദ്ബീബിയെ ഉപദേ

ശിച്ചു. ആ മഹതി ധൈൎയ്യത്തോടെ, അവരോധക സൈന്യവും കേൾക്കത്തക്ക ഉച്ചത്തിൽ, ഇങ്ങനെ പറഞ്ഞു.—

"വിജയം കരസ്ഥമായിരിക്കുന്ന ഈ സമയത്തു് അഭയം യാചിക്കാൻ ഞങ്ങളുത്ര ഭീരുക്കളോ? എന്റെ യുദ്ധവീരന്മാരേ, നിങ്ങളുടെ ഭാൎയ്യമക്കളെ മുഗൾസൈന്യത്തിനു നിങ്ങൾ ബലികഴിക്കുമോ? ഞാൻ ഒരു അബലയാണു്, എങ്കിലും എന്റെ ജീവൻ വെടിഞ്ഞും ഞാൻ ഈ കോട്ടയേയും നമ്മുടെ മാനത്തെയും രക്ഷിക്കും. സൎവ്വവല്ലഭനായ ദൈവം ഈ നിഷ്ഠുരരിപുക്കളുടെ കയ്യിൽ നമ്മെ ഏല്പിക്കയില്ല. തുരങ്കക്കാരെ വരുത്തുക. അവർ തുരങ്കംവച്ചു് ശത്രുക്കൾ സ്ഥാപിച്ചിട്ടുള്ള വെടിമരുന്നുചാക്കുകൾ നീക്കം ചെയ്യട്ടെ. ഞാനും വരുന്നു. മണ്ണിൽ കളിച്ചിട്ടില്ലാത്ത ഈ കൈകൾ കൊണ്ടു മണ്ണു മാന്തി അവയെ എടുത്തുകളയും. ഈ ആപത്തൊഴിപ്പാൻ ഇനിയും സമയമുണ്ടു്."

SREE KRISHNA VI... GRANDHASALA ...DRUM

ഈ വീരവാക്കുകൾ കേട്ടു് ബീബിയുടെ ഭടന്മാർ വീണ്ടും ധൈൎയ്യം അവലംബിച്ചു. "മരിച്ചാലും ഞങ്ങൾ തിരുമേനിയെവിട്ടു് ഓടിക്കളകയില്ല. ഒരു നാളും ഞങ്ങൾ കീഴടങ്ങിക്കൊടുക്കയില്ല" എന്നു അവർ പറഞ്ഞു.

ചാന്ദ്ബീബിയുടെ നേതൃത്വത്തിൽ തുരങ്കക്കാർ മണ്ണുമാന്തി കുഴികളുണ്ടാക്കി മുഗൾസൈന്യം സ്ഥാപിച്ച വെടിമരുന്നുചാക്കുകൾ എടുത്തു നശിപ്പിച്ചു.

ഈ വിവരമറിഞ്ഞു് മുറാദ്രാജകുമാരൻ ഓടി സ്ഥലത്തെത്തിയപ്പോൾ തന്റെ തുരങ്കക്കാരുടെ ഒരുമാസത്തെ കഠിനാദ്ധ്വാനം വിഫലമായിപ്പോയതു കണ്ടു. അവർ സ്ഥാപിച്ച വെടിമരുന്നുചാക്കുകൾക്കു് ഒരേസമയം തീ

വച്ച് കോട്ടമതിൽ പല സ്ഥലങ്ങളിൽ പൊളിഞ്ഞു വീഴുമ്പോൾ തൻെറ സൈന്യങ്ങൾക്ക് നിഷ്പ്രയാസം കോട്ടയ്ക്കകത്തു പ്രവേശിക്കാമെന്നായിരുന്നു രാജകുമാരൻെറ പ്രതീക്ഷ. ആ പ്രതീക്ഷ ഇങ്ങനെ ശിഥിലമായിപ്പോകയാൽ അദ്ദേഹം കുപിതനായി എതിർ തുരങ്കക്കാരുടെ ദൃഷ്ടിയിൽപെടാതെ കിടന്ന ഒരു ചെറിയ തുരങ്കത്തിൽ സ്ഥാപിച്ചിട്ടുണ്ടായിരുന്ന വെടിമരുന്നിനു തൽക്ഷണം തീ കൊളുത്താനും അവിടെയുണ്ടാകുന്ന ദ്വാരത്തിൽ കൂടെ ഭടന്മാർ പ്രവേശിക്കാനും കല്പനകൊടുത്തു.

കോട്ടമതിലിൻെറ അടിയിൽ നിന്നു് ഒരു പുക പൊങ്ങി, ഒരു ശബ്ദം കേട്ടു കുറെ കല്ലും മണ്ണും തെറിച്ചു ദൂരത്തു വീണു, മതിലിൽ ഒരു വിടവും ഉണ്ടായി. മുഗൾഭടന്മാർ അട്ടഹസിച്ചുകൊണ്ടു് അവിടെയെത്തി. തനിക്കുപററിയ അപകടത്തെപ്പററി ചിന്തിച്ചു് ചാന്ദ്ബീബിയുടെ മനം കലങ്ങി. തൻെറ ഭടന്മാരിൽ ചിലർ ഓടിപ്പോകാൻ ഭാവവുമായി.

താൻ പരാജിതയായിപ്പോകുമെന്നുള്ള ആശങ്ക ചാന്ദ്ബീബിയെ അധികനേരം ബാധിച്ചില്ല. "എൻെറ സ്നേഹിതന്മാരേ, നിങ്ങളുടെ പ്രതിജ്ഞ എവിടെ? നിങ്ങൾ ഓടിപ്പോയാൽ ശത്രുസൈന്യത്തിൻെറ മദ്ധ്യത്തിലല്ലയോ ചെന്നെത്തുന്നതു്? നിങ്ങളെന്നെ ഇപ്പോളുപേക്ഷിച്ചാൽ നിങ്ങളുടെ വീര്യപരാക്രമങ്ങളെ ഘോഷിക്കുന്നതാരു്? നിങ്ങളുടെ സ്ത്രീകൾക്കും കുട്ടികൾക്കും രക്ഷയാരു്?" (ഈ സമയം സോറാ ചാന്ദ്ബീബിയുടെ പരിചയും ഖഡ്ഗവും കൊണ്ടുവന്നു് അവക്ക് കൊടുത്തു) "നോക്കുക, അബലകളായ ഞങ്ങൾ ഓടിഒളിക്കാൻ വിചാരിക്കുന്നില്ല. മതിൽ പൊളിഞ്ഞിടത്തേക്കു്, എൻെറ

സ്നേഹിതന്മാരേ; മാനഭംഗത്തേക്കാൾ മരണം നല്ലതു്, വരീൻ."

ചാന്ദ്ബീബിയുടെ പിന്നാലെ ഭടന്മാർ മതിൽ പൊളിഞ്ഞിടത്തേക്കു് ഭീതിയോ ഭയമോ പ്രദർശിപ്പിക്കാതെ ചെന്നു് കോട്ടയ്ക്കകത്തു പ്രവേശിക്കാൻ വന്ന മുഗൾ ഭടന്മാരെ വെടിവെച്ചു പുറകോട്ടോടിച്ചു. അബ്ബാസ്ഖാനും സമർത്ഥന്മാരായ ചില അറബിഭടന്മാരും കുട്ടകളിൽ വിടവിൽ ഇറങ്ങി, അവിടെയുണ്ടായ മറവുസ്ഥലങ്ങളിൽ നിന്നുകൊണ്ടു്, മുഗൾ ഭടന്മാരെ വെടിവെച്ചുകൊന്നു. ഈ പരിഭ്രമാവസരത്തിലും തന്റെ ഭടന്മാർ മനുഷ്യരാണെന്നുള്ളതു് ബീബി വിസ്മരിച്ചില്ല. അവരുടെ ആജ്ഞപ്രകാരം യോദ്ധാക്കൾ നിന്ന സ്ഥലത്തു തന്നെ അവക്കു് ഭൃത്യന്മാർ ആഹാരം കൊണ്ടുവന്നുകൊടുത്തു. ഇങ്ങനെ യുദ്ധവും ഭക്ഷണവും ഒരേസമയം തന്നെ നടന്നു.

അല്പസമയത്തേക്കു് മുഗൾ ഭടന്മാർ പിന്മാറി. എങ്കിലും തരം കിട്ടുമ്പോൾ അവർ വിടവിൽ കൂടെ അതിവേഗത്തിൽ പാഞ്ഞു കയറാൻ ഉദ്യമിക്കുമെന്നു് യുദ്ധസമർത്ഥയായ ചാന്ദ്ബീബിക്കു് നിശ്ചയമുണ്ടായിരുന്നു. അവർ കോട്ടയിലുള്ള ബീരങ്കിത്തോക്കുകളെല്ലാം വിടവിനു നേരെയും അതു ലാക്കാക്കി വരുന്നവരുടെ നേരെയും വെടി വയ്ക്കത്തക്കവണ്ണം തിരിച്ചു വെപ്പിച്ചു. അതുകൊണ്ടു ങ്കിലും കോട്ടമതിൽ ചാടിക്കയറുമെന്നു അവക്കു ഭയമില്ലായിരുന്നു.

നേരം ഉച്ചയായി. സൂര്യൻ ഘോരമായ ചൂടോടെ പ്രകാശിച്ചു. അപ്പോൾ പള്ളികളിൽ നിന്നു നമസ്കാരത്തിനുള്ള "ബാങ്ക്" വിളി കേട്ടു. മഹമ്മദീയ ഭടന്മാരെല്ലാവരും അവരുടെ വസ്ത്രങ്ങൾ നിലത്തു വിരിച്ചു് നമസ്കരിക്കാനും ഇരുന്നു.

പെട്ടെന്നു് ദീർഘകായനായ ഒരു പോർത്തുഗീസ് സേനാനായകൻ മുഗൾ സൈന്യത്തിൽനിന്നു് പുറപ്പെട്ടു്, വിടവിനുനേരെ കുന്തം ചൂണ്ടിക്കൊണ്ടു് അതിവേഗത്തിൽ പാഞ്ഞുവന്നു. അദ്ദേഹത്തെ അനുഗമിച്ചു് അനേകായിരം ഭടന്മാരും അട്ടഹാസിച്ചുകൊണ്ടു് പാഞ്ഞുവന്നു. ഈ കൌശലം ചാന്ദ്ബീബി പ്രതീക്ഷിച്ചിരുന്നതിനാൽ കോട്ടയ്ക്കകത്തു് കുഴപ്പമോ പരിഭ്രമമോ ഉണ്ടായില്ല. കോട്ടയിൽ നിന്നുവച്ച വലിയ തോക്കുകളിലേയും കൈത്തോക്കുകളിലേയും വെടികൊണ്ടു് അനേകർ വീണു. മുമ്പുള്ളവർ തിരിഞ്ഞോടിയപ്പോൾ പുറകെ വന്നവരുമായി കൂട്ടിമുട്ടിവീണു് ചവിട്ടി മെതിക്കപ്പെട്ടു. പോർത്തുഗീസ് സേനാനായകൻ കോട്ടയിൽ പാഞ്ഞു കയറാൻ വീണ്ടും ശ്രമിച്ചപ്പോൾ ഒരു വെടികൊണ്ടു വീണു മരണം പ്രാപിച്ചു.

ഈ യുദ്ധകോലാഹലത്തിനിടയിൽ ചാന്ദ്ബീബി തന്റെ ഭടന്മാരിൽ മുറിവേററവരെ ആശ്വസിപ്പിച്ചും വീഴാത്തവരെ ഉത്സാഹിപ്പിച്ചും എല്ലാവരും കേൾക്കെ കല്പനകൾ കൊടുത്തുംകൊണ്ടു് ആ വിടവിങ്കൽ തന്നെ നിന്നിരുന്നു. ഇതെല്ലാം ദൂരത്തുനിന്നു് നോക്കിക്കൊണ്ടിരുന്ന മൂറാദ് രാജകുമാരനു് തനിക്കു സംഭവിച്ച പരാജയവും ആൾനഷ്ടവും നിമിത്തം അതിയായ ഖേദവും അതേസമയംതന്നെ ആദ്യം താൻ പുച്ഛമായി ഗണിച്ച സ്ത്രീരത്നത്തെപ്പററി അളവില്ലാത്ത ബഹുമാനവും അവരുടെ വൈഭവത്തെപ്പററി ആശ്ചര്യവും ഉണ്ടായി.

സൂര്യൻ അസ്തമിക്കാറായി. മുഗൾ സൈന്യം കേവലം പരാജിതരായി, തങ്ങളുടെ മരിച്ചവരെയും മുറിവേററവരെയും ആയുധങ്ങളും പതാകകളും ഉപേക്ഷിച്ചിട്ടു് തിരിച്ചുപോയി. അപ്പോഴും കൊത്തളങ്ങളിൽ നിന്നുള്ള

വെടികൊണ്ടു് അനേകർ മരിച്ചു. അന്നരാത്രി മുഗൾ സൈന്യം മൌനത്തിൽ കഴിച്ചുകൂട്ടി. ഇങ്ങനെയൊരു മാനക്കേടു സംഭവിക്കുമെന്നു് അവർ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ലല്ലോ.

മുഗൾ സൈന്യം പോയ ഉടനെ പൊളിഞ്ഞ കോട്ടമതിൽ നന്നാക്കുന്നതിന്നു് ചാന്ദ്ബീബി കല്പന കൊടുത്തു. ഉദയത്തിനു മുമ്പു് അതു കെട്ടിയുറപ്പിച്ചു് മുൻസ്ഥിതിയിലാക്കുകയും ചെയ്തു.

സൂര്യോദയമായപ്പോൾ മുഗൾ സൈന്യത്തിൽ നിന്നു് ഒരു സ്ഥാനാപതി ഒരു സമാധാനക്കൊടിയും പിടിച്ചു വന്നു. ചാന്ദ്ബീബി അവനെ യഥായോഗ്യം സ്വീകരിച്ചു. അവൻ അവരെ മൂറാദ് രാജകുമാരന്റെ അനുമോദനങ്ങളെയും അഹമ്മദ്നഗരം വിട്ടു പോകാനുള്ള അദ്ദേഹത്തിന്റെ നിശ്ചയത്തെയും അറിയിക്കയും യുദ്ധത്തിൽ മരിച്ചുപോയ മുഗൾ വീരന്മാരുടെ ശരീരങ്ങൾ എടുത്തുകൊണ്ടു പോകാൻ അനുവാദം ചോദിക്കയും ചെയ്തു.

ചാന്ദ്ബീബി അപ്പോൾതന്നെ അനുവാദം കൊടുത്തു. ഇങ്ങനെ സന്ധ്യയായപ്പോഴേക്കു് യുദ്ധത്തിന്റെ ഭയങ്കരചിഹ്നങ്ങളെല്ലാം അവിടെ നിന്നു മാഞ്ഞുപ്പെട്ടു. അ രാത്രിതന്നെ പരാജിതരായ മൂറാദ് രാജകുമാരനും സൈന്യവും തല താഴ്ത്തിക്കൊണ്ടു് അഹമ്മദ്നഗരം വിട്ടു് പോകയും ചെയ്തു.

അഹമ്മദ് നഗരം രക്ഷിക്കപ്പെട്ടു. നാടെങ്ങും സമാധാനമായി. ചാന്ദ് ബീബി തന്റെ ആയുധങ്ങൾ താഴത്തുവച്ചിട്ടു് ആത്മപ്രശംസ ചെയ്യാതെ തന്നോടുകൂടെ യുദ്ധം ചെയ്ത വീരന്മാരെ അനുമോദിക്കയും അവരോടു്

തനിക്കുള്ള കൃതജ്ഞത പ്രദൎശിപ്പിക്കയും ചെയ്തു. ചിലർ തന്നെ സ്തുതിക്കാൻ ആരംഭിച്ചപ്പോൾ അവരെ തടുത്തു് ആ സ്ത്രീരത്നം ഇങ്ങനെ പറഞ്ഞു:—

സ്നേഹിതന്മാരേ, എനിക്കു് ആരുടെയും പ്രശംസയ്ക്കു അൎഹതയില്ല. വിജയത്തിനു നിങ്ങളുടെ ഭുജങ്ങളെ ശക്തിപ്പെടുത്തിയ സൎവശക്തനായ ദൈവത്തിനു് മഹത്വം കൊടുപ്പിൻ; അവനാകുന്നു നമ്മെയും നമ്മുടെ രാജ്യത്തെയും സംരക്ഷിച്ചതു്.

---

# പരോപകാരതല്പരനായ കൃഷിക്കാരൻ.

തെക്കെ അഫ്രിക്കയിൽ പാറകൾ നിറഞ്ഞ ഒരു സമുദ്രതീരം ഉണ്ടു്. അവിടെയുള്ള ജനങ്ങൾ അധികവും ഡച്ചുകാരും അവർ അടിമകളാക്കിയ കാപ്പിരികളും ആകുന്നു.

കൂരിരുട്ടായ ഒരു രാത്രി അവിടെ ഒരു കൊടുങ്കാറ്റുണ്ടായി. തിരകൾ ഇടിപോലെയുള്ള ഗംഭീരശബ്ദത്തോടെ തീരത്തു് അടിച്ചുകയറിക്കൊണ്ടിരുന്നു. കാറ്റിന്റെ ഉഗ്രത വല്ലപ്പോഴും ശമിക്കുമ്പോൾ ആ തീരവാസികൾക്കു് ദയനീയമായ നിലവിളി കേൾക്കുമ്പോലെ തോന്നിയിരുന്നു. നേരം പുലൎന്നശേഷവും കാറ്റിന്റെ ശക്തി കുറഞ്ഞില്ലെങ്കിലും, അവർ കടൽതീരത്തു പോയി നോക്കിയപ്പോൾ പാറയിൽ മുട്ടിത്തകൎന്നു മുങ്ങിപ്പോകാറായ ഒരു കപ്പലാണു് കണ്ടതു്. കപ്പലിന്റെ മേൽതട്ടു് യാത്രക്കാരെക്കൊണ്ടു നിറഞ്ഞിരുന്നു. നീന്തിക്കയറി രക്ഷപ്പെടാമെന്നുള്ള ആശയോടെ ചിലർ സമുദ്രത്തിൽ ചാടി അല്പദൂരം നീന്തീട്ടു് മുങ്ങിപ്പോകുന്നതും അവർ കണ്ടു. ആ തീരം ഒരു തുറമുഖമോ, മീൻപിടിത്തക്കാരോ വള്ളങ്ങളോ ഉള്ള സ്ഥലമോ, അല്ലാഞ്ഞതിനാൽ ആ ഭയങ്കര വിപത്തിൽ അകപ്പെട്ടവരെ രക്ഷിക്കാൻ ഒരു മാൎഗ്ഗവും ഉണ്ടായിരുന്നില്ല.

ഇങ്ങനെ അവർ ഇതികൎത്തവ്യതാമൂഢരായി നോക്കിനില്ക്കുമ്പോൾ ഒന്നാന്തരമൊരു കുതിരപ്പുറത്തു് ഒരു ഡച്ചു്കൃഷിക്കാരൻ കയ്യിൽ ഒരു വടവുമായി അവിടെ വന്നു. അവൻ കുതിരപ്പുറത്തു നിന്നിറങ്ങി പരിതസ്ഥി

തികഠം അല്പം പരിശോധിച്ചശേഷം കുതിരയെ തഴകിക്കൊണ്ടു് അതിനോടു് "ജെന്നീ, മകളേ, അവരെ രക്ഷിക്കാൻ നമുക്കൊന്നു ശ്രമിക്കാമോ?" എന്നു ചോദിച്ചു. താനുംകൂടെ സഹായിക്കണമെന്നു് യജമാനൻെറ മുഖത്തു സ്ഫുരിച്ചിരുന്ന ഭാവം മനസ്സിലാക്കിയതുപോലെ കുതിര അവനെ നോക്കി ചിനച്ചു. അവൻ വീണ്ടും കുതിരപ്പുറത്തു കയറി. കുതിര അവനെയും വടവും വഹിച്ചുകൊണ്ടു് ക്ഷോഭിച്ചു കിടക്കുന്ന സമുദ്രത്തിലും ഇറ[illegible]. തീരത്തു നിന്നവർ കൃഷിക്കാരനും കുതിരയും ആ തിരയിൽ മുങ്ങി മരിച്ചുപോകുമെന്നു വിചാരിച്ചു് പരിഭ്രമിച്ചു നിന്നു. അല്പനേരം കുതിരയെയും കുതിരക്കാരനെയും ഓളം നിമിത്തം കാണ്മാൻ കഴിയാതെ അവരുടെ പരിഭ്രമം വദ്ധിച്ചു. കൃഷിക്കാരൻ അവിവേകമാണു് കാണിച്ചതെന്നും ചിലർ പറഞ്ഞു.

അല്ല, കുതിരയും കുതിരക്കാരനും കപ്പലോടടുത്തു് അതിലുണ്ടായിരുന്നവരിൽ കുറെയാളുകളെ വടത്തിൽ പിടിപ്പിച്ചുകൊണ്ടു് കരയിലേക്കു തിരിച്ചു. ചിലർ നീന്താൻ അശക്തരായിരുന്നതിനാൽ വടത്തേൽ പിടിച്ചു തൂങ്ങി കിടക്കുകയായിരുന്നു. അവരുടെ ഭാരവും വലിച്ചുകൊണ്ടു് തിരമാലകളിൽ കൂടെ നീന്തിവരുന്നതിൻെറ അദ്ധ്വാനം നമുക്കു സങ്കല്പിപ്പാൻ പോലും നിവൃത്തിയില്ല. എങ്കിലും കുതിരയുടെ ശക്തിയും കുതിരക്കാരൻെറ സാമത്ഥ്യവും കൊണ്ടു് അവർ കരകയറി. കരയിൽ നിന്നവർ വടം പിടിച്ചു വലിച്ചെടുത്തു് അതിന്മേൽ പിടിച്ചിരുന്നവരെയെല്ലാം രക്ഷിച്ചു.

ജനങ്ങഠം കൃഷിക്കാരനെ സ്തുതിച്ചുകൊണ്ടു് അവൻെറ ചുററും കൂടി. എന്നാൽ കൃഷിക്കാരൻ പ്രശംസകേട്ടു സന്തോഷിച്ചു നില്പാനുള്ള അവസരമാണതെന്നു് വിചാ

രിച്ചില്ല. കപ്പലിൽ പിന്നെയും ആളുകളുണ്ടെന്നു കണ്ടിട്ട് അവൻ തൻെറ സ്തുതിപാഠകന്മാരെ പിടിച്ചുമാററി കുതിരയോട്ട് "ജെന്നി, മകളേ, ഇനിയും ആളുകളുണ്ട്. നമുക്കൊരിക്കൽ കൂടെ പോകാം" എന്നു പറഞ്ഞു. കൃഷിക്കാരനും കുതിരയും നന്നാ ക്ഷീണിച്ചു പോയിരുന്നെങ്കിലും കൃഷിക്കാരൻെറ ഉത്സാഹം കുതിരയും പ്രദശിപ്പിച്ചു. അവർ പിന്നെയും വടവും കൊണ്ടു് സമുദ്രത്തിലിറങ്ങി മുമ്പിലത്തെ പോലെ കുറെയാളുകളെ കൂടെ കരയ്ക്കെത്തിച്ചു രക്ഷിച്ചു.

കപ്പലിൻെറ മേൽത്തട്ടിൽ ഇനിയും അഞ്ചെട്ടാളുകൾ ഉണ്ടായിരുന്നു. കൃഷിക്കാരൻ പിന്നെയും അവിടെ നിന്നവരുടെ അനുമോദനത്തിന്നായി താമസിക്കാതെ കുതിരയോട്ട് "മകളേ ഒരിക്കൽ കൂടെ പോകണമല്ലോ" എന്നു പറഞ്ഞുകൊണ്ടു് വീണ്ടുംസമുദ്രത്തിലിറങ്ങി. കൃഷിക്കാരനും കുതിരയും ക്ലേശം നിമിത്തം നന്നാ ക്ഷീണിച്ചു പോയിരുന്നെങ്കിലും അവർ വളരെ പ്രയാസപ്പെട്ടു് കപ്പലിങ്കൽ എത്തി ശേഷിച്ചവരെയും ഇറക്കി വടത്തിൽ പിടിപ്പിച്ചുകൊണ്ടു് തീരത്തേക്കു തിരിച്ചു. എന്നാൽ അല്പദൂരം എത്തിയപ്പോൾ ഭയങ്കരമായ ഒരു തിരവന്നടിച്ചു് അവരെല്ലാവരും വെള്ളത്തിൽ മുങ്ങിപ്പോയി.

ഈ സംഭവം ഇങ്ങനെ അവസാനിച്ചതിൽ ഖേദിക്കാത്തവർ ഉണ്ടാകയില്ല. എല്ലാവരും രക്ഷപ്പെട്ടു് കൃഷിക്കാരൻ രക്ഷിക്കപ്പെട്ടവരുടെ കൃതജ്ഞതയ്ക്കും ജനങ്ങളുടെ ബഹുമാനത്തിന്നും പാത്രമായി വളരെക്കാലം ജീവിച്ചിരുന്നു എന്നു് പറഞ്ഞവസാനിപ്പിക്കേണ്ടിയിരുന്നു എന്നു് ചിലർ വിചാരിച്ചേക്കാം. എന്നാൽ സത്യം മറിച്ചാകയാൽ സുഖകരമായ വിധത്തിൽ ഈ വിവര

ണം അവസാനിപ്പിക്കാൻ കഴികയില്ല. കൃഷിക്കാരൻ മുങ്ങിപ്പോയെങ്കിലും അവൻെറ മഹൽകൃത്യം സദാകാലത്തേക്കും സ്വാർത്ഥത്യാഗത്തിൻെറ ഒരു ഉത്തമദൃഷ്ടാന്തമായി നിലനില്ക്കും.

# അപകാരത്തിന്നുപകാരംചെയ്ത യോദ്ധാവു്.

ക്രിസ്തുവർഷം പതിനേഴാം ശതാബ്ദത്തിൽ ഡെൻമാൎക്കും സ്വീഡനും രാജ്യങ്ങൾ തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ ഇരുകക്ഷികളിലെയും അനേകം യോദ്ധാക്കൾ യുദ്ധക്കളത്തിൽ മരിച്ചും മുറിവേററും കിടന്നിരുന്നു. മുറിവേററു കിടന്നിരുന്നവരിൽ ഒരു ഡേൻ (ഡെൻമാൎക്കിലെ) യോദ്ധാവിൻെറ പക്കൽ ഒരുകുപ്പി വെള്ളം ഉണ്ടായിരുന്നതു് അവൻ എടുത്തു കുടിക്കാൻ ഭാവിച്ചപ്പോൾ സ്വല്പം ദൂരത്തു് മുറിവേററു് വീണനിലയിൽ മലൎന്നുകിടന്ന ഒരു സ്വീഡിഷ് (സ്വീഡനിലെ) ഭടൻ "അയ്യോ, ഞാൻ ദാഹംകൊണ്ടു മരിക്കുന്നേ" എന്നു് നിലവിളിക്കുന്നതു കേട്ടു. പുണ്യാത്മാവായ ഡേൻ മനസ്സലിഞ്ഞു് തൻെറ കയ്യിലുണ്ടായിരുന്ന കുപ്പിയുംകൊണ്ടു് നിരങ്ങിനിരങ്ങി സ്വീഡിനോടടുത്തു് "നിൻെറ ആവശ്യം എൻെറ ആവശ്യത്തെക്കാൾ വലിയതു്" എന്നു പറഞ്ഞുകൊണ്ടു് വെള്ളം അവൻെറ വായിൽ ഒഴിച്ചുകൊടുക്കുന്നതിന്നായി കുനിഞ്ഞു. പെട്ടെന്നു് അവൻ തൻെറ കയ്യിലുണ്ടായിരുന്ന കൈത്തോക്കു പൊക്കി ഡേനിനെ വെടിവച്ചു. വെടി ഡേനിൻെറ തോളത്തുകൊണ്ടു.

ഡേൻ "ദുഷ്ടാ, നിന്നോടു കരുണതോന്നി നിനക്കു ദാഹശമനം വരുത്തി ആശ്വസിപ്പിക്കാനായി വന്ന എന്നെ നീ കൊല്ലാനാണല്ലോ ശ്രമിച്ചതു്. നിന്നെ ശിക്ഷിക്കാതെ വിടുന്നതു് ന്യായമല്ല. കുപ്പിയിലെ വെള്ളം മുഴുവനും നിനക്കു തരാനായിരുന്നു ഞാൻ വിചാരിച്ചതു്. എന്നാലിപ്പോൾ അതിൽ പാതിയേ തരികയുള്ളു"

എന്നു പറഞ്ഞുകൊണ്ടു് കുപ്പിയിലെ വെള്ളം കുറെ കുടിച്ചിട്ടു് ബാക്കിയുണ്ടായിരുന്നതു് തന്നെ കൊല്ലാൻ ശ്രമിച്ച ശത്രുവിന്റെ കയ്യിൽ കുപ്പിയോടെ കൊടുത്തു.

ഇതുപോലെതന്നെ ഇംഗ്ലണ്ടിലെ എലിസബെത്ത് രാജ്ഞിയുടെ ഇഷ്ടനും കവിയും ഗായകനും ആയിരുന്ന സർ ഫിലിപ്പ് സിഡ്നി സട്ഫെൻ യുദ്ധത്തിൽ ഒരു ബ്രിട്ടീഷ് സേനാനായകനായി യുദ്ധം ചെയ്തിരുന്നു. യുദ്ധസമയം അദ്ദേഹത്തിന്റെ രണ്ടു കുതിരകൾ വെടികൊണ്ടു വീണു. അദ്ദേഹം മൂന്നാമതൊരു കുതിരപ്പുറത്തുകയറി സൈന്യത്തെ നിയന്ത്രണം ചെയ്തുകൊണ്ടിരിക്കവെ അദ്ദേഹത്തിനുതന്നെ വെടികൊണ്ടു. അപായകരമായ മുറിവേററു് കുതിരപ്പുറത്തു നിന്നു് അദ്ദേഹം വീഴാൻ ഭാവിച്ചപ്പോൾ കുതിര അദ്ദേഹത്തെയുംകൊണ്ടു് യുദ്ധരംഗത്തിൽ നിന്നു് ഒടിക്കളഞ്ഞു.

മുറിവേററു മരിക്കാറായ അദ്ദേഹത്തെ പാളയത്തിൽ കൊണ്ടുവന്നപ്പോൾ ദാഹം സഹിക്കാൻ കഴിയാതെ അദ്ദേഹം വെള്ളം ചോദിച്ചു.

ആരോ വളരെ പ്രയാസപ്പെട്ടു് എവിടെ നിന്നോ ഒരു കുപ്പിയിൽ കുറെ വെള്ളം കൊണ്ടുവന്നു് അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു. അദ്ദേഹം അതു വാങ്ങി കുടിക്കാൻ ഭാവിച്ചപ്പോൾ തന്നെപ്പോലെ മുറിവേററു് ദാഹംകൊണ്ടു് വലഞ്ഞു കിടന്ന ഒരു ഭടൻ ആർത്തിയോടെ ആ കുപ്പിയെതന്നെ സൂക്ഷിച്ചുനോക്കുന്നതു കണ്ടു് സർ ഫിലിപ്പ് സിഡ്നി തന്റെ ദാഹവും വേദനയുമെല്ലാം മറന്നു് വെള്ളം ആ ഭടനു കൊടുത്തു.

സർ ഫിലിപ്പ് സിഡ്നിയുടെ ഗുണങ്ങളെയും പ്രവൃത്തികളെയും പററി അദ്ദേഹത്തിൻെറ ജീവിതചരിത്രം വായിച്ചിട്ടുള്ളവർക്കു മാത്രമേ ഇപ്പോഠം അറിവുള്ളു. എന്നാൽ അദ്ദേഹത്തിൻെറ ഈ മഹൽകൃത്യത്തെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുക്കമാകുന്നു.

---

H.558

# സ്വാമിഭക്തനായ ഇടയയുവാവു്. *

ഇപ്പോൾ കൊച്ചി മുതലായ പ്രദേശങ്ങളിൽ നാം കാണുന്ന യൂദന്മാരുടെ പൂർവ്വികന്മാൎക്ക യിസ്രായേൽ അല്ലെങ്കിൽ യിസ്രായേല്യർ എന്നായിരുന്നു പേരു്. അവർ അധിവസിച്ചിരുന്നതു് പാലസ്റ്റൈൻ എന്ന രാജ്യത്തും അവരുടെ പ്രധാന നഗരം യെരുശലേമും ആയിരുന്നു. ആദ്യകാലങ്ങളിൽ അവൎക്കു് രാജാവുണ്ടായിരുന്നില്ല. അവരെ അക്കാലത്തു് ഭരിച്ചുവന്നതു് സമൎത്ഥന്മാരായ യോദ്ധാക്കളും ദിവ്യന്മാരായ പ്രവാചകന്മാരും ആയിരുന്നു. ദൈവം തങ്ങളെ രക്ഷിച്ചുകൊള്ളും, ദൈവമാകുന്നു തങ്ങളുടെ രാജാവു്, ദൈവത്തിൽ ആശ്രയം വെച്ചുകൊണ്ടു് ദൈവേഷ്ടപ്രകാരം ജീവിക്കുന്നവർ ആരെയും ഭയപ്പെടേണ്ടാ. അതുകൊണ്ടു് ലൌകികരാജാക്കന്മാർ തങ്ങൾക്കാവശ്യം ഇല്ല എന്നായിരുന്നു പ്രവാചകന്മാർ പഠിപ്പിച്ചതും ജനങ്ങൾ വിശ്വസിച്ചതും.

ഏലി എന്നൊരു പ്രവാചകൻ യിസ്രായേല്യരെ

---

* ദാവീദ് രാജാവിന്റെ അഭിഷേകംവരെയുള്ള ഈ ചരിത്രം ക്രിസ്തീയ വേദപുസ്തകത്തിന്റെ ചരിത്രഭാഗത്തുനിന്നു് എടുത്തിട്ടുള്ളതാകുന്നു. ഇതിലെ പല വാചകങ്ങളും അതിൽ നിന്നു് ഉദ്ധരിച്ചിട്ടുള്ളവയാണു്. എല്ലാം വായനക്കാൎക്കും സുഗ്രാഹ്യമാക്കുന്നതിനു ചില വാക്കുകളല്ലാതെ വാചകരീതി ഭേദപ്പെടുത്തീട്ടില്ല. രാജാവു്, പ്രവാചകൻ മുതലായവരെ സംബന്ധിച്ച് "അവൻ" എന്നു പറയുന്നതും അവരെ "നീ" എന്നു സംബോധനം ചെയ്യുന്നതും ചിലൎക്കു രുചിക്കയില്ലായിരിക്കും. അങ്ങനെയുള്ള പ്രയോഗത്തിന്നു് അനുകൂലമായും പ്രതികൂലമായും വാദങ്ങൾ ഉണ്ടാകും.

ഭരിച്ചിരുന്നപ്പോൾ അയൽരാജ്യക്കാരായ ഫെലിസ്ത്യർ അവരോട്ട് യുദ്ധംചെയ്ത് അവരെ കഠിനമായി തോല്പിച്ചു. ജനം ഇങ്ങനെ തോററുപോയി എന്നു് കേട്ടപ്പോൾ ഏലി താനിരുന്ന ആസനത്തിൽ നിന്നു് മറിഞ്ഞുവീണു് കഴുത്തൊടിഞ്ഞു് മരിച്ചുപോയി.

ഏലിക്കശേഷം യിസ്രായേല്യരുടെ ന്യായപാലകൻ ആയതു് ശമൂവേൽ ആയിരുന്നു. യിസ്രായേല്യക്കു് തോൽവി പററിയതു് അവർ അവരുടെ ഹൃദയത്തെ സത്യദൈവത്തിൽ നിന്നകററി ദൈവകല്പനകളെ അനുസരിക്കാതെ ദുഷ്ടത പ്രവൎത്തിക്കയും തങ്ങളുടെ അയൽരാജ്യക്കാർ ആരാധിച്ചുവന്ന മിത്ഥ്യാമൂൎത്തികളെ സേവിക്കയും ചെയ്കകൊണ്ടാണെന്നു് ശമൂവേൽ പ്രവാചകൻ അവരെ ബോധ്യപ്പെടുത്തുകയും അവർ മാനസാന്തരപ്പെട്ടു് ദൈവത്തിൽതന്നെ ആശ്രയിക്കയും ചെയ്തു. പിന്നീടുണ്ടായ യുദ്ധത്തിൽ അവർ ജയം പ്രാപിച്ചു് ഫെലിസ്ത്യർ പിടിച്ചടക്കിയ പ്രദേശങ്ങളെല്ലാം വീണ്ടെടുത്തു.

ശമൂവേൽ വൃദ്ധനായപ്പോൾ അവൻ തൻെറ പുത്രന്മാരെ യിസ്രായേലിന്നു് ന്യായാധിപന്മാരാക്കി. അവർ ശമൂവേലിനെപ്പോലെയുള്ളവരല്ലായിരുന്നു. അവർ ദുരാഗ്രഹികളായി, കൈക്കൂലിവാങ്ങി ന്യായം മറിച്ചുകളഞ്ഞു. ഇതുനിമിത്തം ജനങ്ങൾ ക്ഷോഭിച്ചു് സകല ജാതികൾക്കുമുള്ളതുപോലെ തങ്ങൾക്കും ഒരു രാജാവിനെ വാഴിച്ചുകൊടുക്കണമെന്നു് ശമൂവേലിനോടപേക്ഷിച്ചു. അവരുടെ അപേക്ഷ അവരുടെ ഹൃദയം പിന്നെയും ദൈവത്തോടകന്നുപോകുന്നു എന്നുള്ളതിൻെറ ഒരു ലക്ഷ്യമായി ശമൂവേലിന്നു് തോന്നുകയാൽ അവന്നതു അനിഷ്ടമായി. അവൻ അവരോടിങ്ങനെ പറഞ്ഞു:—

"നിങ്ങളെ വാഴുവാനിരിക്കുന്ന രാജാവിന്റെ ന്യായം ഇതായിരിക്കും:—അവൻ നിങ്ങളുടെപുത്രന്മാരെ തന്നിക്കു തേരാളികളും കുതിരച്ചേവകരും ആക്കും; അവന്റെ രഥങ്ങൾക്കുമുമ്പെ അവർ ഓടേണ്ടിയും വരും. അവൻ അവരെ ആയിരത്തിന്നും അമ്പതിന്നും അധിപന്മാരാക്കും; തന്റെ നിലം കൃഷിചെയ്യാനും തന്റെ വിളകൊയ്യാനും തന്റെ പടക്കോപ്പും തേർക്കോപ്പും ഉണ്ടാക്കുവാനും അവരെ നിയമിക്കും. അവൻ നിങ്ങളുടെ പുത്രിമാരെ തൈലക്കാരികളും പാചകക്കാരികളും, പരിചാരികളും ആയിട്ടു് എടുക്കും. അവൻ നിങ്ങളുടെ വിശേഷമായ നിലങ്ങളും മുന്തിരിത്തോട്ടങ്ങളും ഒലിവുതോട്ടങ്ങളും എടുത്തു് തന്റെ ഭൃത്യന്മാൎക്കു കൊടുക്കും. അവൻ നിങ്ങളുടെ വിളവുകളിലും മുന്തിരിത്തോട്ടങ്ങളിലും ദശാംശം എടുത്തു് തന്റെ ഷണ്ഡന്മാൎക്കും ഭൃത്യന്മാൎക്കും കൊടുക്കും. അവൻ നിങ്ങളുടെ ദാസന്മാരെയും ദാസിമാരെയും നിങ്ങളുടെ കോമള യുവാക്കളെയും നിങ്ങളുടെ കഴുതകളെയും പിടിച്ചു് തന്റെ വേലയ്ക്കു് ആക്കും. അവൻ നിങ്ങളുടെ ആടുകളിൽ പത്തിലൊന്നു് എടുക്കും; നിങ്ങൾ അവന്നു് ദാസന്മാരായ്തീരും. നിങ്ങൾ തിരഞ്ഞെടുക്കുന്ന രാജാവിന്റെ നിമിത്തം നിങ്ങൾ അന്നു് നിലവിളിക്കും; എന്നാൽ ദൈവം അന്നു് ഉത്തരമരുളുകയില്ല."

എന്നാൽ ശമൂവേലിന്റെ വാക്കു് കൈക്കൊൾവാൻ ജനത്തിന്നു് മനസ്സില്ലാതെ, "അല്ല, ഞങ്ങൾക്കു് ഒരു രാജാവു വേണം. മററു സകല ജാതികളെയും പോലെ ഞങ്ങളും ആകേണ്ടതിന്നു് ഞങ്ങളുടെ രാജാവു് ഞങ്ങളെ ഭരിക്കയും ഞങ്ങൾക്കു നായകനായി പുറപ്പെടുകയും ഞങ്ങളുടെ യുദ്ധങ്ങളെ നടത്തുകയും വേണം" എന്നു് അവർ പറഞ്ഞു.

ശമൂവേൽ ജനങ്ങളുടെ അഭീഷ്ടപ്രകാരം അവക്കൊരുരാജാവിനെ തിരഞ്ഞെടുക്കുന്നതിന്നായി യിസ്രായേല്യഗോത്രങ്ങളെ എല്ലാം വിളിച്ചുകൂട്ടി, ആദ്യം ഗോത്രങ്ങളുടെ പേരെഴുതി ചീട്ടിട്ടു. ചീട്ടു് ബെന്യാമിൻ ഗോത്രത്തിന്നു വീണു. പിന്നെ ആ ഗോത്രത്തിലെ കുടുംബങ്ങളുടെ പേരെഴുതി ചീട്ടിട്ടു. ചീട്ടു് കീശ് എന്നൊരുവൻെറ കുടുംബത്തിന്നു വീണു. പിന്നെ ചീട്ടിട്ടതു് അവൻെറ മകനായ ശൌലിന്നുവീണു. ശൌൽ സുന്ദരനും ജനമദ്ധ്യേ നിന്നപ്പോൾ ജനത്തിൽ എല്ലാവരെക്കാളും തോൾമുതൽ പൊക്കമേറിയവനും ആയിരുന്നു. അവനെ കണ്ടപ്പോൾ ജനമെല്ലാം "രാജാവേ, ജയ, ജയ" എന്നാർത്തു. ശമൂവേൽപ്രവാചകൻ അവനെ രാജാവായി അഭിഷേകം ചെയ്കയും ചെയ്തു.

ശൌൽ ദൈവഭയത്തിലും നീതിബോധത്തോടും തൻെറ ഭരണം ആരംഭിച്ചു. അക്കാലത്തു് ഫെലിസ്ത്യർ ഏദോമ്യർ എന്നിങ്ങനെ ചുററുമുള്ള ജാതികളോടു് യുദ്ധങ്ങൾ ഉണ്ടായതിലൊക്കയും അവൻ വിജയംപ്രാപിക്കയും ചെയ്തു. എന്നാൽ അവൻെറ ഭക്തിയും സൽസ്വഭാവവും ഏറെക്കാലം നിലനിന്നില്ല. അവൻ ദൈവകല്പനകളെ അനുസരിക്കാത്തവനായിതീൎന്നു. ശമൂവേലിൻെറ പ്രബോധനങ്ങളും നിഷ്ഫലമായിപ്പോയി. ശമൂവേൽ അവസാനമായി അവനോടു് "നീ ദൈവത്തിൻെറ വചനത്തെ തള്ളിക്കളഞ്ഞിരിക്കുന്നതുകൊണ്ടു് ദൈവം നിന്നെയും രാജസ്ഥാനത്തുനിന്നു് തള്ളിക്കളഞ്ഞിരിക്കുന്നു" എന്നു പറഞ്ഞിട്ടു് അവനെ വിട്ടുപിരിഞ്ഞുപോയി.

അനന്തരം ശൌൽ മനോവ്യാകുലത്താൽ ചിത്തവിഭ്രമംപിടിച്ചു് അസ്വസ്ഥനായി കാലം കഴിച്ചുകൂട്ടിത്തുടങ്ങി. അപ്പോൾ അവൻെറ ഭൃത്യന്മാർ അവനോടി

ങ്ങനെ പറഞ്ഞു:—"കിന്നരവായനയിൽ നിപുണനായ ഒരുത്തനെ അന്വേഷിച്ചുകൊണ്ടുവരാൻ തിരുമനസ്സു കൊണ്ടു് അടിയങ്ങൾക്കു് കല്പനതരണം. എന്നാൽ തിരുമേനിക്കു് മനഃപീഡ ഉണ്ടാകുമ്പോൾ അവൻ കിന്നരം വയിക്കയും തിരുമേനി സ്വാസ്ഥത പ്രാപിക്കയും ചെയ്യും."

രാജാവു് അനുവാദംകൊടുത്തു.

ബെത്ത്ലേഹെം നഗരത്തിൽ യിശ്ശായി എന്നൊരുവൻ ഉണ്ടായിരുന്നു. അവൻെറ മൂത്തപുത്രന്മാർ ശൌലിൻെറ സൈന്യത്തിൽചേൎന്നു് യുദ്ധത്തിനുപോയിരിക്കയായിരുന്നു. ഇളയമകനായ ദാവീദു് യിശ്ശായിയുടെ ആട്ടുകളെമേച്ചുകൊണ്ടു് ബെത്ത്ലേഹെമിൽതന്നെ പാൎത്തിരുന്നു. കിന്നരവായനയിൽ നിപുണനും കോമളനും വാക്ചാതുൎയ്യമുള്ളവനും ആയിരുന്ന അവനെ ശൌലിൻെറ ഭൃത്യന്മാർ തിരഞ്ഞെടുത്തു് അവൻെറ അടുക്കൽ കൊണ്ടുചെന്നു. രാജാവിന്നു് അവനോടു് വളരെ സ്നേഹമായി, അവനെ തൻെറ കിന്നരവായനക്കാരനും ആയുധവാഹകനും ആയി നിയമിച്ചു. രാജാവിന്നു് ചിത്തവിഭ്രമം പിടിക്കുമ്പോൾ ദാവീദു് കിന്നരമെടുത്തു വായിക്കും; രാജാവിന്നു് ആശ്വാസവും സുഖവും ഉണ്ടായി, അവൻെറ ചിത്തവിഭ്രമവും അവനെ വിട്ടുമാറും. ദാവീദു് ഇങ്ങനെ ശൌലിൻെറ കിന്നരവായനക്കാരനും ആയുധവാഹകനുമായി തീൎന്നെങ്കിലും തൻെറ പിതാവിൻെറ ആട്ടുകളെ മേയ്ക്കുന്നതിന്നു് ബെത്ത്ലേഹെമിൽ പോയിവരിക പതിവായിരുന്നു.

ഇങ്ങനെ കുറെ നാളുകൾ കഴിഞ്ഞപ്പോൾ ഫെലിസ്ത്യർ യിസ്രായേല്യരുടെ ദേശം ആക്രമിച്ചു. ഇരുപക്ഷത്തെയും സൈന്യങ്ങൾ ഒരു താഴ്വരയുടെ ഇരുകരകളിലു

മായി യുദ്ധത്തിന്നു് അണിനിരന്നു. അപ്പോൾ ഫെലിസ്ത്യസൈന്യത്തിൽനിന്നു് ഗൊല്യാത്ത്എന്നൊരു മല്ലൻ പുറപ്പെട്ടു മുമ്പോട്ടുവന്നു. താമ്രശിരസ്ത്രവും താമ്രകവചവും താമ്രകാൽചട്ടയും താമ്രവേലും ധരിച്ചുവന്ന ആ രാക്ഷസതുല്യനായ മല്ലനെ കണ്ടപ്പോൾതന്നെ ശൌലും അവൻെറ യോദ്ധാക്കളും ഭയവിഹ്വലരായി. ഗൊല്യാത്ത് യിസ്രായേൽ നിരകളെ വെല്ലുവിളിച്ചു് ഇങ്ങനെ പറഞ്ഞു:—"നിങ്ങൾവന്നു് പടയ്ക്കു് അണിനിരന്നിരിക്കുന്നതെന്തിനു്? നിങ്ങൾ ഒരുത്തനെ തിരഞ്ഞെടുത്തുകൊൾവിൻ. അവൻ എൻെറ അടുക്കൽ ഇറങ്ങിവരട്ടെ. അവൻ എന്നോടു് അങ്കംപൊരുതു എന്നെ കൊല്ലാൻ പ്രാപ്തനായാൽ ഞങ്ങൾനിങ്ങൾക്കു് അടിമകൾ ആകാം; ഞാൻ അവനെ ജയിച്ചുകൊന്നാൽ നിങ്ങൾ ഞങ്ങൾക്കു അടിമകാളായി ഞങ്ങളെ സേവിക്കണം." യിസ്രായേൽ സൈന്യം അവൻെറ വാക്കുകൾ കേട്ടപ്പോൾ ഇതികർത്തവ്യതാമൂഢരായി അമ്പരന്നുനിന്നുപോയി. ആ ഭയങ്കര മല്ലനോടെതിർക്കുവാൻ ആക്കും ധൈര്യമുണ്ടായില്ല.

കുറേദിവസം ഗൊല്യാത്തിങ്ങനെ രാവിലെ രാവിലെ അവൻെറ സൈന്യത്തെവിട്ടു മുമ്പോട്ടു വന്നു് വെല്ലുവിളിക്കയും യിസ്രായെൽ സൈന്യത്തിൽനിന്നു് ആരും അവനോടു് അങ്കംപൊരുതുവാൻ ചെല്ലായ്കയാൽ അവരെ അപഹസിച്ചുകൊണ്ടു് മടങ്ങി പോകയും ചെയ്യുവന്നു.

ഈ സമയം ശൌൽ തൻെറ സൈന്യത്തോടുകൂടെയും ദാവീദു് വൃദ്ധനായ തൻെറ പിതാവിനോടുകൂടെ ബെത്ത്ലെഹെമിലും ആയിരുന്നു. യിശ്ശായി ദാവീദിനെ വിളിച്ചു് തൻെറ മൂത്തപുത്രന്മാരുടെ ക്ഷേമം അറിഞ്ഞുവരുന്നതിനായും അവക്കു കുറെ അപ്പവും അവരുടെ സഹസ്രാധിപന്നു് കുറെ പാൽക്കട്ടയും കൊണ്ടുപോയി കൊട്ടു

ക്കുന്നതിന്നായും യുദ്ധസ്ഥലത്തെയ്ക്കു പറഞ്ഞയച്ചു. ദാവീദ് ചെന്നു് സഹോദരന്മാരോട്ടു് സംസാരിച്ചു നില്ക്കുമ്പോ ളായിരുന്നു ഗൊല്യാത്തിന്റെ അന്നത്തെ പുറപ്പാട്ടും വെല്ലു വിളിയും. യിസ്രായേൽ ഭടന്മാരിൽ ഒരുവൻ ദാവീദി നോട്ടു് "അവനെ കണ്ടുവോ? അവൻ നമ്മെയും നമ്മുടെ ദൈവത്തെയും നിന്ദിപ്പാൻ വന്നിരിക്കുന്നു. അവനെ കൊല്ലുന്നവനെ രാജാവു് മഹാസമ്പന്നനാക്കുകയും തന്റെ മകളെ അവന്നു് ഭാൎയ്യയായി കൊടുക്കുകയും അവ ന്റെ കുടുംബത്തിന്നു് യിസ്രായേലിൽ കരമൊഴിവു് കല്പി ച്ചുകൊടുക്കുകയും ചെയ്യും" എന്നു പറഞ്ഞു.

ദാവീദിന്റെ ശൌൎയ്യവും കോപവും ഇളകി "ജീവ നുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ ഇവൻ ആരു്?" എന്നു ചോദിച്ചു. ദാവീദിന്റെ വാക്കുകൾ പരസ്യമായപ്പോൾ ശൌലിന്നും അറിവുകിട്ടി, അവൻ ദാവീദിനെ വിളിച്ചുവരുത്തി.

ദാവീദ്:—ഇവന്റെ നിമിത്തം ആരും ഭയപ്പെടേ ണ്ടാ. അടിയൻചെന്നു് ഈ ഫെലിസ്ത്യനോട്ടു് അങ്കം പൊരുതും.

ശൌൽ:—ഈ ഫെലിസ്ത്യനോട്ടു് അങ്കം പൊരുതു വാൻ നിനക്കു പ്രാപ്തിയില്ല. നീ ബാലൻ അത്രേ. അവനോ, ബാല്യം മുതൽ യോദ്ധാവാകുന്നു.

ദാവീദ്:—അടിയൻ ആടുകളെ മേയിച്ചുകൊ ണ്ടിരിക്കുമ്പോൾ ഒരിക്കൽ ഒരു സിംഹം വന്നു് കൂട്ട ത്തിൽനിന്നു് ഒരാട്ടിൻകുട്ടിയെ പിടിച്ചു. ഞാൻ പിന്തു ടൎന്നു് അതിനെ അടിച്ചു് അതിന്റെ വായിൽനിന്നു് ആട്ടിൻകുട്ടിയെ വിടുവിച്ചു. അതു് എന്റെ നേരെ വന്ന

പ്പോൾ ഞാൻ അതിനെ താടിക്കുപിടിച്ചു് അടിച്ചു കൊന്നു. ഒരു കരടിയെയും ഞാൻ ഇങ്ങനെ കൊന്നു. ഈ നീചനായ ഫെലിസ്ത്യൻ ജീവനുള്ള ദൈവത്തിന്റെ സൈന്യത്തെ നിന്ദിച്ചിരിക്കകൊണ്ടു അവനും അവയിൽ ഒന്നിനെപ്പോലെ ആകും. സിംഹത്തിന്റെ കയ്യിൽ നിന്നും കരടിയുടെ കയ്യിൽനിന്നും എന്നെ രക്ഷിച്ച ദൈവം ഈ ഫെലിസ്ത്യന്റെ കയ്യിൽനിന്നും എന്നെ രക്ഷിക്കും.

ശൌൽ:—ചെറുക്ക, ദൈവം നിന്നോടുകൂടെ ഇരിക്കും.

SREE KRISHNA VILASOM GRANDHASALA ... RUM

പിന്നെ ശൌൽ തന്റെ പടയങ്കി ദാവീദിനെ ധരിപ്പിച്ചു് അവന്റെ തലയിൽ താമ്രശിരസ്ത്രം വച്ചു, തന്റെ കവചവും വാളുംകൂടെ അവനു കൊടുത്തു. പടയങ്കിമേൽ വാളുംകെട്ടി ദാവീദു് നടക്കാൻ നോക്കി. എന്നാൽ അവൻ അങ്ങനെ ശീലിച്ചിട്ടില്ലായിരുന്നു. ദാവീദു് ശൌലിനോടു് "ഞാൻ ശീലിച്ചിട്ടില്ലായ്കയാൽ ഇവ ധരിച്ചുംകൊണ്ടു് നടക്കാൻ എനിക്കു കഴിയുന്നില്ല" എന്നു പറഞ്ഞു് അവയെ ഊരി വച്ചുകളഞ്ഞു.

പിന്നെ ദാവീദു് തോട്ടിൽനിന്നു് മിനുസമുള്ള അഞ്ചു കല്ലും തിരഞ്ഞെടുത്തു് കയ്യിൽ ഇടയന്റെ കവിണയും വടിയുമായി ഗൊല്യാത്തിന്റെ നേരെ താഴ്വരയിലേക്കു് ഇറങ്ങിച്ചെന്നു. കോമളരൂപനും തന്റെ ദൃഷ്ടിയിൽ കേവലം ബാലനുമായ ദാവീദു് തന്നോടു പൊരുതുവാൻ ഇറങ്ങിച്ചെല്ലുന്നതു കണ്ടു് ഗൊല്യാത്തു് അവനോടു് ഏററവും പുച്ഛമായി "ഇങ്ങോട്ടുവാ, ഞാൻ ഇന്നു നിന്റെ മാംസം ആകാശത്തിലെ പക്ഷികൾക്കും കാട്ടിലെ മൃഗങ്ങൾക്കും ഇരയാക്കുന്നുണ്ടു്." എന്നു പറഞ്ഞു് അവനെ ഭയപ്പെടുത്തുവാൻ നോക്കി. എന്നാൽ ദാവീദു്

അവന്റെ ഭീഷണിയൊന്നും വകവയ്ക്കാതെ "ദൈവം വാൾകൊണ്ടും കുന്തംകൊണ്ടുമല്ല രക്ഷിക്കുന്നതു്. യുദ്ധം ദൈവത്തിന്നുള്ളതു്. അവൻ നിങ്ങളെ ഞങ്ങളുടെ കയ്യിൽ ഏല്പിച്ചുതരും" എന്നുപറഞ്ഞു.

പിന്നെ ഗൊല്യാത്തു് ദാവീദിനോടു് എതിർക്കാൻ നേരിട്ടടുത്തപ്പോൾ ദാവീദു് അവന്റെ നേരെ ഓടിച്ചെന്നു്, താൻ തോട്ടിൽനിന്നു തിരഞ്ഞെടുത്ത കല്ലുകളിൽ ഒന്നെടുത്തു് കവിണയിൽവെച്ചു വീശി ഗൊല്യാത്തിന്റെ നെററിക്കെറിഞ്ഞു. കല്ലു് അവന്റെ നെററിയിൽതന്നെ കൊണ്ടു പതിഞ്ഞു് ഗൊല്യാത്തു് കവിണ്ണു വീണു. തൽക്ഷണം ദാവീദു് ഓടിച്ചെന്നു് അവന്റെ പുറത്തു കയറി നിന്നു് ശത്രുവിന്റെ വാൾതന്നെ ഉറയിൽ നിന്നൂരിയെടുത്തു് അവന്റെ തലവെട്ടിക്കളഞ്ഞു. തങ്ങളുടെ ആശ്രയമായിരുന്ന മല്ലൻ ഇങ്ങനെ മരിച്ചുപോയതു് കണ്ടപ്പോൾ ഫെലിസ്ത്യർ ഓടിപ്പോകയും യിസ്രായേല്യർ ആർത്തുകൊണ്ടു് അവരെ പിന്തുടൎന്നു് അവരിൽ അനേകായിരം പേരെ സംഹരിക്കയും ചെയ്തു. ദാവീദു് ഗൊല്യാത്തിന്റെ തലയും അവന്റെ ആയുധവർഗ്ഗവും എടുത്തു് യിസ്രായേല്യരുടെ പാളയത്തിൽ കൊണ്ടുവന്നു.

ഈ വലിയ വിജയം നിമിത്തം ശൌൽ സന്തോഷിച്ചു് ദാവീദിനെ യിസ്രായേല്യസേനകളുടെ മേധാവിയായി നിയമിച്ചു. ശൌലിന്റെ പുത്രനായ യോനാഥാന്റെ മനസ്സ് ദാവീദിനോടു് പററിച്ചേൎന്നു; അവൻ അവനെ സ്വന്ത പ്രാണനെപ്പോലെ സ്നേഹിച്ചു. അവൻ തന്റെ വിശേഷപ്പെട്ട മേലങ്കി ഊരി, അതും തന്റെ വാളും വില്ലും അരക്കച്ചയും അവന്നു് സമ്മാനിക്കയും ചെയ്തു.

ഫെലിസ്ത്യരെ ഇങ്ങനെ കഠിനമായി തോല്പിച്ചോടിച്ച ശേഷം ശൌലും ദാവീദും യിസ്രായേല്യസൈന്യവും യെരുശലേമിലേക്ക് മടങ്ങി വരുമ്പോൾ യിസ്രായേൽ പട്ടണങ്ങളിലുള്ള സ്ത്രീകൾ പാടിയും നൃത്തം ചെയ്തും കൊണ്ടു് തപ്പും തംബുരുവുമായി അവരെ എതിരേററു ചെന്നു.

"ശൌൽ ആയിരത്തെ കൊന്നു
ദാവീദോ പതിനായിരത്തെ"

എന്നായിരുന്നു അവർ വാദ്യഘോഷസമേതം ഗാനപ്രതിഗാനമായി പാടിയതു്.

സ്ത്രീകളുടെ ഈ പാട്ടു് ശൌലിന്നു് അനിഷ്ടമായി. "അവർ ദാവീദിന്നു് പതിനായിരം കൊടുത്തു, എനിക്കു് ആയിരം മാത്രമേ തന്നുള്ളൂ. ഇനി രാജത്വമല്ലാതെ അവന്നു കിട്ടുവാൻ എന്തുള്ളൂ" എന്നു് അവൻ പറഞ്ഞു. ആ സമയംമുതൽ അവന്നു് ദാവീദിനോടു് അസൂയയുമായി.

അവർ യെരുശലേമിൽ എത്തിയതിൻെറ പിറെറന്നാൾ ശൌലിന്നു് തന്നെ ബാധിച്ചിരുന്ന ചിത്തവിഭ്രമം ഉണ്ടായി. അവനെ ആശ്വസിപ്പിക്കുന്നതിന്നു് ദാവീദു് പതിവുപോലെ അവൻെറ മുമ്പാകെ കിന്നരം വായിച്ചുകൊണ്ടുമിരുന്നു. അപ്പോൾ ശൌൽ ദാവീദിനെ ചുവരോടു ചേർത്തു കുത്തുവാൻ വിചാരിച്ചുകൊണ്ടു് തൻെറ കയ്യിൽ ഉണ്ടായിരുന്ന കുന്തം അവൻെറ നേരെ ചാട്ടി; എന്നാൽ ദാവീദു് മാറിക്കളഞ്ഞു. ദൈവം ദാവീദിന്നു് അനുകൂലമായതിനാലാണു് അവൻ കുന്തമേല്ക്കാതെ രക്ഷപ്പെട്ടതെന്നു വിചാരിച്ചതിനാൽ ശൌലിന്നു് അവനെ ഭയവുമായി. അതുനിമിത്തം അവൻ യുദ്ധങ്ങൾ നടത്ത

യാൽമതി എന്നുപറഞ്ഞു അവനെ തന്റെ അടുക്കൽനിന്നു മാററി. അവൻ യുദ്ധത്തിൽ നിഹതനായി പോകട്ടെ എന്നായിരുന്നു ശൌലിന്റെ താല്പൎയ്യം. ശൌൽ തന്റെ പ്രതിജ്ഞപ്രകാരം തന്റെ മൂത്തപുത്രിയെ ഗൊല്യാത്തിനെ കൊന്ന ദാവീദിന്നു് കൊടുക്കാതെ വേറൊരുവന്നു് വിവാഹംചെയ്തു കൊടുക്കുകയുംചെയ്തു.

ശൌലിന്നു് മീഖൾ എന്നു പേരായി വേറൊരു പുത്രി ഉണ്ടായിരുന്നു. അവളും ദാവീദും അന്യോന്യം അനുരാഗം ഉള്ളവരായിരുന്നു. ശൌൽ ഇതറിഞ്ഞപ്പോൾ സന്തോഷിച്ചു. അവളെ ദാവീദിന്നൊരു കണിയാക്കാമെന്നായിരുന്നു ശൌലിന്റെ വിചാരം. ദാവീദിന്നു് മീഖളിനെ ഭാൎയ്യയായി കൊടുക്കുന്നകാൎയ്യം തനിക്കിഷ്ടമാണെന്നു് ശൌൽ തന്റെ ഭൃത്യന്മാർ മുഖാന്തരം അവനെ അറിയിച്ചു. ദാവീദു് അവരോടു "രാജാവിന്റെ ജാമാതാവാകുന്നതു് അല്പകാൎയ്യം എന്നു് നിങ്ങൾക്കു തോന്നുന്നുവോ? ഞാൻ ദരിദ്രനും എളിയവനും ആകുന്നുവല്ലോ" എന്നുപറഞ്ഞു. ദാവീദിന്റെ ദാരിദ്ര്യത്തിന്നു് പ്രതിശാന്തിയായി ശൌൽ പിന്നെയും "നൂറു ഫെലിസ്ത്യരെക്കൊന്നു് അതിന്റെ ലക്ഷ്യം അല്ലാതെ യാതൊരു സ്ത്രീധനവും താൻ ആഗ്രഹിക്കുന്നില്ലെന്നു്" ആ ഭൃത്യന്മാർ മുഖാന്തരം ദാവീദിനെ അറിയിച്ചു. ഫെലിസ്ത്യരുടെ കയ്യാൽ അവനെ വീഴുമാറാക്കണം എന്നായിരുന്നു ശൌലിന്റെ ഉദ്ദേശം. എന്നാൽ ആ ഉദ്ദേശം സാധിച്ചില്ല. ദാവീദും അവന്റെ ആളുകളും പുറപ്പെട്ടുചെന്നു് ഫെലിസ്ത്യരിൽ ഇരുനൂറുപേരെ കൊന്നു് അതിനുള്ള ലക്ഷ്യംകൊണ്ടുവന്നു് രാജാവിന്നു് കൊടുത്തു. ശൌൽ ഗത്യന്തരമില്ലാതെ മീഖളിനെ ദാവീദിന്നു കൊടുത്തു. എന്നാൽ ദൈവം ദാവീദിന്നു് അനുകൂലമാണെന്നും മീഖളിന്നു് അവനോടു് സ്നേഹമാണെന്നും ഗ്രഹിച്ചിട്ടു് ശൌൽ ദാവീദിനെ കൂടുതലായി

ഭയപ്പെട്ടു. ശൌൽ ദാവീദിൻെറ പരമശത്രുവായി. ദാവീദോ യിസ്രായേല്യരുടെ ശത്രുക്കളായ ഫെലിസ്ത്യരുടെ ആക്രമണങ്ങളെയെല്ലാം തട്ടുത്തു് അവരെ രക്ഷിച്ചതിനാൽ വിശ്രുതനായും യിസ്രായേല്യരുടെ പ്രേമഭാജനമായും തീൎന്നു.

അനന്തരം ശൌൽ തൻെറ പുത്രനായ യോനാഥാനോടും തൻെറ സകല ഭൃത്യന്മാരോടും ദാവീദിനെ കൊല്ലണമെന്നു കല്പിച്ചു. എന്നാൽ യോനാഥാൻ ദാവീദിൻെറ ഉററമിത്രം ആയിരുന്നല്ലോ. അവൻ ശൌലിൻെറ കല്പന ദാവീദിനെ അറിയിക്കയും അവനുവേണ്ടി ശൌലിനോടു പ്രതിവാദിച്ചു അവൻെറ നിൎണ്ണയം എന്താണെന്നറിയുന്നതുവരെ ഒരു ഗൂഢസ്ഥലത്തു ഒളിച്ചുപാൎക്കാൻ ഉപദേശിക്കയും ചെയ്തു. പിന്നെ യോനാഥാൻ ശൌലിൻെറ അടുക്കൽചെന്നു് അവനോടിങ്ങനെ പറഞ്ഞു.

"രാജാവു് തൻെറ ഭൃത്യനായ ദാവീദിനോടു് ദോഷം ചെയ്യരുതേ; അവൻ നിന്നോടു ദോഷം ചെയ്തിട്ടില്ല; അവൻെറ പ്രവൃത്തികൾ നിനക്കു് ഏററവും ഗുണകരമായിരുന്നതേയുള്ളു. അവൻ തൻെറ ജീവനെ ഉപേക്ഷിച്ചുംകൊണ്ടല്ലോ ആ ഫെലിസ്ത്യനെ സംഹരിക്കയും അങ്ങനെ അവൻമുഖാന്തരം ദൈവം യിസ്രായേലിന്നു് വലിയൊരു രക്ഷവരുത്തുകയും ചെയ്തതു്; നീ അതുകൊണ്ടു സന്തോഷിച്ചു. ആകയാൽ നീ വെറുതെ ദാവീദിനെക്കൊന്നു് കുററമില്ലാത്ത രക്തംചൊരിഞ്ഞു് പാപം ചെയ്യുന്നതു എന്തിന്നു്?"

യോനാഥാൻെറ വാക്കുകേട്ടു് "ദൈവത്താണെ അവനെ കൊല്ലുകയില്ല" എന്നു ശൌൽ സത്യംചെയ്തു.

പിന്നെ യോനാഥാൻ ദാവീദിനെ വിളിച്ചു് കാൎയ്യമെ
ല്ലാം അറിയിച്ചു. യോനാഥാൻ ദാവീദിനെ ശൌലി
ൻെറ അടുക്കൽ കൊണ്ടുചെന്നു; അവൻ മുമ്പിലത്തെപ്പോ
ലെ അവൻെറ സന്നിധിയിൽ നില്ക്കയും ചെയ്തു.

പിന്നെയും ഒരുദിവസം ശൌലിന്നു് ചിത്തഭ്രമം
ഉണ്ടായിട്ടു് ദാവീദു് അവൻെറമുമ്പിൽ കിന്നരം വായിച്ചു
കൊണ്ടിരുന്നു. അപ്പോൾ ശൌൽ ദാവീദിനെ കുന്തം
കൊണ്ടു ചുവരോടു ചേൎത്തു കുത്തുവാൻ നോക്കി. അവ
നോ ശൌലിൻെറ മുമ്പിൽനിന്നു മാറിക്കളഞ്ഞു. കുന്തം
ചുവരിൽ തറച്ചു. ദാവീദു് രാത്രിയിൽതന്നെ ഓടിപ്പോ
യി രക്ഷപ്പെട്ടു. ദാവീദിനെ കാത്തുനിന്നു രാവിലെ കൊ
ന്നുകളയേണ്ടതിന്നു് ശൌൽ അവൻെറ വീട്ടിലേക്കു ദൂത
ന്മാരെ അയച്ചു. അവൻെറ ഭാൎയ്യയായ മീഖൾ അവ
നോടു് “ഈ രാത്രിയിൽ നിൻെറ ജീവനെ രക്ഷിച്ചുകൊ
ണ്ടില്ലെങ്കിൽ നാളെ നിന്നെ കൊന്നുപോകും.” എന്നുപ
റഞ്ഞു. പിന്നെ അവൾ അവനെ കിളിവാതിലിൽകൂടി
ഇറക്കിവിട്ടു; അവൻ ഓടിപ്പോയിരക്ഷപ്പെട്ടു. മീഖൾ ഒരു
ബിംബം എടുത്തു് കട്ടിലിന്മേൽ കിടത്തി, അതിൻെറ
തലെക്കു് കോലാട്ടുരോമംകൊണ്ടുള്ള മൂടിയും ഇട്ടു് ഒരു
വസ്ത്രംകൊണ്ടു പുതപ്പിച്ചു. ദാവീദിനെ പിടിക്കാൻ ശൌ
ലിൻെറ ദൂതന്മാർ ചെന്നപ്പോൾ അവൻ ദീനമായി കിട
ക്കുന്നു എന്നു് അവൾ പറഞ്ഞു. എന്നാറെ ശൌൽ:
“ഞാൻ അവനെ കൊല്ലേണ്ടതിന്നു് അവനെ കിടക്ക
യോടെ എടുത്തു എൻെറ അടുക്കൽ കൊണ്ടുവരുവിൻ”
എന്നു കല്പിച്ചു. ദൂതന്മാർ വീണ്ടും ചെന്നപ്പോൾ കട്ടി
ലിന്മേൽ ഒരു ബിംബം തലെക്കു് കോലാട്ടു രോമം
കൊണ്ടുള്ള ഒരു മൂടിയുമായി കിടക്കുന്നതു് കണ്ടു. ശൌൽ
മീഖളിനെ വരുത്തി അവളോടു് “നീ ഇങ്ങനെ എന്നെ
ചതിക്കയും എൻെറ ശത്രു ചാടിപ്പോകുവാൻ അവനെ

വിട്ടയയ്ക്കുകയും ചെയ്തതു് എന്തു്?" എന്നു ചോദിച്ചു. "എന്നെ വിട്ടയക്ക. അല്ലെങ്കിൽ ഞാൻ നിന്നെ കൊല്ലും എന്നു് അവൻ എന്നോടു പറഞ്ഞു" എന്നു് അവൾ മറുപടി പറഞ്ഞു. ശൌലോ കോപിച്ചു് മീഖളിനെ പിടിച്ചു് ഫൽത്തി എന്നൊരുവൻെറ ഭാൎയ്യയാക്കി.

ദാവീദു് ഓടിപ്പോയി, രാമയിൽ ശമൂവേലിൻെറ അടുക്കൽചെന്നു് ശൌൽ തന്നോടു ചെയ്തതൊക്കെയും അവനെ അറിയിച്ചു. പിന്നെ അവർ ഇരുവരുംകൂടെ നയ്യോത്തു് എന്ന സ്ഥലത്തു് പോയിപാൎത്തു. ദാവീദു് അവിടെയുണ്ടെന്നറിഞ്ഞു് ശൌൽ അവനെ പിടിച്ചുകൊണ്ടുവരുവാൻ ഭടന്മാരെ അയച്ചു. യോനാഥാൻ ദാവീദിന്നുവേണ്ടി പിന്നെയും ശൌലിനോടു് പ്രതിവാദം ചെയ്തു. ശൌൽ "വക്രതയും ദുശ്ശാഠ്യവും ഉള്ളവളുടെ മകനേ, നീ യിശ്ശായിയുടെ മകനോടുകൂടിയിരിക്കുന്നു എന്നു് എനിക്കു് അറിഞ്ഞുകൂടയൊ? അവൻ ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്തോളമിക്കലും നീയും നിൻെറ രാജത്വവും ഉറയ്ക്കുകയില്ല. അവൻ മരണയോഗ്യനാകുന്നു" എന്നുപറഞ്ഞു. അവൻ മരണയോഗ്യമായതു് എന്തു ചെയ്തു എന്നു് യോനാഥാൻ ചോദിച്ചപ്പോൾ ശൌൽ കോപിച്ചു് അവനെ കൊല്ലുവാൻ അവൻെറ നേരെ കുന്തംചാട്ടി. യോനാഥാൻ തെററിയൊഴിഞ്ഞു് ഇറങ്ങിപ്പോയി, ശൌൽ ദാവീദിനെ കൊല്ലുവാൻ നിൎണ്ണയിച്ചിരിക്കുന്നു എന്നു് അവനു് അറിവുകൊടുത്തു. ദാവീദു് തൻെറ അനുചരന്മാരോടുകൂടെ നയ്യോത്തിൽ നിന്നു് ഓടിപ്പോയി നോബിൽ പുരോഹിതനായ അഹിമേലക്കിൻെറ അടുക്കൽചെന്നു് അവനോടു് തനിക്കും കൂടെയുള്ളവൎക്കും ഭക്ഷണവും അവിടത്തെ ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന ഗൊല്യാത്തിൻെറ വാളും മേടിച്ചുകൊണ്ടു് അവിടെനിന്നു പോയി അദുല്ലാം ഗുഹയിൽ

പാൎത്തു. ഇവിടെ അവൻെറ സഹോദരന്മാരും ചാൎച്ച ക്കാരും പല കാരണങ്ങളാൽ ഞെരുക്കവും ബുദ്ധിമുട്ടും ഉള്ള മററനേകരും അവനോടുകൂടെ ചേൎന്നു. ഇങ്ങനെ ദാവീദിന്നു് അനുചരന്മാരായി ഏകദേശം നാന്നൂറാളു കൾ ഉണ്ടാകയും അവൻ അവരുടെ തലവനായി തീരുക യും ചെയ്തു.

ശൌൽ ദാവീദിനെ പിടിക്കാൻ നയ്യോത്തിലേക്ക യച്ച ഭടന്മാൎക്കു് അവനെ പിടികിട്ടായ്കയാൽ, ശൌൽ തന്നെ അവനെ പിടിക്കാൻ പുറപ്പെട്ടു. ശൌൽ ഇങ്ങ നെ തൻെറ ഭടന്മാരോടുകൂടെ അവനെ തിരഞ്ഞുനടക്കു മ്പോൾ അവൻ നോബിൽ ചെന്നവിവരവും അഹി മേലക്കു് അവന്നു് ഭക്ഷണവും വാളും കൊടുത്തതും അറിഞ്ഞു് അഹിമേലക്കിനെയും അവൻെറ കൂടെയുള്ള പുരോഹിതന്മാരെയും കൊല്ലിക്കുകയും നോബ് നഗര ത്തെ നശിപ്പിക്കയും ചെയ്തു. ഇതുകേട്ടപ്പോൾ ദാവീദി ന്നു് അത്യന്തം വ്യസനമായി.

ഈ സമയം ഫെലിസ്ത്യർ യിസ്രായേല്യൎക്കുള്ള കെയീല പട്ടണത്തെ ആക്രമിച്ചതായി അറിഞ്ഞു് ദാവീദും അവൻെറ ആളുകളും അവിടെച്ചെന്നു് ഫെലിസ്ത്യരെ തോല്പിച്ചോടിച്ചിട്ടു് അവിടെ പാൎത്തു. ശൌൽ അവ നെ പിന്തുടൎന്നു് അവിടെ എത്തി. ദാവീദും അവൻെറ ആളുകളും അവിടംവിട്ടു പുറപ്പെട്ടു് വനങ്ങളിൽ കൂടി സഞ്ചരിച്ചു് ഏൻഗെദി മരുഭൂമിയിലെ ഒരു ഗുഹയിൽ ചെന്നു പാൎത്തു. ശൌലും അവൻെറ ഭടന്മാരും അവിടെ യും എത്തി. എന്നാൽ ദാവീദും അവൻെറ സ്നേഹിത ന്മാരും ആ ഗുഹയ്ക്കുള്ളിൽ ഉള്ളകാൎയ്യം അറിയാതെ ശൌൽ വിശ്രമിക്കുന്നതിന്നായി അതിൽകയറി ഇരുന്നു. ശൌലിൻെറ ഭടന്മാർ പുറത്തും ഇരുന്നാശ്വസിച്ചു.

ശൌൽ അവിടെ വിശ്രമിക്കുമ്പോൾ ദാവീദിന്റെ ആളുകൾ അവനോട്ടു് "ദൈവം നിന്റെ ശത്രുവിനെ നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു. നിനക്കു ബോധിച്ചതുപോലെ അവനോട്ടു് ചെയ്യാം" എന്നുപറഞ്ഞു. ദാവീദു് എഴുന്നേററു് ശൌലിന്റെ വസ്ത്രാഗ്രം മുറിച്ചെടുത്തതല്ലാതെ അവനെ ദ്രോഹിക്കയോ ദ്രോഹിക്കാൻ തന്റെ ആളുകളെ സമ്മതിക്കയോ ചെയ്തില്ല.

ശൌൽ ഗുഹയിൽ നിന്നിറങ്ങി തന്റെ വഴിക്കു പോയി. ദാവീദും ഗുഹയിൽ നിന്നു പുറത്തിറങ്ങി ശൌലിനോട്ടു് "എന്റെ യജമാനനായ രാജാവേ" എന്നു വിളിച്ചുപറഞ്ഞു. ശൌൽ തിരിഞ്ഞുനോക്കിയപ്പോൾ ദാവീദു് സാഷ്ടാംഗംവീണു നമസ്കരിച്ചു. പിന്നെ അവനോടിങ്ങനെ പറഞ്ഞു:—

"യജമാനനായ രാജാവേ, ദാവീദു് നിനക്കു ദോഷം വിചാരിക്കുന്നു എന്നു പറയുന്നവരുടെ വാക്കു് നീ കേൾക്കുന്നതു് എന്തു്? ദൈവം ഇന്നു് ഗുഹയിൽ വച്ചു് നിന്നെ എന്റെ കയ്യിൽ ഏല്പിച്ചിരുന്നു എന്നു് നിന്റെ കണ്ണാലെ കാണുന്നുവല്ലൊ; നിന്നെക്കൊല്ലുവാൻ ചിലർ പറഞ്ഞെങ്കിലും ഞാൻ ചെയ്തില്ല. "എന്റെ യജമാനന്റെ നേരെ ഞാൻ കയ്യെടുക്കയില്ല. അവൻ ദൈവത്തിന്റെ അഭിഷിക്തനല്ലോ" എന്നു ഞാൻ പറഞ്ഞു; എന്റെ പിതാവേ, കാൺക, എന്റെ കയ്യിൽ നിന്റെ മേലങ്കിയുടെ അററം ഇതാ കാൺക. നിന്റെ മേലങ്കിയുടെ അററം ഞാൻ മുറിച്ചെടുക്കയും നിന്നെ കൊല്ലാതിരിക്കയും ചെയ്തതിനാൽ എന്റെ കയ്യിൽ ദോഷവും ദ്രോഹവും ഇല്ല. ഞാൻ നിന്നോട്ടു് പാപം ചെയ്തിട്ടുമില്ല എന്നു കണ്ടറിഞ്ഞുകൊൾക. നീയൊ എനിക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നു.

ദൈവം എനിക്കും നിനക്കും മദ്ധ്യേ ന്യായം വിധിക്കട്ടെ; ദൈവം എനിക്കുവേണ്ടി നിന്നോടു് പ്രതികാരംചെയ്യട്ടെ. എന്നാൽ എൻെറ കൈ നിൻെറ മേൽ വീഴുകയില്ല. ആരെത്തേടിയാകുന്നു യിസ്രായേൽരാജാവു് പുറപ്പെട്ടിരിക്കുന്നതു്? ഒരു ചത്ത നായെ, ഒരു ചെള്ളിനെ, അല്ലയോ? ആകയാൽ ദൈവം ന്യായാധിപനായി എനിക്കും നിനക്കുംമദ്ധ്യേ ന്യായം വിധിക്കയും എൻെറ കാൎയ്യംനോക്കി വ്യവഹരിച്ചു് എന്നെ നിൻെറ കയ്യിൽ നിന്നു് വിടുവിക്കയും ചെയ്യുമാറാകട്ടെ."

ശൌൽ "എൻെറ മകനേ, ദാവീദേ, ഇതു നിൻെറ ശബ്ദമോ" എന്നു ചോദിച്ചു പൊട്ടിക്കരഞ്ഞു. പിന്നെ അവൻ ദാവീദിനോടു് ഇപ്രകാരം പറഞ്ഞു:—"നീ എന്നെക്കാൾ നീതിമാൻ; ഞാൻ നിനക്കു തിന്മചെയ്തതിന്നു് നീ എനിക്കു നന്മ പകരം ചെയ്തിരിക്കുന്നു. ദൈവം എന്നെ നിൻെറ കയ്യിൽ ഏല്പിച്ചാറെയും നീ എന്നെ കൊല്ലാതെ വിട്ടതിനാൽ നീ എനിക്കു് ഗുണംചെയ്തതായി ഇന്നു കാണിച്ചിരിക്കുന്നു. ശത്രുവിനെ കണ്ടുകിട്ടിയാൽ ആരെങ്കിലും അവനെ വെറുതെ വിട്ടയയ്ക്കുമോ? നീ ഇന്നു് എനിക്കു ചെയ്തതിന്നു് ദൈവം നിനക്കു് നന്മ പകരം ചെയ്യട്ടെ. എന്നാൽ നീ രാജാവാകും; യിസ്രായേൽരാജത്വം നിൻെറ കയ്യിൽ സ്ഥിരമാകും, എന്നു ഞാൻ അറിയുന്നു. ആകയാൽ നീ എൻെറശേഷം എൻെറ സന്തതിയെ നിർമ്മൂലമാക്കി എൻെറ പേർ എൻെറ പിതൃഭവനത്തിൽനിന്നു മായിച്ചുകളകയില്ല എന്നു് ദൈവത്തിൻെറ നാമത്തിൽ ഇപ്പോൾ എന്നോടു സത്യം ചെയ്യേണം." അങ്ങനെ ദാവീദു് ശൌലിനോടു് സത്യം ചെയ്തു. പിന്നെ ശൌൽ തൻെറ അരമനയിലേക്കു് മടങ്ങിപ്പോയി. ദാവീദും അവൻെറ ആളുകളും മരുഭൂമിയിൽ തന്നെ പാൎത്തു.

ശൌലിന്റെ അനുതാപം സ്ഥിരമല്ലായിരുന്നു. അവന്റെ വൈരവും ഭീതിയും വൎദ്ധിച്ചു തന്നെ വന്നു. അങ്ങനെയിരിക്കെ സീഫിലെ ചില ആളുകൾ ശൌലിന്റെ പ്രീതി സമ്പാദിക്കാനായി അവന്റെ അടുക്കൽവന്നു്, ദാവീദു് മരുഭൂമിക്കു തെക്കുള്ള ഹഖീലാക്കുന്നിൽ ഒളിച്ചു പാൎക്കുന്നു എന്നറിയിച്ചു. ഉടനെ തന്നെ ശൌൽ താൻ പ്രത്യേകമായി തിരഞ്ഞെടുത്ത മൂവായിരം ഭടന്മാരോടുകൂടെ ദാവീദിനെ തിരയുവാൻ സീഫു് മരുഭൂമിയിലേക്കു് പുറപ്പെട്ടു് ഹഖീലാക്കുന്നിൽ പെരുവഴിക്കരികെ പാളയമടിച്ചു കിടന്നു. ദാവീദു് ചാരന്മാർ മുഖാന്തരം വിവരമറിഞ്ഞു രാത്രിയിൽ ശൌൽ പാളയമടിച്ച സ്ഥലത്തു ചെന്നു് ശൌൽ കിടക്കുന്ന സ്ഥലം മനസ്സിലാക്കി. പിന്നെ അവനും അവന്റെ സ്നേഹിതൻ അബിശായിയും കൂടെ പാളയത്തിൽ ചെന്നു. ശൌൽ കിടന്നുറങ്ങുകയായിരുന്നു. അവന്റെ കുന്തം അവന്റെ തലയ്ക്കൽ നിലത്തു തറച്ചിരുന്നു അടുത്തുതന്നെ അവന്റെ ജലപാത്രവും വച്ചിരുന്നു. അവന്റെ പ്രധാന സേനാനായകനായ അബ്നേർ അവന്റെ സമീപത്തും പടജ്ജനം അവന്റെ ചുറ്റും കിടന്നിരുന്നു. അബീശായി ദാവീദിനോടു് "ദൈവം നിന്റെ ശത്രുവിനെ ഇന്നു് നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു. ഞാൻ അവനെ കുന്തംകൊണ്ടു് നിലത്തോടുചേൎത്തു് ഒരു കുത്തായിട്ടു കുത്തട്ടെ; രണ്ടാമതു് കുത്തുകയില്ല" എന്നുപറഞ്ഞു.

H-558

ദാവീദു്:—അവനെ നശിപ്പിക്കരുതേ. ദൈവം അവനെ സംഹരിക്കും; അല്ലെങ്കിൽ അവൻ മരിക്കാനുള്ള ദിവസം വരും; അല്ലെങ്കിൽ അവൻ പടയ്ക്കുചെന്നു് നശിക്കും. ഞാൻ അവന്റെ മേൽ കൈവെക്കാൻ ദൈവം സംഗതി വരുത്തരുതേ. എങ്കിലും അവന്റെ തലയ്ക്കൽ

ഉള്ള കുന്തവും ജലപാത്രവും എടുത്തുകൊൾക. നമുക്ക പോകാം."

ഇങ്ങനെ അവർ ശൌലിൻെറ തലയ്ക്കൽ നിന്നു് കുന്തവും ജലപാത്രവും എടുത്തുകൊണ്ടു പോയി. ആരും കണ്ടില്ല, ആരും അറിഞ്ഞില്ല; ആരും ഉണൎന്നില്ല. അവർ എല്ലാവരും ഗാഢനിദ്രയിൽ കിടക്കയായിരുന്നു.

ദാവീദ് അപ്പുറം കടന്നുചെന്നു് ദൂരത്തു് ഒരു മലമുകളിൽ നിന്നു. അവൎക്കമദ്ധ്യേ മതിയായ അകലം ഉണ്ടായിരുന്നു. അവിടെ നിന്നുകൊണ്ടു് ദാവീദ് "അബ്നേരേ നീ ഉത്തരം പറയുന്നില്ലയോ" എന്നു വിളിച്ചു പറഞ്ഞു.

അബ്നേർ (ഉണൎന്നു് :—രാജസന്നിധിയിൽ കൂകുന്ന നീ ആർ?

ദാവീദ്:—നീ ഒരു പുരുഷൻ അല്ലയോ? യിസ്രായേലിൽ നിനക്ക തുല്യൻ ആരുള്ളു? അങ്ങനെയിരിക്കെ, നിൻെറ യജമാനനായ രാജാവിനെ നീ കാത്തുകൊള്ളാതിരുന്നതു് എന്തു്? നിൻെറ യജമാനനായ രാജാവിനെ നശിപ്പിക്കാൻ ജനത്തിലൊരുവൻ അവിടെ വന്നിരുന്നുവല്ലോ. നീ ചെയ്തതു് നന്നായില്ല. നിങ്ങളുടെ യജമാനനായ രാജാവിനെ കാത്തുകൊള്ളാതിരിക്കയാൽ നിങ്ങൾ മരണയോഗ്യർ ആകുന്നു. രാജാവിൻെറ കുന്തവും അവൻെറ തലയ്ക്കൽ ഇരുന്ന ജലപാത്രവും എവിടെ എന്നു നോക്കുക.

ശൌൽ (ഉണൎന്നു് ദാവീദിൻെറ ശബ്ദം തിരിച്ചറിഞ്ഞു്):—എൻെറ മകനേ, ദാവീദേ, ഇതു നിൻെറ ശബ്ദമോ?

ദാവീദ്:—എൻെറ ശബ്ദം തന്നെ, യജമാനനായ രാജാവേ. യജമാനൻ ഇങ്ങനെ അടിയനെത്തേടി നട

ക്കുന്നതു് എന്തിന്നു്? അടിയൻ എന്തുചെയ്തു? അടിയന്റെ പക്കൽ എന്തു ദോഷമുള്ളു? ആകയാൽ യജമാനനായ രാജാവു് അടിയന്റെ വാക്കു് കേൾക്കേണമേ. എന്റെ രക്തം ദൈവത്തിന്റെ മുമ്പാകെ നിലത്തുവീഴരുതേ. ഒരുത്തൻ പർവ്വതങ്ങളിൽ ഒരു കാട്ടുകോഴിയെ തേടുന്നതുപോലെ യിസ്രായേൽ രാജാവു് ഒരു ഒററച്ചെള്ളിനെ തിരഞ്ഞു പുറപ്പെട്ടിരിക്കുന്നുവല്ലോ.

ശൌൽ:—ഞാൻ പാപം ചെയ്തിരിക്കുന്നു. എന്റെ മകനേ, ദാവീദേ, മടങ്ങിവരിക. എന്റെ ജീവൻ ഇന്നു് നിനക്കു വിലയേറിയതായി തോന്നിയതുകൊണ്ടു് ഞാൻ ഇനി നിനക്കു ദോഷം ചെയ്കയില്ല. ഞാൻ ഭോഷത്വം പ്രവർത്തിച്ചു് അത്യന്തം തെററിപ്പോയിരിക്കുന്നു.

ദാവീദു്:—രാജാവേ, കുന്തം ഇതാ; ബാല്യക്കാരിൽ ഒരുത്തൻ വന്നു കൊണ്ടുപോകട്ടെ. ദൈവം ഓരോരുത്തന്നു് അവനവന്റെ നീതിക്കും വിശ്വസ്തതയ്ക്കും ഒത്തവണ്ണം പകരം നൽകട്ടെ. ദൈവം ഇന്നു് നിന്നെ എന്റെ കയ്യിൽ ഏല്പിച്ചു. എങ്കിലും നിന്റെ മേൽ കൈ വെക്കാൻ എനിക്കു മനസ്സായില്ല. എന്നാൽ നിന്റെ ജീവൻ ഇന്നു് എനിക്കു വിലയേറിയതായിരുന്നതുപോലെ എന്റെ ജീവൻ ദൈവത്തിന്നു വിലയേറിയതായിരിക്കട്ടെ. ദൈവം എന്നെ സകല കഷ്ടതയിൽ നിന്നും രക്ഷിക്കുമാറാകട്ടെ.

ശൌൽ:—എന്റെ മകനേ, ദാവീദേ, നീ അനുഗ്രഹിക്കപ്പെട്ടവൻ, നീ കൃതാർത്ഥനാകും; നീ ജയം പ്രാപിക്കും.

പിന്നെ ദാവീദു് തന്റെ വഴിക്കു പോയി. ശൌൽ തന്റെ സ്ഥലത്തേക്കും മടങ്ങിപ്പോയി.

അനന്തരം ദാവീദ് "ഞാൻ ഒരു ദിവസം ശൌലിൻെറ കയ്യാൽ നശിക്കേയുള്ളൂ. ഫെലിസ്ത്യരുടെ ദേശത്തിലേക്ക് ഓടിപ്പോകയല്ലാതെ എനിക്കു വേറെ നിവൃത്തിയില്ല. ശൌൽ അപ്പോൾ യിസ്രായേൽദേശത്തൊക്കെയും എന്നെ അന്വേഷിക്കുന്നതു മതിയാക്കും. അങ്ങനെ ഞാൻ അവൻെറ കയ്യിൽ നിന്നു ഒഴിഞ്ഞുപോകും" എന്നു മനസ്സിൽ നിശ്ചയിച്ചുകൊണ്ടു യിസ്രായേൽദേശം വിട്ടു ഗത്തു രാജാവായ ആഖീശിൻെറ അടുക്കൽ ചെന്നു അഭയം യാചിച്ചു. ആഖീശ് രാജാവു അവന്നു സിക്ലാഗ് പട്ടണം കൊടുക്കയും അവൻ അവൻെറ ആളുകളോടു കൂടെ അവിടെപ്പോയി പാർക്കയും ചെയ്തു. ദാവീദ് ഗത്തിലേക്ക് ഓടിപ്പോയി എന്നു അറിഞ്ഞശേഷം ശൌൽ അവനെ അന്വേഷിച്ചില്ല.

ദാവീദ് സിക്ലാഗിൽ ഒരാണ്ടും നാലുമാസവും പാർത്തു. ആ കാലത്തു ഫെലിസ്ത്യർ യിസ്രായേല്യരോടു യുദ്ധം ചെയ്വാൻ പിന്നെയും സേനകളെ കൂട്ടി പുറപ്പെട്ടുചെന്നു. യിസ്രായേല്യർ ശൌലിൻെറയും അവൻെറ പുത്രന്മാരുടെയും നായകത്വത്തിൻകീഴിൽ അവരോടെതിർത്തു യുദ്ധം ചെയ്തു. യിസ്രായേല്യർ പരാജിതരായി ഓടി ഗിൽബോവപർവ്വതത്തിൽ നിഹതന്മാരായി വീണു. ശൌലിൻെറ പുത്രന്മാരെല്ലാവരും കൊല്ലപ്പെട്ടു. ശൌൽ വില്ലാളികളാൽ ഏററവും വിഷമത്തിലായി. അവൻ ഫെലിസ്ത്യർ, തന്നെ കൊന്നു അപമാനിക്കാതിരിക്കേണ്ടതിന്നു വാളൂരി തന്നെ, കൊന്നുകളവാൻ തൻെറ ആയുധവാഹകനോടു കല്പിച്ചു. ആയുധവാഹകൻ ഭയം നിമിത്തം അങ്ങനെ ചെയ്തില്ല. അതുകൊണ്ടു ശൌൽ തൻെറ വാൾ നിലത്തു കുത്തിനിറുത്തി അതിന്മേൽ വീണുമരിച്ചു. അവൻെറ ആയുധവാഹകനും അങ്ങനെ വാളിന്മേൽ വീണു അവനോടുകൂടെ ആത്മഹത്യ ചെയ്തു. ഫെലി

സ്ത്ര്യർ വന്നു് അവൻെറ തല വെട്ടി എടുത്തുകൊണ്ടുപോകയും ചെയ്തു.

ശൌലും യോനാഥാനും മരിച്ചുപോയി എന്നു് കേട്ടപ്പോൾ ദാവീദു് ഏററവും ദുഃഖിക്കയും അവരെപ്പററി അതികരുണമായ ഒരു വിലാപഗീതം രചിച്ചു് ആ ഗീതം യിസ്രായേല്യരെ അഭ്യസിപ്പിക്കാൻ കല്പിക്കയും ചെയ്തു.

അനന്തരം ദാവീദും അവൻെറ ആളുകളും സിക്ലാഗിൽ നിന്നു് യിസ്രായേല്യരുടെ ഹെബ്രോനിലേക്കു വന്നു് അവിടെ പാർത്തു. അവിടെ വച്ചു് യിസ്രായേല്യർ അവനെ തങ്ങളുടെ രാജാവായി അഭിഷേകവും ചെയ്തു. ശൌലിൻെറ പക്ഷക്കാർ കുറേക്കാലം മത്സരിച്ചുനിന്നു എങ്കിലും കാലക്രമേണ അവരും ദാവീദിനെ രാജാവായി സ്വീകരിച്ചു.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# കയ്യൊടിഞ്ഞ കന്യക.

ഉദ്ദേശം അഞ്ചു ശതവർഷങ്ങൾക്കു മുമ്പു്, സ്കോട്ടു് ലണ്ടിലെ രാജാവായിരുന്ന ജെയിംസ് ഒന്നാമൻ, നീതിമാനും തൻെറ പ്രജകൾ ക്ഷേമമായിരിക്കണമെന്നു് ആകാംക്ഷയുള്ളവനും ആയിരുന്നു. അദ്ദേഹം രാജാവായപ്പോൾ അവിടത്തെ പ്രഭുക്കന്മാരുടെ അഴിമതികൾക്കു് കയ്യുംകണക്കുമില്ലായിരുന്നു. അവരുടെ അഴിമതികൾ ഇല്ലാതാക്കി, സാധാരണജനങ്ങളെ രക്ഷിക്കുന്നതിന്നു് അദ്ദേഹം ചില പ്രഭുക്കന്മാരെ കഠിനമായി ശിക്ഷിക്കുന്നതിനിടയായി.

രാജാവിൻെറ ഈ നടപടികൾ നീതിയും ന്യായവും ഇല്ലാത്ത പ്രഭുക്കന്മാൎക്കു് അനിഷ്ടമായിരുന്നു എന്നു് പറയേണ്ടതില്ലല്ലോ. ഇങ്ങനെ സർ റോബട്ട് ഗ്രാഹാമിൻെറ നേതൃത്വത്തിൽ ചില പ്രഭുക്കന്മാർ കൂടി ഒരു കൂട്ടുകെട്ടുണ്ടാക്കി രാജാവിനെ കൊല്ലാൻ നിശ്ചയിച്ചു.

ശീതകാലത്തൊരിക്കൽ ഒരുത്സവം കൊണ്ടാടുന്നതിനും പ്രജകളുടെ ക്ഷേമത്തെപ്പററി അന്വേഷിക്കുന്നതിന്നുമായി രാജ്ഞിയോടും അവരുടെ സഖിമാരോടും കൂടെ രാജാവു് പെൎത്തു് നഗരത്തിൽ എഴുന്നെള്ളി. രാജാവും രാജ്ഞിയും സഖിമാരും അവിടത്തെ പള്ളിയോടു ചേൎന്ന മഠത്തിലും അനുചരന്മാർ നഗരത്തിൽ അവിടവിടെയുമായിട്ടായിരുന്നു താമസിച്ചതു്. രാജാവിനെ അരക്ഷിതനായി പിടിക്കുന്നതിന്നു് പ്രഭുക്കന്മാൎക്കു് ഇതൊരു നല്ല തക്കമായിരുന്നു. അവർ ആദ്യമായി മഠത്തിലെ ചില ഭൃത്യന്മാരെ കൈക്കൂലികൊടുത്തു് സ്വാധീനപ്പെടുത്തി മഠത്തിൻെറ വാതിലുകൾ ബന്ധിക്കുന്ന സാക്ഷകളെല്ലാം

ഇളക്കി നീക്കം ചെയ്തു. ഒരു ദിവസം രാത്രിനായപ്പോൾ സേവകന്മാരും അനുചരന്മാരും അവരവരുടെ വാസസ്ഥലങ്ങളിലേക്ക പോയശേഷം രാജാവു് നിരായുധനായി രാജ്ഞിയോടും സഖിമാരോടും സൈ്വരസല്ലാപം ചെയ്തു കൊണ്ടിരിക്കുമ്പോൾ പുറത്തു് ആയുധങ്ങളുടെ കിലുകില ശബ്ദം കേട്ടു. രാജാവിന്നു് ശത്രുക്കളാണു് വന്നിരിക്കുന്നതെന്നു് മനസ്സിലായി. അവരോടെതിക്കുവാൻ ആയുധങ്ങളോ സഹായത്തിന്നാളുകളോ ഉണ്ടായിരുന്നില്ല.

രാജാവിരുന്ന മുറിയിൽ ഒരു അറ ഉണ്ടായിരുന്നു. അദ്ദേഹം അതിൻെറ മൂടിപ്പലകകൾ ഇളക്കി അതിലിറങ്ങി ഒളിച്ചു. രാജ്ഞിയുടെ സഖിമാർ പലകകൾ പഴയ പോലെ വച്ചു് അറ മൂട്ടകയും ചെയ്തു. ഉടനെതന്നെ ശത്രുക്കൾ പ്രവേശിച്ചു് മുറിയെല്ലാം പരിശോധിച്ചിട്ടു് രാജാവിനെക്കാണാതെ ഇറങ്ങിപ്പോയി.

അവർ പോയശേഷം ആപത്തൊഴിഞ്ഞു എന്നു വിചാരിച്ചു്, രാജാവിനെ അറയിൽ നിന്നു കയററുന്നതിന്നായി സ്ത്രീകൾ വീണ്ടും പലകകൾ ഇളക്കി. അപ്പോഴേക്കു് മറത്തിൻെറ മുററത്തു് ആയുധങ്ങളുടെ കിലുകില ശബ്ദം വീണ്ടും കേട്ടു. അവിടെ ഒരു അറയുണ്ടെന്നുള്ള തോന്നു് അതു പരിശോധിക്കാനായി ശത്രുക്കൾ മടങ്ങി വന്നതായിരുന്നു വീണ്ടും ശബ്ദം കേട്ടതിന്നുകാരണം. പലകകൾ മുമ്പിലത്തെ പ്രകാരം വീണ്ടും വെക്കുന്നതിനു മുമ്പായി ശത്രുക്കൾ വന്നുകഴിഞ്ഞു.

രാജ്ഞിയുടെ സഖിമാരിൽ കാതറൈൻഡഗ്ലസ് എന്നു പേരായ ഒരു കന്യക വാതിലിന്നു സാക്ഷയിടുന്നതിന്നായി ഓടിച്ചെന്നപ്പോൾ സാക്ഷയിടുന്ന ഇരുമ്പു വളയങ്ങളല്ലാതെ സാക്ഷ കണ്ടില്ല. അവളോ ആ വള

യങ്ങളിൽ കൂടെ കൈ ഇട്ടു വാതിൽ ബന്ധിച്ചുകൊണ്ടു് "മാന്യന്മാരേ, വാതിൽ പൊളിച്ചു കയറരുതേ. മുറിയിൽ സ്ത്രീകളേയുള്ളു. അവർ ശയനത്തിനു പോകാൻ വസ്ത്രങ്ങൾ മാററുകയാണു്. കയറരുതേ" എന്നു വിളിച്ചുപറഞ്ഞു. എന്നാൽ അതൊന്നും ആ ഘാതകന്മാർ വകവെക്കാതെ വാതിൽ ബലത്തോടെ തള്ളി. ഒരു യുവതിയുടെ കൈ മല്ലന്മാരുടെ ബലത്തോടു പ്രബലപ്പെടുമോ? അവളുടെ കൈ ഒടിഞ്ഞുപോയി. ഇങ്ങനെ ആ ദുഷ്ടന്മാർ മുറിയിൽ പ്രവേശിച്ചു് അറയുടെ പലകകൾ നീക്കി അതിൽ ചാടിയിറങ്ങി രാജാവിനെ നിഷ്ക്കരുണം വധിച്ചു. കാതറൈൻെറ വീരകൃത്യം വിഫലമായില്ലോയെങ്കിലും അവളുടെ രാജഭക്തിയെയും മഹൽകൃത്യത്തെയും അനുമോദിക്കാത്തവർ ഉണ്ടാകുമോ?

# സത്യമായി സ്നേഹിച്ച സഖാക്കൾ.

സിസിലിയിലെ രാജാവായിരുന്ന ദിയോനിസിയസ് ദുഷ്ടനും അതിക്രൂരനും ആയിരുന്നു ആരോടെങ്കിലും അദ്ദേഹത്തിന്നു് അപ്രീതി തോന്നിയാൽ ഉടൻ അവനെ കൊല്ലുകയായി. അപ്രീതിക്കു് പ്രത്യേക കാരണമൊന്നും വേണ്ടതാനും. വേറൊരു രാജാവിനെ വർണ്ണിച്ചിട്ടുള്ളപ്രകാരം "അവൻെറ ഹൃദയം ഗർവ്വിച്ചു് അവൻെറ മനസ്സ് ദുഷ്ടതയ്ക്കു് അധീനമായിപ്പോയി. തനിക്കു് ബോധിച്ചവനെ അവൻ കൊല്ലുകയും ബോധിച്ചവനെ ജീവനോടെ വയ്ക്കുകയും ബോധിച്ചവനെ ഉയർത്തുകയും ബോധിച്ചവനെ താഴ്ത്തുകയും ചെയ്യുവന്നു. സകല വംശങ്ങളും ജാതികളും, ഭാഷക്കാരും അവൻെറ മുമ്പിൽ ഭയപ്പെട്ടു വിറച്ചു."

ഗ്രീസിൽനിന്നു്, സൽഗുണപൂർണ്ണനും മര്യാദക്കാരനുമായ ഫിൻറ്യാസ് എന്നൊരു ശ്രേഷ്ഠൻ ദിയോനിസിയസ് രാജാവിൻെറ തലസ്ഥാനനഗരമായ സൈറാക്യൂസിൽ വന്നു പാർത്തിരുന്നു. ഒരിക്കൽ എന്തോ നിസ്സാര കാരണത്താൽ രാജാവിന്നു് ഫിൻറ്യാസിനോടു് അപ്രീതിയുണ്ടായി അവനെ തൂക്കിക്കൊല്ലുവാൻ വിധിച്ചു. ഈ വിധി കേട്ടപ്പോൾ ഫിൻറ്യാസ് ഗ്രീസിലുള്ള തൻെറ ചാർച്ചക്കാരെ ചെന്നുകണ്ടു് അവരോടു യാത്ര പറഞ്ഞിട്ടുവരാൻ ചില ദിവസങ്ങൾ അനുവദിക്കാൻ ദയവുണ്ടാകണമെന്നു് അപേക്ഷിക്കയും തൻെറ വധത്തിനു നിശ്ചയിച്ച തീയതിക്കുമുമ്പുതന്നെ മടങ്ങി വന്നുകൊള്ളാമെന്നു് പ്രതിജ്ഞ ചെയ്കയും ചെയ്തു. നിഷ്ഠുരനായ രാജാവു് ഫിൻറ്യാസിൻെറ അപേക്ഷ കേട്ടു് പുച്ഛരസത്തിൽ ചിരിച്ചുകൊണ്ടു് ഫിൻറ്യാസ് നിശ്ചിതദിവസം മടങ്ങി വരാതി

രുന്നാൽ അവന്നു പകരം മരിക്കാൻ തയ്യാറുള്ള ഒരാളെ ജാമ്യം കൊടുത്താൽ അവനെ വിട്ടയക്കാമെന്നു കല്പിച്ചു. ഇങ്ങനെയൊരു ജാമ്യക്കാരനെ ലഭിക്കയില്ലെന്നുള്ള നിശ്ചയംകൊണ്ടു് ഫിൻറ്യാസ് ആശാരഹിതനായി തീൎന്നു.

സൈറാക്യൂസിൽ ഫിൻറ്യാസിന്നു് ദാമോൻ എന്നു പേരായ ഒരു മാന്യസ്നേഹിതൻ ഉണ്ടായിരുന്നു. രാജാവിൻെറ കല്പനയെക്കുറിച്ചു കേട്ടപ്പോൾ ദാമോൻ ബദ്ധപ്പെട്ടു രാജസന്നിധിയിൽവന്നു താൻ ഫിൻറ്യാസിന്നു് ജാമ്യം നിന്നുകൊള്ളാമെന്നും നിശ്ചിതസമയത്തിനുമുമ്പു് ഫിൻറ്യാസ് മടങ്ങി എത്താത്തപക്ഷം അവന്നു പകരം അവൻെറ മരണശിക്ഷ താൻ അനുഭവിച്ചുകൊള്ളാമെന്നും രാജാവിനോടുണൎത്തിച്ചു.

സ്നേഹം എന്താണെന്നറിഞ്ഞിട്ടില്ലാത്ത രാജാവിനെ ഇതു നന്നാ രസിപ്പിച്ചു. ഫിൻറ്യാസിനെ ബന്ധനത്തിൽനിന്നു വിമുക്തനാക്കിയാൽ പിന്നവനെ കണ്ണികാണാൻപോലും കഴികയില്ലെന്നു് അറിഞ്ഞുകൂടയോ? ദാമോന്നു് ചിത്തഭ്രമം ഉണ്ടോ? അതോ സമയമാകുമ്പോൾ കരഞ്ഞു നിലവിളിച്ചു് എൻെറ മനസ്സു മാററാമെന്നു വിചാരിക്കുന്നോ? എന്നെല്ലാമായിരുന്നു അദ്ദേഹത്തിൻെറ വിചാരം. ഏതായാലും ദാമോൻെറ മരണം മാത്രമല്ല പശ്ചാത്താപം കൂടെ കണ്ടുരസിക്കാമെന്നു കരുതി അദ്ദേഹം ദാമോനെക്കൊണ്ടു് സമയം വരുമ്പോൾ മാപ്പിന്നപേക്ഷിക്കയോ കരുണയ്ക്കു യാചിക്കയോ ചെയ്കയില്ലെന്നു് സത്യപ്രതിജ്ഞ ചെയ്യിച്ചു. പിന്നെ ഫിൻറ്യാസിനെ വിട്ടയക്കയും അവൻെറ സ്ഥാനത്തു് ദാമോനെ ബന്ധനസ്ഥനാക്കയും ചെയ്തു.

വധത്തിന്നു നിശ്ചയിച്ചദിവസം ആസന്നമായി. ഫിൻറ്യാസ് വന്നെത്തിയില്ല. തൻെറ പ്രതിജ്ഞപ്രകാരം

നിശ്ചിതസമയത്തിന്നു മുമ്പായി കൊലസ്ഥലത്തെത്തുവാൻ ഫിൻറ്യാസിന്നു് അനേകം വിഘ്നങ്ങൾ നേരിട്ടു. അവൻ ഗ്രീസിൽ ചെന്നു ചാർച്ചക്കാരെക്കണ്ടു് യാത്രപറഞ്ഞു തിരികെ പുറപ്പെട്ടപ്പോൾ താൻ കടക്കുവാനുണ്ടായിരുന്ന ഒരു നദിയിലെ പാലം കഠിനമാരി നിമിത്തം പൊളിഞ്ഞുപോയിരുന്നതിനാൽ നീന്തി നദിയുടെ ഇക്കരെ എത്തുവാൻ അവൻ വളരെ വിഷമിച്ചു. ആ വിഘ്നം പ്രയാസപ്പെട്ടു ജയിച്ചു് യാത്ര തുടന്നപ്പോൾ കള്ളന്മാരുടെ ഒരു സംഘം അവനെ പിടിച്ചുവച്ചു. തക്കംനോക്കിയിരുന്നു അവരുടെ കയ്യിൽനിന്നു രക്ഷപ്പെട്ടു് അവൻ സമുദ്രതീരത്തെത്തി സൈറാക്യൂസിലേക്കുള്ള ഒരു കപ്പലിൽ കയറി. അക്കാലത്തു് പായ്ക്കപ്പലുകളേ ഉണ്ടായിരുന്നുള്ളൂ. കാററു് പ്രതികൂലമായതിനാൽ അവൻെറ യാത്രയ്ക്കു് പിന്നെയും വിഘ്നങ്ങൾ ഉണ്ടായി.

തൻെറ ഹൃദയംകൊണ്ടു് മററുള്ളവരുടെ ഹൃദയത്തെ അളന്ന ഡിയോനിസിയസ്സിന്നെ ഫിൻറ്യാസിൻെറ താമസം അശ്ചര്യപ്പെടുത്തിയില്ല. അങ്ങനെയേ സംഭവിക്കു എന്നു് അദ്ദേഹം ആദ്യംതന്നെ തീച്ചയാക്കിയതാണല്ലോ.

വധത്തിനു നിശ്ചയിച്ച തീയതിയുടെ തലേദിവസം ഡാമോൻെറ പശ്ചാത്താപം കണ്ടു രസിക്കാനും അവൻെറ അവിവേകത്തെപ്പററി അവനെ അപഹസിക്കാനുമായി ഡിയോനിസിയസ്<sup></sup>രാജാവു് തൻെറ സേവകന്മാരോടുകൂടെ കാരാഗൃഹം സന്ദർശിച്ചു. എന്നാൽ തൻെറ ആശയ്ക്കും പ്രതീക്ഷയ്ക്കും വിപരീതമായി, ഫിൻറ്യാസിൻെറ താമസം നിമിത്തം അത്യന്തം സന്തോഷിക്കുന്ന ഒരു ഡാമോനെ ആയിരുന്നു അദ്ദേഹം കണ്ടതു്. തന്നെ തൂക്കിക്കൊന്നതിൻെറ ശേഷമേ ഫിൻറ്യാസ് എത്താവൂ എന്നായിരുന്നു ഡാമോൻെറ പ്രാർത്ഥന. 'എന്തെന്നാൽ ഫിൻറ്യാസ്

തിരിച്ചുവരുമെന്നുള്ളതിനെപ്പററി അവന്നു് അശേഷം സംശയം ഉണ്ടായിരുന്നില്ല. തങ്ങളുടെ കുടുംബങ്ങൾക്കും സ്നേഹിതന്മാക്കും രാജ്യത്തിന്നും അമൂല്യമായ അവൻെറ സ്നേഹിതൻെറ ജീവനെ, താൻ മരിച്ചും രക്ഷിക്കണമെന്നായിരുന്നു ഡാമ്മാൻ അഗ്രഹിച്ചതു്.

ഫിൻറ്യാസിൻെറ വധത്തിന്നു നിശ്ചയിച്ച സമയം വന്നപ്പോൾ അവൻെറ ജാമ്യക്കാരനായ ഡാമോനെ കൊലസ്ഥലത്തേക്കു കൊണ്ടുപോയി. അവൻെറ വേദന കണ്ടും വഞ്ചകനായ ഫിൻറ്യാസിനെ അവൻ ശപിക്കുന്നതു കേട്ടും രസിക്കാൻ ഡിയോനിസിയസ്‌രാജാവും പരിവാരസമേതം അവിടെ എഴുന്നെള്ളിയിരുന്നു. അവിടെക്കൂടിയിരുന്നവരോടു് ഡാമോൻ ഇങ്ങനെ പറഞ്ഞു:—

സ്നേഹിതന്മാരേ, ഞാൻ ഏററവും സന്തോഷത്തോടെയാണു് ഇവിടെ വന്നിരിക്കുന്നതു്. ഞാൻ ഫിൻറ്യാസിന്നുവേണ്ടി ജാമ്യം നിന്നതു് അവിവേകമായിപ്പോയി എന്നു ഞാൻ വിചാരിക്കുന്നില്ല. എൻെറ ജീവൻ ആ മഹാൻെറ ജീവനോടു് ഉപമിച്ചാൽ അശേഷം വിലയില്ലാത്തതായി ഞാൻ കരുതുന്നു. അദ്ദേഹം താമസിക്കുന്നതു് ഉപേക്ഷകൊണ്ടോ എന്നെ വഞ്ചിച്ചു് തൻെറ ജീവനെ രക്ഷിക്കണമെന്നു് കരുതീട്ടോ അല്ല. കാററു പ്രതികൂലമായിട്ടു് അദ്ദേഹം യാത്രചെയ്യുന്ന കപ്പൽ താമസിക്കുന്നതാണു്. എന്നാൽ ഇന്നലെമുതൽ കാററു് അനുകൂലമായിരിക്കുന്നു. (വധാധികൃതന്മാരുടെ നേരെ തിരിഞ്ഞു്) അദ്ദേഹം ഇവിടെ എത്തുന്നതിന്നുമുമ്പായി നിങ്ങളുടെ ധമ്മം അനുഷ്ഠിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.''

പെട്ടെന്നു് ദൂരത്തുനിന്നു് "താമസിക്കണമേ, കൊല്ലരുതേ'' എന്നു് ഉച്ചത്തിൽ ഒരു വിളികേട്ടു. അവിടെ

കൂടിയിരുന്ന ജനങ്ങളും ആ വിളി അനുസരിച്ചു് "കൊല്ലരുതേ" എന്നു് അട്ടഹസിച്ചു. ശീഘ്രഗതിനിമിത്തം വിയർത്തൊലിക്കുന്ന ഒരു കുതിരപ്പുറത്തു് ഫിൻറ്യാസ് അവിടെ വന്നിറങ്ങി, ഓടിച്ചെന്നു് "നീ രക്ഷിക്കപ്പെട്ടു, എൻെറ സ്നേഹിതാ ഞാൻ ഭാഗ്യവാൻ, എൻെറ ഹൃദയത്തിനു സമാധാനമായി" എന്നു പറഞ്ഞുകൊണ്ടു് ഡാമോനെ ആലിംഗനം ചെയ്തിട്ടു് പോയി തെയ്യാറാക്കി നിറുത്തിയിരുന്ന കഴുമരത്തിന്മേൽ കയറി. "കഷ്ടമേ, കഷ്ടം! നീ അല്പം താമസിച്ചുപോകണമേ എന്നു് ഞാൻ പ്രാൎത്ഥിക്കയായിരുന്നു" എന്നു് ഡാമോനും പറഞ്ഞു.

ഡിയോനിസിയസ് രാജാവു് ഇതുകണ്ടു് സത്യത്തിൻെറ ശക്തിയും സ്നേഹത്തിൻെറ മാഹാത്മ്യവും ഗ്രഹിച്ചു. ആസനത്തിൽ നിന്നെഴുന്നേററു് "ഉത്തമസ്നേഹിതന്മാരേ, നിങ്ങൾ ദീർഘകാലം ജീവിച്ചിരിക്ക, സത്യസ്നേഹത്തിൻെറ ശക്തിയും മാഹാത്മ്യവും നിങ്ങളെന്നെ ഗ്രഹിപ്പിച്ചതിന്നായി ഞാൻ നിങ്ങൾക്കു നന്ദി പറഞ്ഞുകൊള്ളുന്നു" എന്നു അദ്ദേഹം പറഞ്ഞു.

---

E KRISTINA VI SOM GR NDHASALA
TRIVANDRUM

H 554

F 162/2
78

# മഹൽകൃത്യമഞ്ജരി

ഒന്നാം ഭാഗം

DEPARTMENT OF TRAVANCORE COCHIN STATE

PILO PAUL B. A.

THE KADAVIL PUBLISHING HOUSE,
THYCAUD : : TRIVANDRUM.

[ Price As. 12.

Indic Digital Archive Foundation
gpura.org